License No. 331 dated 15th October 1935.

# THE UNION CHRISTIAN COLLEGE MAGAZINE

ALWAYE
MARCH 1952

## CONTENTS


Page.

1. മേഘദൂതത്തിന്റെ ബീജം—വി. അപ്പുക്കുട്ടമേനോൻ ... 1
2. ജീവചരിത്രസാഹിത്യം—ഇ. വി. രാമൻ നമ്പൂതിരി ... 4
3. താരങ്ങളോട്—പി. ററി ജോർജ്ജ്, കിളിരൂർ ... ... 8
4. “......മുന്നകാലം തരൂ”—ചെമ്മനം ചാക്കോ, പൂർവ്വവിദ്യാർത്ഥി ... 8
5. താജ്‌മഹൽ—ആർ. രാധാകൃഷ്ണൻ നായർ, ക്ലാസ്സ് II ... 9
6. തപൂസ്സരണ—കെ. എം. അബ്ദുൾകരീം ... 11
7. ഞങ്ങൾ പ്രതികാരം ചോദിക്കും—പി. ജി. മാധവൻ, II U. C. ... ... 12
8. വേദനകൾ ശബ്ദിക്കുന്നു—പി. പി. വേലായുധൻ, ക്ലാസ്സ് IV ... 16
9. സഹോദരി—സരോജിനി ...
10. കൊച്ചുപൂവ്—വി. ചാണ്ടപ്പിള്ള കത്താക്കാസ്, മീനടം, ക്ലാസ്സ് I ... 27
11. പ്രപഞ്ചം—കെ. ററി. വറുഗീസ്, ക്ലാസ്സ് IV ... 27
12. സിനിമയെപ്പററി—പി. വി. ജേക്കബ്, ജൂനിയർ ബി. എ. ... 30
13. ആ ഭയങ്കര സമയം—എൻ. ആർ. നായർ, I U. C. ... 33
14. അക്ബാർ—പരീത് എ. കെ., ജൂനിയർ ബി. എ. ... 34
15. സ്ത്രീ—മുഹമ്മദ് മുടച്ചാൽ, ജൂനിയർ ബി. എ. ... 36

---

1. Editorial ... ... ... ... ... 41
2. Bus Travel in Travancore—By K. Jacob, M. A. ... 47
3. Capitalism and Co-operation—By P. C. Kuriakose, Class III ... 57
4. To The Student ... ... ... ... 59
5. Tongue Twisters ... ... ... ... 60
6. College Societies ... ... ... ... 61
7. Examination Results of March-April 1951 ... ... ... 65
8. Prebendary W. E. S. Holland—By Rev. John Beall M. A. ... 65
9. In Memoriam (M. Jacob Varughese) ... ... ... 66


# മേഘദൂതത്തിന്റെ ബീജം

(വി. അപ്പുക്കുട്ടമേനോൻ)

മക്കൾക്ക ഛായാസാമിപ്യം കണ്ടെന്നു കരുതി നാം അത്ഭുതപ്പെടാറില്ല. ബന്ധമില്ലാത്ത രണ്ടു വ്യക്തികൾക്ക സാഹോദര്യസമ്പന്ധമില്ലെന്നപോലെ ആകൃതിക്കും പ്രകൃതിക്കും അടുപ്പം കാണുമ്പോൾ നാം ശ്രദ്ധമായെങ്കിലും അതിനു കാരണമന്വേഷിക്കാറുണ്ട്. വിശ്വകവികളിൽ ഒരാളായ കാളിദാസനാൽ വിരചിതമായ കാവ്യതല്ലജങ്ങൾ തമ്മിൽ പല സ്ഥലത്തും അടുപ്പവും ആശയസാമ്യവും കണ്ടെത്തിയാൽ അതിൽ അതിശയനീയമായി ഒന്നുംതന്നെ തോന്നാനിടയില്ല. എന്നാൽ പൂർവ്വകവികളുടെ ആശയത്തിനോടു അടുപ്പം കണ്ടാൽ അതിനുള്ള കാരണം സഹൃദയർ ആരായേണ്ടതാണ്. മഹാകവി കാളിദാസന്റെ മേഘദൂതത്തിനു പ്രകൃതിയിലും പ്രതിപാദന രീതിയിലും സ്വന്തം കൃതിയായ രഘുവംശ മഹാകാവ്യത്തോടു കുറച്ചു ബന്ധം പലയിടത്തുമായി കാണ്മാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പിതൃപുത്രബന്ധം വെച്ചുകൊണ്ടു അതു പകവെച്ചുകൊടുക്കാതെ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ വിക്രമോർവ്വശീയം നാടകത്തിൽ പോലും കാവ്യസരണിയിൽ ഒരു മേഘസന്ദേശം പാകിപ്പിടിപ്പിക്കുവാനുള്ള പിന്നു സൂക്ഷിച്ചിരുന്നോ എന്നു സംശയിക്കത്തക്ക ഭാഗങ്ങൾ കണ്ടെത്തുവാൻ കഴിയും. അതു വെച്ചുകൊണ്ടു മേഘദൂതം കാളിദാസന്റെ പൂർവ്വകൃതികളിൽ ഒരു ഭാഗമെടുത്തു ഒരു നിരീക്ഷകന്റെ നിലയിൽ ഭൂതക്കണ്ണാടിയുടെ താഴെ വെച്ചു പ്രസ്പഷ്ടവും ഭീമവുമാക്കിക്കാണിക്കുന്ന ഒരു വസ്തുവായി കണക്കാക്കുന്നതു വെറും മൌഢ്യം മാത്രമായിരിക്കും.

രഘുവംശത്തിൽ പതിമൂന്നാം സർഗ്ഗത്തിലെ 'പുഷ്പകയാത്രാവർണ്ണന'മാണ പിന്നീടു മേഘദൂതമായി ഉടലെടുത്തത് എന്ന വാദം എത്രത്തോളം സാധുവാണെന്നു നോക്കേണ്ടതുണ്ട്. ഭാരതഭൂമിയുടെ വിവിധഭാഗങ്ങളേയും വൈശിഷ്ട്യത്തോടുകൂടി രഘുവംശത്തിലും മേഘസന്ദേശത്തിലും ഒരു വിഹഗവീക്ഷണമെന്ന രീതിയിൽ വർണ്ണിച്ചു കാണുന്നുണ്ട്. വിമാനത്തിനും, വായുവേഗത്തിൽ വിയത്താകമാനം വലംവെക്കുന്ന വലാഹകത്തിനും വലിയ സാമ്യമുണ്ട്. അതു സമ്മതിക്കാം. പക്ഷേ രഘുവംശം പതിമൂന്നാം സർഗ്ഗത്തിൽ വൈമാനികനായി വേഷം കെട്ടിയ കവി അന്നു കണ്ട കാഴ്ച വീണ്ടും വർണ്ണിക്കുന്നതിനു മേഘത്തിൽ കയറി ഒച്ചപ്പാടുണ്ടാക്കേണ്ട കാരണം കാണുന്നില്ല. 'രഘുവംശ'ത്തിനു ശേഷമാണോ മേഘസന്ദേശത്തിന്റെ 'കൈക്കുററപ്പാടു'ണ്ടായതെന്ന കാര്യംതന്നെ ഇനിയും വാദഗ്രസ്തമാണ്. എങ്കിലും 'മേഘ'ത്തിൽ പ്രതിഭാവിലാസത്തിന്റെ പ്രാഭവം അധികമായിക്കാണുന്നതുകൊണ്ടു 'രഘുവംശ'ത്തിനു തന്നെ അഗ്രജസ്ഥാനം കൊടുത്തുകൊണ്ടു അനുജാവരജബന്ധം ആരാഞ്ഞു നോക്കാം.

നഭസ്സ് പ്രത്യാസന്നമായപ്പോൾ 'ദയിതാജീവിതാലംബനാർത്ഥിയായ യക്ഷശ്രേഷ്ഠനാൽ പ്രേഷിതനായ മേഘത്തിനു ഭരതസന്നിധിയിലേക്കു കുതിച്ചു പായുന്ന പുഷ്പകവിമാനത്തോടു സുസ്പഷ്ടമായ സാദൃശ്യം കാണിക്കുന്നതിനു്,—

രാമൻ നിജാനുജരൊടും കരളുന്നപോലെ
പോരാളസൽ കൊടിയെഴും രഥമേറി
വീണ്ടും—
സോമൻ സുഹൃൽബുധബൃഹസ്പതിമാ
രൊടും രാ—വാമള്ളപിന്നലിളകും മുകിലിൻ
കണക്കെ,

(ര. വം. 13–75) എന്ന പദ്യത്തിനാണു സാക്ഷിക്ക പടിവെച്ചിരിക്കുന്നത്. ഒരു 'മുകിൽ' ശബ്ദം കണ്ടതുകൊണ്ടായിരിക്കും 'അന്യായക്കാരൻ' അങ്ങോട്ടു ചാടിയതെന്നായിരിക്കും ന്യായാധിപന്റെ നിഗമനം.

യാനത്തിലെ പൊന്മണി യാടിയേറിടും
ധ്യാനത്തിനാൽ കണ്ടെത്തിരേറിടും വിധം.
മാനത്തു ഗോദാവരി വിട്ട സാരസം
മാനൊന്നത മൂർധാക്ഷി, നിരന്നുകാണെന്നി.
(ര. വം. 13—33)

എന്ന ശ്ലോകത്തെ

'ശ്രുത്വാപാംഗൈഃ സജലനയനൈഃ സ്വാഗതീകൃത്യകേകാഃ
പ്രത്യുദ്യാതഃ കഥമപി ഭവാൻ ഗന്തുമാശു വ്യവസ്യേത്'
(മേ. 22)

എന്ന ഉത്തരാർദ്ധത്തോടാണ യോജിപ്പിക്കുന്നത്—പൂർവ്വകവിമാനത്തിലെ പൊൻ കിങ്ങിണികളുടെ നാദം കേട്ട മേലോട്ടുനോക്കി സീതയെ മാടിവിളിക്കുന്ന സാരസ പക്ഷികളും, ആഷാഢമേഘത്തിന്റെ പ്രിയ പ്രാദുർഭാവംകൊണ്ടു കണ്ണീർക്കണങ്ങളാൽ അപ്പൃതമായ കൺകളാൽ സ്വാഗതമരുളുന്ന കേകകളോടു ഉപമിക്കപ്പെടുന്നതു വസ്തുപ്രതിവസ്തുഭാവേന ശരിതന്നെ. പക്ഷേ "ഭവാൻ അവയെ അവഗണിച്ചു ആകാശയാത്ര തുടരുവാൻ എങ്ങനെ പ്രാപ്തനാവും" എന്ന ചോദ്യത്തിനു രഘുവംശത്തിൽ സ്ഥാനമില്ലെന്നു മാത്രം. സീതാസമേതനായ ശ്രീരാമൻ ഔൽസുക്യത്തോടെ 'മാനിനാത്മശ്യാമാക്ഷി'യെ എല്ലാം നിറഞ്ഞുകാണുവാൻ പ്രേരിപ്പിക്കുമ്പോൾ—വിടെട്ടത്ത സീതാദേവിയെ വിവിധതരത്തിൽ പ്രീണിപ്പിക്കുമ്പോൾ—വിരഹിയായ യക്ഷൻ വലാഹകത്തെ വധുവിന്റെ സവിധത്തേക്കു അയക്കുന്നതേയുള്ളൂ.

ദൂരം നിമിത്തം ചെറുതായ ഗംഗതൻ
തീരം പ്രസന്നസ്തിമിതപ്രമാറ്റിതാ
പാരംവിളങ്ങുന്നിതു പാരണിഞ്ഞൊരാ—
ഹാരം കണക്കിങ്ങു മഹീധരാന്തികേ
(ര. വം. 13 48)

എന്ന ആശയം തന്നെ

ത്വയ്യാദാതും ജലമവനതേ ശാർങ്ഗിണോ വർണ്ണചോരേ
തസ്യാഃ സിന്ധോഃ പൃഥുമപി തനും ദൂരഭാവാൽ പ്രവാഹം.
പ്രേക്ഷിഷ്യന്തേ ഗഗനഗതയോ നൂനമാവർജ്യദൃഷ്ടീ—
രേകം മുക്താഗുണമിവ ഭുവഃ സ്ഥൂലമധ്യേന്ദ്രനീലം (മേ. 48)

എന്ന് ശ്ലോകത്തിലും പ്രകരേണ പ്രതിപാദിച്ചിട്ടുണ്ടെങ്കിൽ വ്യോമസഞ്ചാരികളായ വൈമാനികനും വലാഹകവും ഈ ആശയത്തിൽ മാത്രം പൊരുത്തപ്പെട്ടതിൽ അതിശയിക്കാനൊന്നുമില്ല. വ്യോമസഞ്ചാരത്തിനു അവസരം ലഭിക്കുന്ന ഏതൊരുവനാണ് ഇനിയും ഈ അവസരം പാഴാക്കുക? രഘുവംശം പതിമൂന്നാം സർഗ്ഗത്തിലെ പ്രതിപാദ്യം ശ്രീരാമൻ പ്രിയയ്ക്കു അയക്കുന്നമെന്ന കരുതിയ സന്ദേശം തന്നെയാണെന്നത്രേ ചിലരുടെ വിശ്വാസം. ക്ഷാത്രതേജസ്സുകൊണ്ടു മാത്രം തന്റെ വിരഹവ്യഥ അന്യനെ അറിയിക്കുവാൻ വൈമുഖ്യം പ്രദർശിപ്പിച്ച ആ ക്ഷാത്രതേജസ്വിയെക്കൊണ്ടു വാല്മീകി പല പ്രലപനങ്ങളും ശ്രോതാക്കളുടെ ചെവികളിലയ്ക്കുമാറു പറയിക്കുമ്പോൾ അവർ ആ കവിയെ അടിയേല്പിക്കുമെന്നുതന്നെ തോന്നുന്നു. രഘുവംശം പതിമൂന്നാം സർഗ്ഗത്തിൽ ഇനിയും ചില ശ്ലോകങ്ങൾകൂടി 'മേഘദൂത'ത്തോടു ആശയസാമ്യമുള്ളവയാണെന്നു പറഞ്ഞു പൊക്കിക്കൊണ്ടു വരാമെങ്കിലും അവ ഇത്രയ്ക്കുപോലും പ്രസക്തങ്ങളല്ല.

എന്നാൽ മഹാകവിയുടെ മേഘദൂതത്തിനു വാല്മീകിരാമായണത്തിലെ സീതാവിരഹാവസരത്തോടും ഹനുമത് സന്ദേശത്തോടും അഭേദ്യമായ അടുപ്പം കണ്ടെത്തുവാൻ നിഷ്പ്രയാസം കഴിയും. രഘുവംശത്തിൽ രാമന്റെ ചരിത്രത്തെ അതിവേഗത്തിൽ വിക്ഷിപ്പിച്ചുപോയപ്പോൾ പന്ത്രണ്ടാം സർഗ്ഗത്തിൽ രാവണവധത്തിനും ചുറ്റുപാടുകൾക്കും മാത്രം കളമൊരുക്കിയ കാളിദാസനു അത്ര പ്രസക്തമായ ഹനുമത് സന്ദേശം വർണ്ണിക്കുന്നതിന്നോ വ്യാപകമായി പറയുന്നതിന്നോ സാദ്ധ്യമായില്ല.

'പ്യാതിരേഖമവം തൻ കഥയാസ്സ—
ബ്ഭാതിദർശനവശാലറിവായപ്പോഴേക്കും'

ശ്രീരാമന്റെ പ്രണയസന്ദേശങ്ങളുടെ സമയം ഗ്രന്ഥക്കെട്ടൊന്നും അഴിക്കുവാൻ കിട്ടാതെ കവി

വാതസൂനു കടലന്നു കടന്നു
വീതരാഗനിഹമായകണക്കെ
(ര. വം. 12—60)

എന്നു പറഞ്ഞു ഹനുമാനെക്കൊണ്ടു സമുദ്രലംഘനം ചെയ്യിപ്പിച്ചു. കവി അന്നു [illegible] തിയിരിക്കാം ഹനുമത്സന്ദേശനായ [illegible] ങ്കിലും കണ്ടെത്തി അവസരോചിതം [illegible] ത്തേക്കൊട്ടൊന്നൊഴിച്ചുവെച്ചു വിസ്മരിക്കാതെ [illegible] ന്. കാവ്യവൃത്തനിറഞ്ഞ കവി മേഘദൂതത്തി [illegible] അതിനുപയോഗിക്കുകയും തദ്ദ്വാരാ [illegible] നൽകുകയും ചെയ്തു. മൂലരാമായണവും മേഘസന്ദേശവുംകൂടി ഒന്നൊത്തുനോക്കിയാൽ ഇതെത്രമാത്രം വാസ്തവമാണെന്ന വസ്തുത മനസ്സിലാക്കുവാൻ സാധിക്കും.

ദണ്ഡകാരണ്യത്തിൽവെച്ചു സീതാവിരഹമുണ്ടായപ്പോൾ മുതൽ ദുഃഖാർത്തനായ ശ്രീരാമൻ കണ്ടുമുട്ടിയ കേതകിപ്പൂക്കൾ, മല്ലിക, മാധവി, ചമ്പകം ആദിയായ എല്ലാററിനോടും (ആരണ്യം. സർഗ്ഗം 50) 'സീതയെക്കണ്ടോ കണ്ടോ' എന്നു ചോദിക്കുന്ന ആ ചിത്രം തന്നെയാണു കാളിദാസനും വരയ്ക്കുന്നത്. **Water-paint**-ൽ വരച്ച ഒരു ചിത്രം കുറച്ചുകൂടി വച്ചുതാക്കി ആകാരസൌകുമാര്യത്തോടുകൂടി കാളിദാസൻ **Oil-paint** ചെയ്യുകയാണെന്നുമാത്രമേയുള്ളൂ. പൂർണ്ണത്വം പിടിച്ചു നശിക്കാതിരിക്കുവാനാണ് കവി—

കാമാർത്താഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു (മേ. 5)

എന്നു അർത്ഥാന്തരന്യാസമാകുന്ന എണ്ണച്ചായത്തിൽ ചിത്രണം ചെയ്യുന്നത്.

'അവർ—നൂനം വസന്തമാസാദ്യ പരിത്യക്ഷ്യതി ജീവിതം' (കിഷ്കി. സർഗ്ഗം—1)

എന്ന ആശയത്തെ യാതൊരു വ്യത്യാസവും കൂടാതെയാണു കവി 'മേഘ'ത്തിൽ

'പ്രത്യാസന്നേ നഭസി ദയിതാ ജീവിതാലംബനാർത്ഥീ' (മേ. 4)

എന്നു എടുത്തുപറയുന്നത്.

സീതാസന്നിധാനത്തിലെത്തിയ ഭക്തഹനുമാൻ

"അഹം രാമസ്യ സന്ദേശാദ്ദേവി, ദൂതസ്തവാഗതഃ" (സുന്ദ. സ. 34)

എന്നു പറഞ്ഞറിയിക്കുന്നുണ്ട്. ആ പരിചയപ്പെടുത്തൽ തന്നെ കാളിദാസൻ മേഘത്തെക്കൊണ്ട്—

"ഭർത്തുർ മിത്രം പ്രിയമവിധവേ വിദ്ധി മാമംബുവാഹം"

എന്നു ഭംഗ്യന്തരേണ പറയിക്കുന്നു. (മേ. 103)

"പട്ടമാന്റെ വിക്ഷവല്ലികൾ ചുററും
പെട്ട നല്ലൊരു മഹൌഷധിപോലെ"
(ര. വം. 12—51)

ആകുലയായ സീതയെ കണ്ടു മയാർദ്രിതനായ ഹനുമാന്റെ

ഹിമഹതനളിനീവ നഷ്ടശോഭാ
വ്യസനപരമ്പരയാതിപീഡ്യമാനാ
സഹചരരഹിതേവ ചക്രവാകീ
ജനകസുതാ കൃപണാം ദശാം പ്രപന്നാ—

എന്ന അതേ ആശയം തന്നെ യക്ഷനും.

ദൂരീഭൂതേ മയി സഹചരേ ചക്രവാകീമിവൈകാം
ഗാഢോൽക്കണ്ഠാം ഗുരുഷു ദിവസേഷ്വേഷു ഗച്ഛത്സു ബാലാം
ജാതാം മന്യേ ശിശിരമഥിതാം പദ്മിനീം വാന്യരൂപാം (മേ. 84)

എന്ന 'മേഘ'ത്തിൽ പകർത്തുന്നു

പക്ഷ്മളവിനെ വേണ്ടവണ്ണം വർണ്ണിച്ച വാല്മീകിയെ കാളിദാസനും ആഷാഢമാസത്തിലെ പ്രകൃതിവികൃതികളെ വർണ്ണിക്കുവാൻ അനുകരിച്ചിട്ടുണ്ട്.

'സപ്രത്യഗ്രൈഃ കുടജകുസുമൈഃ കല്പിതാർഘായ തസ്മൈ'

എന്ന ശ്ലോക ശകലം

'കുടജാർജ്ജുനമാലാഭിഃ അലങ്കൃതം ദിവാകരം' എന്നതിനോടും (കിഷ്കി. സ. 25)

"കേതകീപുഷ്പ ഗന്ധമാല്യായ" എന്ന ശകലം "കേതകാധ്മാനഹേതോ" എന്നതിനോടും ബന്ധപ്പെടുത്തിട്ടുള്ളതു നോക്കുക.

ഷട്പദൈരപ്യങ്ങളെപ്പോലുള്ള പ്രസിദ്ധ ജംബൂവനശോഭകളെയും കാളിദാസൻ "ത്വാമാസന്നപരിണതഫലശ്യാമജംബൂവനാന്താഃ" എന്ന് യഥായോഗ്യം വർണ്ണിക്കുവാൻ വിട്ടുപോയിട്ടില്ല.

'ശ്രുത്വാപാംഗൈഃ സജലനയനൈഃ സ്വാഗതീകൃത്യകേകാഃ
പ്രത്യുദ്യാതഃ കഥമപി ഭവാൻ ഗന്തുമാശു വ്യവസ്യേത്'

എന്ന ശ്ലോകാർദ്ധം രഘുവംശശ്ലോകത്തോടു താരതമ്യപ്പെടുത്തിയതിനു പകരം—

'വ്യാമിശ്രിതം സർജ്ജകദംബപുഷ്പൈഃ
നവം ജലം പർവ്വതധാതുതാമ്രം
മയൂരകേകാഭിരനുപ്രയാതം
ശൈലാപഗാഃ ശീഘ്രതരം വഹന്തി'

എന്ന രാമായണപദ്യത്തോടു സാമ്യപ്പെടുത്തുകയാണെങ്കിൽ ഏതിനോടാണ് കൂടുതൽ ബന്ധമെന്നു കാണുവാൻ സാധിക്കും. ഇങ്ങനെ മൂലത്തിലെ ബിംബപ്രതിബിംബോപാധി ഭാഗങ്ങളെ കാണുവാൻ കഴിയുന്നതാണ്. [illegible] ത്തോടുകൂടി കാണുവാൻ [illegible] തിനധികം പറയുന്നു—

'യക്ഷശ്ചക്രേ ജനകതനയാ സ്നാനപുണ്യോദകേഷു
സ്നിഗ്ദ്ധച്ഛായാതരുഷു വസതിം രാമഗിര്യാശ്രമേഷു' –(മേ. 1)

എന്ന ആദ്യവും—

'ഇത്യാഖ്യാതേ പവനതനയം മൈഥിലീവോന്മുഖീ സാ' (മേ. 104)

എന്ന് ഏതാണ്ട് അന്ത്യത്തിലും രാമായണത്തെ അനുസ്മരിക്കുന്ന കനിഷ്ഠികാധിഷ്ഠിതനായ കവി തനിക്കു വാല്മീകി മഹർഷിയോടുള്ള കടപ്പാട് കാണിക്കുവാൻ ഒട്ടും വൈമനസ്യം പ്രകടിപ്പിച്ചിട്ടില്ല. അങ്ങനെ കവി തന്നെ ആശയത്തിന്റെ ഖനികാട്ടിത്തരുമ്പോൾ വിമർശകന്മാർ പൃഥാ ആ കവിയെ എന്തിനാണ് സ്വാഗം വാലുതന്നെ തിരിഞ്ഞുകടിപ്പിക്കുന്നത്. പ്രൊഫസർ ഇ. ജെ. റാപ്സൻ, പ്രൊ. എ. ബി. കീത്ത്, പണ്ഡിതരാജേന്ദ്രനാഥ് ഇടങ്ങിയ പണ്ഡിത വരേണ്യന്മാരാൽ ശ്ലാഘിതനായ ശ്രീ മല്ലിനാഥൻ തന്നെ "സീതാം പ്രതിരാമസ്യ ഹനൂമത്–സന്ദേശം മനസി നിധായ മേഘസന്ദേശം കവിഃ കൃതവാൻ ഇത്യാഹുഃ" (ഹനൂമാൻവഴി സീതയ്ക്കയക്കുന്ന ശ്രീരാമസന്ദേശം മനസ്സിൽ വെച്ചുകൊണ്ട് മേഘദൂതം കവി എഴുതിട്ടുള്ളത് എന്ന് അഭിജ്ഞന്മാർ പറയുന്നു) എന്നല്ലേ സഞ്ജീവിനിയിൽ സമാഹരിക്കുന്നത്?

## ജീവചരിത്രസാഹിത്യം

(ഇ. പി. രാമൻ നമ്പൂതിരി)

മനുഷ്യന്റെ സത്യാന്വേഷണോൽസുകത നാൾക്കുനാൾ പുഷ്ടിപ്പെട്ടു വരികയാണ്. കെട്ടുകഥകളും അസത്യവ്യാമിശ്രങ്ങളായ പഴഞ്ചൊല്ലുകളും കൊണ്ടു തൃപ്തിപ്പെടുന്നവരല്ല ഇന്നത്തെ മനുഷ്യർ. സൽപുരുഷന്മാരുടെ ജീവിതത്തെയും അവർ ജീവൽപ്രശ്നങ്ങളെ കൈകാര്യം ചെയ്ത വിധത്തെയും കുറിച്ചറിയുവാനുള്ള ജനാഭിലാഷം വർദ്ധിച്ചു വരികയാണ്. ജീവചരിത്രശാഖയ്ക്കു അടുത്തകാലത്തു മിക്ക സാഹിത്യങ്ങളിലും ഉണ്ടായിട്ടുള്ള അത്ഭുതാവഹമായ വളർച്ചയ്ക്കുള്ള മുഖ്യകാരണമിതാണ്. ചെറുകഥയും നോവലുമൊഴിച്ചാൽ, ഗ്രന്ഥവർദ്ധനവു ഏററവുമധികമുണ്ടായിട്ടുള്ളതു പ്രസ്തുത വിഭാഗത്തിലാണ്. എങ്കിലും ഈ സാഹിത്യ വിഭാഗത്തിന്റെ വളർച്ചയ്ക്കുവേണ്ടിടത്തോളം ഗതിവേഗമുണ്ടെന്നു പറഞ്ഞുകൂടാ. അനുവാചകലോകത്തിന്റെ അവജ്ഞയോ ആകാംക്ഷക്കുറവോ അല്ല ഈ ഗതിമാന്ദ്യത്തിനു നിദാനം. പിന്നെയെന്താണ്?

ഒന്നാമതായി പറയുവാനുള്ളതു ജീവചരിത്രനിർമ്മാണം ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം സ്വതന്ത്രസ്വാതന്ത്ര്യമായ ഒരു സാഹിത്യശാഖയല്ലെന്നുള്ളതാണ്. പരേതനെപ്പററിയുള്ള ദോഷപ്രഖ്യാപനം ഒരു പാപമായിട്ടാണല്ലോ മനുഷ്യർ കരുതിപ്പോരുന്നത്. മരിച്ചവരെ ഭക്തിസ്നേഹാദരങ്ങളോടുകൂടി മാത്രമേ സ്മരിക്കാവൂ; അവരുടെ കുററങ്ങളും കുറവുകളും കത്തിപ്പൊക്കി കാണിക്കരുത്, എന്നൊക്കെയാണ സമുദായസങ്കേതം ഏതു കാലത്തും ഏതുദേശത്തും അനുശാസിച്ചിട്ടുള്ളത്. അതിനു പുറമേ, പരേതനായ ചരിത്രനായകന്റെ ബന്ധുമിത്രാദികൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവരുടെ വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കാനും ഗ്രന്ഥനിർമ്മാതാവു നിർബ്ബന്ധിതനായിത്തീരുന്നു. സത്യം സമഗ്രമായി പ്രകാശിപ്പിക്കുന്ന വിഷയത്തിൽ ജീവചരിത്രകാരന്റെ മുമ്പിൽ വിലങ്ങുതടികളായി വർത്തിക്കുന്ന വിശ്വാസങ്ങളാണിതെല്ലാം. ഇതുമൂലം പണ്ടു പ്രചാരത്തിലിരുന്ന ജീവചരിത്രങ്ങളെല്ലാം യാഥാർത്ഥ്യങ്ങളുമായി ബന്ധമൊന്നുമില്ലാത്ത വെറും സ്തുതിപാഠങ്ങളും തൻകർത്താക്കൾ ഗുണൈകദൃക്കുകളായും തീരുവാനിടയായി.

എന്നാൽ നായകന്റെ സ്വഭാവത്തിലെ വൈകല്യങ്ങളും മലീമസ ഭാഗങ്ങളും കൊണ്ടു ഗ്രന്ഥം നിറയ്ക്കണമെന്നു ഇപ്പറഞ്ഞതിനർത്ഥമില്ല. ചരിത്രനായകന്റെ വ്യക്തിത്വത്തെ ആവിഷ്കരിക്കുന്നതിനു അവശ്യംവേണ്ട ഭാഗങ്ങൾ ഔചിത്യദീക്ഷയോടെ തെരഞ്ഞെടുക്കുകയാണ വേണ്ടതു്. അല്ലാതെ നായകന്റെ മനുഷ്യസഹജമായ ബലഹീനതകളെ മറച്ചുവയ്ക്കുകയാണെങ്കിൽ അദ്ദേഹം നമ്മുടെ കൂട്ടത്തിൽപെട്ട ഒരാളാണെന്ന ബോധം വായനക്കാർക്കുണ്ടാവുകയില്ല. ഒരമാനുഷികനെയായിരിക്കും അവർ കൺമുമ്പിൽ കാണുക. മഹാത്മജിയുടെ ഒരു ജീവചരിത്രത്തിൽ അദ്ദേഹം ഇന്ത്യയുടെയും ലോകത്തിന്റെയും നന്മയ്ക്കുവേണ്ടിച്ചെയ്തിട്ടുള്ള കാര്യങ്ങളെയെല്ലാം വർണ്ണിച്ചിരുന്നാൽ തന്നെയും ഒരിക്കൽ വേശ്യാലയത്തിൽ പോകാൻ തീരുമാനിച്ചതും കസ്തൂരിബായിയുടെ ചിതാവേദിയിൽ കണ്ണുനീർവാർത്തതും മററും വിട്ടുകളയുന്നപക്ഷം ആ ജീവചരിത്രം വളരെ അപൂർണ്ണമായിരിക്കും. എത്ര മഹാനായ വ്യക്തിയെങ്കിലുമായിക്കൊള്ളട്ടെ നായകൻ, മനുഷ്യസഹജമായ ചാപല്യങ്ങളോടും ബലഹീനതകളോടുംകൂടി അവതരിപ്പിക്കപ്പെടുന്നില്ലെങ്കിൽ രക്തവും മജ്ജയും മാംസവും ഹൃദയസ്പന്ദനങ്ങളുമുള്ള ഒരു മനുഷ്യന്റെ പ്രതീതി വായനക്കാരനു ഒരിക്കലും ഉണ്ടാവുകയില്ല. ഈ തത്വം ഓരോ ജീവചരിത്രകാരനും ഗ്രഹിച്ചിരിക്കേണ്ടതാണ്.

പ്ലൂട്ടാർക്ക് ക്രിസ്ത്വാബ്ദം ഒന്നാം ശതകത്തിൽ എഴുതിയ ജീവചരിത്രങ്ങളാണ് ലോകത്തിൽ ആയിനത്തിലുള്ള പ്രാരംഭഗ്രന്ഥമെന്നു ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു. നാല്പത്താറു റോമാക്കാരുടെയും ഗ്രീക്കുകാരുടെയും ചരിത്രങ്ങൾ അദ്ദേഹം എഴുതി. പക്ഷേ അദ്ദേഹത്തിന്റെ കൃതികൾ ലക്ഷണമൊത്ത ജീവചരിത്രങ്ങളായിരുന്നുവെന്നു പറയാവുന്നതല്ല. ഒരു തത്വചിന്തകനായിരുന്ന പ്ലൂട്ടാർക്ക് ചില പ്രത്യേക തത്വങ്ങളെ ആവിഷ്കരിക്കുന്നതിനു വേണ്ടിയാണ്, ജീവചരിത്രങ്ങളെഴുതിയതു്. തൻമൂലം അദ്ദേഹത്തിന്റെ കൃതികളുടെ കലാമൂല്യം വളരെക്കുറഞ്ഞുപോയിട്ടുണ്ട്.

പ്ലൂട്ടാർക്കിന്റെ കാലശേഷം വളരെക്കാലത്തേക്കു ജീവചരിത്രശാഖയിൽ പറയത്തക്ക ഗ്രന്ഥങ്ങളൊന്നുമുണ്ടായില്ല. പിന്നീടു ഡോക്ടർ ജോൺസന്റെ കാലം മുതല്ക്കാണു അതിനൊരു നവചൈതന്യം വീണതു്. വിമർശകാഗ്രഗണ്യനും പണ്ഡിതവരേണ്യനുമായ അദ്ദേഹം ജീവചരിത്രകലയുടെ മർമ്മമെന്തെന്നു സ്വകൃതികൾ വഴി ഉദാഹരിച്ചു കാണിച്ചു. അൻപത്തിരണ്ടു കവികളുടെ ചരിത്രങ്ങൾ അദ്ദേഹമെഴുതി. അദ്ദേഹത്തിന്റെ "കവികളുടെ ജീവചരിത്രങ്ങൾ" എന്ന പരമ്പര ഇംഗ്ലീഷു സാഹിത്യത്തിൽ ഒരു പുതിയ പ്രസ്ഥാനം തന്നെ സൃഷ്ടിച്ചു.

എന്നാൽ ജോൺസന്റെ കൃതികളും സകല ലക്ഷണങ്ങളും തികഞ്ഞ ജീവചരിത്രങ്ങളായിരുന്നില്ല. പക്ഷേ അദ്ദേഹം തന്നെയാണ ഇന്നും ലോകോത്തരമായി കണക്കാക്കപ്പെടുന്ന ബോസ്വൽകൃതിയുടെ വിഷയം. ബോസ്വൽ എഴുതിയ ജോൺസന്റെ ജീവചരിത്രം ജീവചരിത്രസാഹിത്യത്തിലെ ഒരത്ഭുതസംഭവമാണ്. അതുപോലൊരു ഗ്രന്ഥം പിന്നീടുണ്ടായിട്ടില്ല; ഉണ്ടാകുവാനും പ്രയാസമാണ്. അത്രയ്ക്കു അനുകൂല

വും അസാധാരണവുമായ സാഹചര്യങ്ങളിലാണു പ്രസ്തുത ഗ്രന്ഥം രചിക്കപ്പെട്ടതു്. ഏതു വീക്ഷണകോണത്തിൽ കൂടിനോക്കിയാലും സ്മരിക്കപ്പെട്ടുവാനർഹതയുള്ള ഒരു മഹാനാണ് ജോൺസൺ. അദ്ദേഹത്തോടു അകൈതവബഹുമാനാദരങ്ങളുള്ള ഒരു വിനീതാരാധകനായിരുന്നു ബോസ്വൽ. വളരെക്കാലം അദ്ദേഹം ജോൺസന്റെ സന്തതസഹചാരിയായി ജീവിച്ചു അദ്ദേഹം പറയുന്ന കാര്യങ്ങളെല്ലാം ശ്രദ്ധയോടു കുറിച്ചെടുത്തു ജീവചരിത്രരചനയ്ക്കുള്ള സാമഗ്രികൾ സജ്ജമാക്കി. ബോസ്വലാണെങ്കിൽ അസാമാന്യമായ സത്യദീക്ഷയും ചിത്രീകരണ പാടവവുമുള്ള ഒരു പ്രതിഭാശാലിയായിരുന്നു. സാഹചര്യങ്ങളുടെ ഇതുപോലുള്ളൊരു സാമഞ്ജസ്യം ഇനിയെന്നുണ്ടാകും?

അവന്തരകാലീനരായ ജീവചരിത്രകാരന്മാർ ബോസ്വലിനെ അനുകരിക്കാൻ ശ്രമിച്ചു. പക്ഷേ ആരും വിജയിച്ചില്ല. ലോക്ഹാർട്ടു ഏതാണ്ടു ബോസ്വലിന്റെ രീതിയിൽത്തന്നെ സ്കോട്ടിന്റെ ജീവചരിത്രമെഴുതി. പാരായണാർഹമായ ഒരു നല്ല കൃതിയാണതെങ്കിലും ബോസ്വലിന്റെ പ്രഗത്ഭമായ പ്രതിപാദനരീതിയെ അനുകരിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം ഫലിച്ചില്ല.

കാർലൈലും മെക്കാളയുമായിരുന്നു പത്തൊമ്പതാം ശതകത്തിലെ മികച്ച ജീവചരിത്രസാഹിത്യകാരന്മാർ. എന്നാൽ കാർലൈലിന്റെ കൃതികളിലെല്ലാം ഒരു തരം തത്വചിന്തയുടെ നിഴൽ അവയുടെ കലാപരമായ മേന്മയ്ക്കു മങ്ങലേല്പിച്ചുകൊണ്ടു ഉടനീളം കിടക്കുന്നതു കാണാം. മെക്കാളയാണെങ്കിൽ ആത്മാർത്ഥതയും സത്യസന്ധതയും വേണ്ടതിലല്പം കുറച്ചുമാത്രമുള്ള ഒരാളായിരുന്നു. ഇക്കാരണങ്ങളാൽ ഈ സാഹിത്യനായകന്മാർക്കു ജീവചരിത്രശാഖയിൽ പരിപൂർണ്ണവിജയം കൈവരിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇവരുടെ കാലശേഷം ഇംഗ്ലീഷു ജീവചരിത്രസാഹിത്യം കുറച്ചുകാലത്തേക്കു അധഃപതനോന്മുഖമായി. ഇരുപതാം ശതകത്തിന്റെ ആദ്യപാദം അവസാനിക്കാറായപ്പോൾ മാത്രമാണു ആ നിലയ്ക്കൊരു വ്യതിയാനമുണ്ടായതു്.

അടുത്തകാലത്തുണ്ടായിട്ടുള്ള ജീവചരിത്രനിർമ്മാതാക്കളിൽവച്ചു നമ്മുടെ സവിശേഷശ്രദ്ധയെ ആകർഷിക്കുന്നതു ലിട്ടൺ സ്ട്രാച്ചിയാണ്. അദ്ദേഹം മനുഷ്യനെ മനുഷ്യനായിത്തന്നെ കാണിക്കുന്നതിൽ കൃതഹസ്തനാണ്. “എമിനന്റ് വിക്ടോറിയൻസ്” എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം യാഥാസ്ഥിതികരുടെയിടയിൽ ഒരു കോളിളക്കം തന്നെയുണ്ടാക്കി. ജനങ്ങൾ അന്ധമായി ആരാധിച്ചിരുന്ന പലരുടെയും മഹത്വങ്ങളോടൊപ്പം മാനുഷിക ദൗർബ്ബല്യങ്ങളും കൂടിയുണ്ടായിരുന്നുവെന്നു യാഥാർത്ഥ്യത്തിന്റെ ചിത്രീകരണത്തിൽ നിർബ്ബന്ധശാലിയായ അദ്ദേഹം വ്യക്തമാക്കി. ഏറെത്താമസിയാതെ അദ്ദേഹം മറ്റൊരു ഗ്രന്ഥംകൂടി പ്രസിദ്ധീകരിച്ചു—ക്വീൻവിക്റ്റോറിയാ. ബോസ്വൽകൃതിപോലെതന്നെ ഇതും ജീവചരിത്രസാഹിത്യത്തിലെ ഒരു മഹാസംഭവമായിരുന്നു. സ്ട്രാച്ചിയുടെ സമകാലികരായ മററു രണ്ടു യൂറോപ്യൻ ജീവചരിത്രകാരന്മാരാണു ലഡ്‌വിഗ്ഗും മോർവെയും. ഇവർ മൂവരും ആധുനിക ജീവചരിത്രസാഹിത്യത്തിലെ ത്രിമൂർത്തികളാണെന്നു പറയാം. പിന്നീടു ഈ സരണിയിൽ പദമൂന്നിയവരെല്ലാം ഇവരുടെ രീതികൾ അനുകരിക്കുന്നതായി കാണാം. ഇംഗ്ലീഷു ജീവചരിത്രശാഖ വളരെ വേഗത്തിൽ പുരോഗമിക്കുകയാണിന്നും. ഇന്നു പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളിൽ ഒരു വലിയ വിഭാഗം ജീവചരിത്രങ്ങളും അതിന്റെ തന്നെയൊരു ഭാഗമായ ആത്മകഥകളും അനുഭവവിവരണങ്ങളുമാണ്.



എന്നാൽ മലയാളത്തിലെ ജീവചരിത്രശാഖ ഭാഷാഭിമാനികൾക്കു ലജ്ജാവഹമാംവിധം ശുഷ്കമാണ്. ഇംഗ്ലീഷിലെയും മലയാളത്തിലെയും ജീവചരിത്രസാഹിത്യങ്ങൾക്കു ചെടികളും വൃക്ഷങ്ങളും ഇടതൂർന്നു നില്ക്കുന്ന ഫലഭൂയിഷ്ഠമായ ഒരു ഭൂവിഭാഗവും ഒരു വരണ്ട മരുഭൂമിയും തമ്മിലുള്ള അന്തരമാണുള്ളതു്. മലയാളത്തിൽ ജീവചരിത്രങ്ങളെഴുതാൻ തുടങ്ങിയിട്ടു തന്നെ ഏറെക്കാലമായില്ല. വിശാഖം തിരുനാൾ മഹാരാജാവിന്റെ നിർദ്ദേശമനുസരിച്ചു മോണ്ടോർ എന്ന ഗ്രന്ഥകാരന്റെ കുറെ കൃതികൾ “മഹച്ചരിതസംഗ്രഹം” എന്ന പേരിൽ തർജ്ജമ ചെയ്തതാണു നമ്മുടെ ഭാഷയിലെ ആദ്യത്തെ ജീവചരിത്രഗ്രന്ഥമെന്നു പറയപ്പെടുന്നു. ഏതാനും സാഹിത്യനായകന്മാരുടെ ചരിത്രങ്ങൾ പിന്നീടു പ്രസിദ്ധീകരിക്കപ്പെട്ടെങ്കിലും അവയൊന്നും ജീവചരിത്രങ്ങളുടെ നിർദ്ദിഷ്ടലക്ഷണങ്ങൾ തികഞ്ഞ കൃതികളായിരുന്നില്ല. മൂർക്കോത്തു കുമാരന്റെ ചന്തുമേനോനെപ്പററിയുള്ള ഗ്രന്ഥവും ശ്രീ. ബാലകൃഷ്ണവാരിയരുടെ “കേരളവർമ്മദേവ”നും അനന്തൻപിള്ളയുടെ കേരളപാണിനിയും പിന്നീടുണ്ടായി. എന്നാൽ ആധുനിക യൂറോപ്യൻ ജീവചരിത്രരീതിയിൽ ആദ്യമായി നിർമ്മിക്കപ്പെട്ട മലയാളഗ്രന്ഥം ശ്രീ. സി. നാരായണപിള്ളയുടെ “ചങ്ങനാശ്ശേരി”യാണെന്നു നിരൂപകന്മാർ അഭിപ്രായപ്പെടുന്നു. “വ്യാഴവട്ട സ്മരണകൾ” എടുത്തുപറയത്തക്ക മേന്മയുള്ള ഒരു ഗ്രന്ഥമാണ്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെക്കുറിച്ചു അദ്ദേഹത്തിന്റെ സഹധർമ്മിണിയായ ബി. കല്യാണി അമ്മ എഴുതിയതാണു പ്രസ്തുത ഗ്രന്ഥം. എന്നാൽ അതു ഒരനുഭവകഥനമാണെന്നും ജീവചരിത്രശാഖയിലുൾപ്പെടുത്താൻ പാടില്ലെന്നും പറയുന്നവരുണ്ട്. അനുവാചകലോകത്തിന്റെ അഭിരുചിഭേദം മാത്രമാണു ഈ അഭിപ്രായഭേദത്തിന്നടിസ്ഥാനം.

ശ്രീമാൻ പി. കെ. പരമേശ്വരൻ നായരാണു മലയാളത്തിൽ ഒരു ജീവചരിത്രകാരനെന്നു പറയുവാനുള്ളതു്. “സാഹിത്യപഞ്ചാനനൻ” “സി.വി. രാമൻപിള്ള” “മഹാത്മാഗാന്ധി” “വോൾടയർ” എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം കൈരളിക്കു സമ്മാനിച്ചിട്ടുള്ളവയാണ്. ഇവയെല്ലാംതന്നെ സഹൃദയന്മാരുടെ അഭിനന്ദനത്തിനു പാത്രമായിട്ടുമുണ്ട്.

ഏതായാലും മലയാളത്തിലെ ജീവചരിത്രശാഖ ഇന്നും ശൈശവം തരണം ചെയ്തിട്ടില്ല. അതിനു ആശാവഹമായ ഒരു ഭാവിയുണ്ടോയെന്നുള്ള കാര്യംതന്നെ ഇന്നത്തെ നിലയിൽ സംശയഗ്രസ്തമാണ്.

## താരങ്ങളോട്

(പി. ററി. ജോർജ്ജ് കീക്കൊഴൂർ)

(അന്നനട)

വിശാലവിസ്തൃത നഭസ്ഥലങ്ങളെ
വിതാനിക്കും പത്മസുമനിരകളെ
അനന്തതയുടെ വിരിമടിത്തട-
മലങ്കരിക്കുന്ന പ്രഭാപുഞ്ജങ്ങളെ,
അറിയുമോ നിങ്ങൾ സ്ഥലവിരിവിലെ
ചെറിയൊരു കോണിലമരും ഞങ്ങളെ?
വിചാരമില്ലാത്ത വിദൂരതയിൽ നി-
ഷ്പ്രകാരരായെഴുമണുനിരകളേ,
അവധിയില്ലാത്ത നഭസ്സിൽ ഞങ്ങടെ
ചെറിയ ഭൂമിയെയറിയുമോ നിങ്ങൾ?

വിദൂരദൂരതയിലുമൊളി ചിന്നി
വിരാജിപ്പൂ ചിര പ്രസന്നരേ നിങ്ങൾ
പുടവപോലെയൊരഭംഗുരഭംഗി
യുടുപ്പിപ്പൂ നിങ്ങൾ ജഗത്തിനെ മുററം
പരമകോടി തൻ പരമ സീമയിൽ
പരിലസിക്കുന്ന പ്രഭാകരങ്ങളെ
പരമ സൌന്ദര്യനികേതനത്തിലെ
പരിജനങ്ങളോ സനാതനർ നിങ്ങൾ !
അറിയുമോ നിങ്ങളനന്തതയുടെ
മറുകരയിലെ പ്രശാന്ത ഭംഗിയെ?

യുഗാന്തരങ്ങൾക്കു പുറകിൽ ഹാ ! കാല
യവനികയാട്ടുമുയർന്നവേളയിൽ
അഖിലാണ്ഡാണിയുണർന്ന സസ്മിത-
മണിഞ്ഞൊരുങ്ങിയ പ്രഭാതവേളയിൽ,
വികസിച്ച നിത്യസുമങ്ങളേ നിങ്ങൾ
സനാതനതപത്തിൻ ശിശുക്കളല്ലയോ?
പരിണാമമഹാ നടനവേദിയിൽ
തിരയുയർന്നതു ദർശിച്ചോർ നിങ്ങൾ
പ്രപഞ്ചനാടകനടനത്തിൻറയി-
യുപരംഗത്തിലെയുണർന്നുള്ളൂ ഞങ്ങൾ.
കഴിഞ്ഞിരിക്കുന്ന പരശ്ശതം രംഗം
കഥയറിയാതെ കുഴങ്ങുന്നു ഞങ്ങൾ.
ചിരചിരതരെ, ബുധജനങ്ങളെ,
ചുരുക്കിയിക്കഥയുരക്കുമോ നിങ്ങൾ?

ഉഡുക്കളേ നിങ്ങൾ പ്രപഞ്ചസൌന്ദര്യ-
പ്പുടവയിൽ നിത്യരജതപുഷ്പങ്ങൾ:
മലരുകൾ ഞങ്ങൾ വിരിയുന്നു മുദാ
പുലരിയിൽ ; വാടിക്കൊഴിയുന്നന്തിയിൽ
അഖിലാണ്ഡജലപ്പരപ്പിനക്കരെ-
യ്ക്കകന്നു നീങ്ങുന്ന തിരകളീ ഞങ്ങൾ.
അനന്തതയിലേക്കനുക്രമം ഞങ്ങ-
ളകന്നൊടുവിലായ് മറയുന്നേരവും
മറയാതെ നിങ്ങൾ തുടർന്നിടുമന്നു
മറക്കുമോ ബത ! മനുഷ്യനെ നിങ്ങൾ!

പ്രപഞ്ചത്തിൻ പരപരിധിയെ നിത്യ
മുപചരിക്കുന്ന പ്രഭാപുഞ്ജങ്ങളെ,
അനല്പമഞ്ജുതപ്പെട്ടതിട്ടുന്നെന്നെ
സുനിത്യതയുടെ സുമങ്ങളാം നിങ്ങൾ !

---

## "......മൂന്നു കാശും തരും"

[ചെമ്പകം ചാക്കോ, പൂർവ്വവിദ്യാർത്ഥി]

നാളേറെ നീങ്ങി ; നിരാതങ്കമാലുവാ-
ക്കോളേജുതന്നിൽ പഠിക്കയാണന്നു ഞാൻ;
ഉള്ളിപ്പറക്കയാണാനന്ദ വാഴ്വിൻറെ
വെള്ളിപ്പിറാവുപോലന്നത്തെ നാളുകൾ!
ഇസ്തിരിക്കിട്ട മടക്കൊടിയാത്തതാം
വസ്ത്രാദിവേഷ വിഭൂഷകളാർന്നടൻ
ബുക്കുമെടുത്തതിലാമഷവ ജീവിത-
നിഷ്ക്കടത്തിൻറെ പൊൻപ്പാതയിലെന്ന
പോൽ
ഞങ്ങൾ തിരിച്ചു കോളേജിലേയ്ക്കാപ്പമായ്,
മംഗളത്തിൻറെ യഹങ്കാരമൂർത്തികൾ!
കത്തിയെരിഞ്ഞ സിഗററു ചുണ്ടില-
ന്നെത്തിടും മർത്ത്യൻറെ ജീവിതം പോലവേ
റോഡിന്നിടം വലം പച്ചസ്സുലാംതന്നു
കൂടിനില്പുണ്ടായിരുന്നൊട്ടുകുട്ടികാർ ;
ചിന്നിക്കണങ്ങിച്ചിരിച്ചു ഹാ! ഞങ്ങൾക്കു
പിന്നിലൂടെത്തിയമ്പെട്ടു പെൺകുട്ടികൾ.



എമ്പതോളം വരും പ്രായം, വളഞ്ഞൊട്ടു
കമ്പിട്ടദേഹത്തു കീറത്തുണികളും,
നാററം പെടും വ്രണമൊന്നാക്കവിളിലും;
കാററത്തു പാറും തലമുടിക്കെട്ടുമായ്
ഞങ്ങൾക്കുനേരെയണഞ്ഞു ലോകത്തിനെ-
ക്കോഞ്ഞനം കാട്ടുന്നപോലൊരു യാചകി!
കൂട്ടുകാർ കൂടിച്ചിരിക്കവേ മുമ്പോട്ടു
നീട്ടിയ കൈയുമായെന്നോടു ചൊല്ലിനാൾ:-
"പിച്ചയും വല്ലതും വാങ്ങിക്കുവാനെൻറെ
കൊച്ചമ്പുരാൻ രണ്ടു കാശു നൽകേണമേ!"
"കൊച്ചമ്പുരാനേ കൊടുക്കെടാ നാലഞ്ചു
പച്ചനോട്ടു" ന്നെക്കളിപ്പിച്ചു കൂട്ടുകാർ.
ജീവിതത്തെക്കുറിച്ചോർത്തു നടുങ്ങിയോ
ഹാ! വിറയ്ക്കുന്നൊരാവൃദ്ധതൻ കൈകളിൽ
ഇട്ടുകൊടുത്തു ഞാനാസിഗററിൻറെ
കുററി തീ പോലും കെടുത്താതെ കഷ്ടമേ!
ഭ്രാതാക്കൾ പൊട്ടിച്ചിരിക്കവേ ഞാനൊരു
ജേതാവിനെപ്പോലെ മുമ്പോട്ടു പോകയും!
കെല്പററ ദുർഭര ജീവിതത്തിൻ കൊടും
കൈപ്പും കുടിച്ചു നടക്കുമാ വൃദ്ധയോ
ചുണ്ടിൽ വച്ചിട്ടും ചൊന്നുപോയി:-
"നിങ്ങൾ
രണ്ടുകാശും തരും മൂന്നു കാശും തരും!"

× × ×

കാലം കഴിച്ചു വന്നെന്നിലും വാർദ്ധക്യ-
ലീല കാണിച്ചു കഴിഞ്ഞൊരീവേളയിൽ
ഏതു വട്ടം മമ ഏത്തിലാ വൃദ്ധതൻ
ചിത്രം വരുന്നെൻറെ ചിന്ത പൊള്ളിക്കുവാൻ!

---

## രാമൻ-ഇഫക്ട്

(ആർ-രാധാകൃഷ്ണൻ നായർ, ക്ലാസ്സ് ii)

ഈ നൂററാണ്ടിൽ ശാസ്ത്രത്തിനു അത്ഭുതപൂർവ്വമായ ഒരു വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. അന്ധവിശ്വാസങ്ങളുടെയും, അനാചാരങ്ങളുടെയും പുറകേ കണ്ണടച്ചു നടന്നിരുന്ന മനുഷ്യന് ശരിയായ ജ്ഞാനം നല്കുന്ന കാര്യത്തിൽ ശാസ്ത്രവും ഉതകിയിട്ടുണ്ട്. ഇങ്ങനെയുണ്ടായ മുന്നേററങ്ങളിലെല്ലാം ഭാരതത്തിനു യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. പക്ഷേ ഇതിനെല്ലാം കാരണം ഭാരതത്തിൻറെ പൂർവ്വ ചരിത്രത്തിൽ അക്ഷയതാരോട്ടുകൂടി പ്രകാശിക്കുന്ന കണാദമഹർഷിയുടെ കാലടികളെ പിന്തുടരുവാൻ ആരും ഇല്ലാതെപോയി എന്നതു മാത്രമാണ്. സ്വതേ അലസന്മാരായ ഇന്നാട്ടിലെ ബുദ്ധിമാന്മാർ ആ വഴിക്കൊന്നും എത്തി നോക്കിയതേ ഇല്ല. ഒരു കാലത്തു ഇതരരാജ്യങ്ങളുടെ അസൂയയ്ക്കു പാത്രമായിരുന്ന ഭാരതം ഇന്നിതാ വീണ്ടും അതിൻറെ പുണ്യവിപാകം കൊണ്ടു മുന്നണിയിലെത്തിയിരിക്കുന്നു. ഈ പ്രകാരം ഇൻഡ്യൻ ശാസ്ത്ര പുരോഗതിയിൽ ഒരു വിപ്ലവം തന്നെ ഉണ്ടാക്കിത്തീർത്തതിൻറെ പ്രധാന പങ്കം അർഹിക്കുന്നത് ശ്രീ സി. വി. രാമനാണ്. ഇൻഡ്യയുടെ യഥാർത്ഥമായ നേട്ടങ്ങളെപ്പോലും വകവെച്ചുകൊടുക്കുവാൻ തയാറില്ലാത്ത പാശ്ചാത്യർ നോബൽ സമ്മാനം നല്കി അദ്ദേഹത്തെ ബഹുമാനിക്കയാണത്രെ ഉണ്ടായത്. ഇതിനു കാരണം അദ്ദേഹം കണ്ടുപിടിച്ച രാമൻ ഇഫക്ട് ഒന്നു മാത്രമാണ്. താൻ അദ്ദേഹം അതു പ്രസിദ്ധീകരിച്ച് അധികം കഴിഞ്ഞില്ല, അതിനു മുൻപുതന്നെ രണ്ടു പാശ്ചാത്യർ അതു കണ്ടുപിടിച്ചു. അദ്ദേഹത്തിൻറെ ഈ ശ്രമത്തിൽ പല ശിഷ്യന്മാരും അദ്ദേഹത്തെ ആത്മാർത്ഥമായി സഹായിക്കയുണ്ടായി. ഇപ്പോഴും അദ്ദേഹം പല ഗവേഷണങ്ങളിൽ ഏർപ്പെട്ടു കാലംകഴിക്കയാണ്.

പ്രകാശം, ഈതർ എന്ന മീഡിയത്തിൽക്കൂടി തരംഗങ്ങളായി വ്യാപിക്കുന്നു എന്നു ഒരു കാലത്തു വിശ്വസിക്കപ്പെട്ടിരുന്നു. പ്രകാശത്തിൻറെ തരംഗദൈർഘ്യ (Wave Length) ത്തിനു നിശ്ചിതമായ ഒരു അളവും ഇല്ല. നാം വെളുപ്പായി കരുതുന്ന പ്രകാശം പല നിറങ്ങളുടെ ഒരു സങ്കരമാണെന്നതു ഒരു വാസ്തവം മാത്രമാണ്. പ്രകാശം ഒരു പ്രിസത്തിൽക്കൂടി കടത്തി വിട്ടപ്പോൾ അതു പല വർണ്ണങ്ങളായി വിക്ഷേപണം ചെയ്യപ്പെട്ടു. ഒരു സ്ക്രീൻ ഉപയോഗിച്ചാൽ ഈ സപ്തവർണ്ണങ്ങളെയും നമുക്കു പിരിയുന്നു. പല നിറത്തിനും പല തരത്തിൽ ലഭിക്കും.

ത്തിലുള്ള തരംഗദൈർഘ്യങ്ങളാണ് ഉള്ളത്. അതിനാലാണു പല നിറങ്ങൾ കൂടിച്ചേർന്ന പ്രകാശത്തിനു നിശ്ചിത തരംഗദൈർഘ്യം ഇല്ലാത്തത്. ഇങ്ങനെ പിരിയുന്ന സപ്തവർണ്ണങ്ങൾ, വയലററും ചുവപ്പും നിറങ്ങൾക്കിടയിലായി കാണപ്പെടുന്നു. വയലററിന്റെ തരംഗദൈർഘ്യം ഒരിഞ്ചിന്റെ 55000ൽ ഒന്നും ($\frac{1}{55000}$ ഇഞ്ച്) ചുവപ്പിന്റേതു് 33000–ൽ ഒന്നും ($\frac{1}{33000}$ ഇഞ്ച്) ആണ്. മററുള്ളവയുടെ തരംഗദൈർഘ്യങ്ങൾ ഇവയ്ക്കിടയിലായിരിക്കും. പ്രകാശവേഗത ഒരു സെക്കണ്ടിൽ 18,5000 മൈലാണ്. അതായതു എല്ലാ നിറങ്ങളേയും ഉൾക്കൊള്ളുന്ന പ്രകാശം ഈ വേഗത്തിൽ സഞ്ചരിക്കുന്നു. ഓരോ നിറത്തിനും ഓരോ തരംഗദൈർഘ്യം ഉള്ളതിനാൽ, പ്രകാശം ഒരിഞ്ചു ദൂരം സഞ്ചരിക്കുമ്പോൾ അവ ഓരോ പ്രത്യേകം എണ്ണം തരംഗങ്ങളെ ഉല്പാദിപ്പിക്കുകയാണു ചെയ്യുന്നത്. ഈ സംഖ്യ ഓരോ നിറത്തിനും വ്യത്യസ്തമായിരിക്കും. അതിനാൽ ഒരു സെക്കണ്ടിൽ ഉണ്ടാകുന്ന തരംഗങ്ങളുടെ എണ്ണവും പലതായിരിക്കും. ഈ എണ്ണത്തിനാണു പ്രകാശത്തിന്റെ അഭീക്ഷ്ണത (Frequency) എന്നു പറയുന്നതും. പ്രകാശത്തിന്റെ അഭീക്ഷ്ണതാവ്യത്യാസം അനുസരിച്ചു തരംഗദൈർഘ്യവും വ്യത്യാസപ്പെടുന്നു.

ഓരോ വസ്തുവും (Element) തന്മാത്രകളെ ഉൾക്കൊള്ളുന്നു. ഒരു വസ്തുവിലുള്ള തന്മാത്രകൾ നിശ്ചലാവസ്ഥയിൽ സ്ഥിതിചെയ്യുകയാണെന്നു സങ്കല്പിക്കുക. അപ്പോഴാണു പ്രകാശരശ്മി ആ വസ്തുവിൽ തട്ടുന്നത്. ഇപ്രകാരം പ്രകാശരശ്മി തട്ടുന്നതോടുകൂടി തന്മാത്രകൾ സ്പന്ദിക്കുവാൻ ആരംഭിക്കുന്നു. ഈ സ്പന്ദനത്തിന്റെ അഭീക്ഷ്ണതയും, പ്രകാശരശ്മിയുടെ അഭീക്ഷ്ണതയും ഒന്നുതന്നെയായിരിക്കും. ഇങ്ങനെ അതേ അഭീക്ഷ്ണതയിൽ തന്നെ സ്പന്ദിക്കുവാൻ സാധിക്കുന്നതിനാൽ ഓരോ തന്മാത്രയും ഓരോ Transmitter എന്നപോലെ വർത്തിക്കുന്നു. അതിനാൽ ചെന്നുതട്ടുന്ന അതേ അഭീക്ഷ്ണതയോടെ പ്രകാശരശ്മികൾ നാലുപാടും വിതറപ്പെടുന്നു. ഇതാണ് Rayleigh Scatterting എന്ന പേരിൽ അറിയപ്പെടുന്നത്. എന്നാൽ ഒരു തന്മാത്രയും നിശ്ചലാവസ്ഥയിൽ സ്ഥിതിചെയ്യുന്നില്ല. അതേകാരണംകൊണ്ടുതന്നെ, അവയിൽ തട്ടുന്ന പ്രകാശരശ്മികൾ തിരിച്ചയയ്ക്കപ്പെടുന്നത് അതേ അഭീക്ഷ്ണതയോടുകൂടിയല്ല എന്നു നമുക്ക് മനസ്സിലാക്കാം. അവ വിഭിന്ന അഭീക്ഷ്ണതകളോടുകൂടിയാണ് തിരിച്ചയയ്ക്കപ്പെടുന്നത്. ഇങ്ങനെ ഒരു വസ്തുവിൽ തട്ടുന്ന പ്രകാശരശ്മി അഭീക്ഷ്ണതാവ്യത്യാസം സംഭവിച്ചു നിറഭേദമുള്ളതായിത്തീരുന്നു. ഇപ്രകാരം "ഒരേ നിറത്തിലുള്ള രശ്മികൾ ഒരു വസ്തുവിൽകൂടി കടന്നുപോകുമ്പോൾ പലനിറത്തിലുള്ള രശ്മികളായി വിക്ഷേപണം ചെയ്യപ്പെടുന്നു" എന്ന തത്വത്തിനാണു Raman Effect എന്നു പറയുന്നത്. രശ്മികൾക്കു വർണ്ണഭേദം വരുന്നതു തന്മാത്രകളുടെ അഭീക്ഷ്ണതാവ്യത്യാസം അനുസരിച്ചാണ്. ഇങ്ങനെ വർണ്ണഭേദം വന്ന രശ്മികളാണു Raman lines or bands എന്ന പേരിൽ അറിയപ്പെടുന്നത്. ഈ രശ്മികളെ ഉൾക്കൊള്ളുന്ന സ്പെക്ട്രത്തിന് Raman Spectrum എന്നും പറയുന്നു.

സർ സി. വി. രാമൻ ഇതു കണ്ടുപിടിച്ചു പല പരീക്ഷണങ്ങൾ മുഖേനയും തെളിയിച്ചു. അവയിൽ ഒരെണ്ണം താഴെ പറഞ്ഞിരിക്കുന്നതാണ്:—

ഒരു വലിയ ഗ്ലാസ്ഫ്ളാസ്കിൽ നിറയെ പരീക്ഷണത്തിനു വിധേയമായിരിക്കുന്ന ദ്രാവകം എടുക്കുന്നു. ഈ ദ്രാവകത്തിൽകൂടെ ഒരു മെർക്കുറി ആർക്ക് വിളക്കിന്റെ പ്രകാശം കടത്തിവിടുന്നു. അതിൽനിന്നും വരുന്ന പ്രകാശം ഒരു സ്പെക്ട്രോസ്കോപ്പിൽ കൂടെ കടന്നു വിക്ഷേപണം ചെയ്യപ്പെടുമ്പോൾ അതിന്റെ ഒരു Spectrum ലഭിക്കുന്നു. ഇങ്ങനെ വിക്ഷേപണം ചെയ്യപ്പെട്ട രശ്മികൾ താരതമ്യേന തരംഗദൈർഘ്യം കൂടിയവയായിരുന്നു. പക്ഷേ തരംഗദൈർഘ്യം കുറഞ്ഞതും ഇല്ലാതില്ല. ഈ മാർഗ്ഗംകൊണ്ടു മുഴുവൻ പ്രകാശവും ഉപയോഗപ്പെടുത്താൻ സാധിച്ചിരുന്നില്ല. അതിനുവേണ്ടി ദ്രാവകം ഒരു ട്യൂബിൽ എടുത്തു. വീണ്ടും ഈ ട്യൂബിനു പുറമേ വേറൊരു ട്യൂബിൽ പച്ചവെള്ളവും എടുത്തു. ഈ വെള്ളവും അധികമായി ചൂടുപിടിക്കുന്നതിനെ തടയാൻ വേണ്ടിയാണ്. ഈ ട്യൂബുകളോടു വളരെ സമീപിച്ചു ആർക്ക് ലാംപും വയ്ക്കുന്നു. ഇങ്ങനെ



കടന്നുവരുന്ന രശ്മികൾ വിക്ഷേപണം ചെയ്യപ്പെട്ട എളുപ്പത്തിലും ശരിയായ രീതിയിലും Spectrum ലഭിക്കുന്നു. ഇതിനുപയോഗിക്കുന്ന ട്യൂബുകൾ Raman tubes എന്നു വിളിക്കപ്പെടുന്നു. ഈ ട്യൂബുകൾ നേർമ്മയേറിയ കട്ടികുറഞ്ഞ ഗ്ലാസ്സുകൊണ്ടു നിർമ്മിക്കപ്പെടുന്നവയാണ്. ഇപ്പോൾ നൂതനമായി കണ്ടുപിടിക്കപ്പെട്ട പല ഉപകരണങ്ങളും ഇതിനെ അതിശയിക്കുന്നുണ്ട്. സി. വി. രാമൻ ഈ ട്യൂബുകളിൽ പലേ ദ്രാവകങ്ങളും നിറച്ചു അവയിൽകൂടി പ്രകാശം കടത്തിവിട്ടു വിവിധങ്ങളായ രേഖകളെ കണ്ടുപിടിച്ചു ലോകസമക്ഷം തെളിയിച്ചു.

സർ സി. വി. രാമനെ ഈ സുപ്രസിദ്ധമായ കണ്ടുപിടിത്തത്തിലേക്കു നയിച്ച പരിതസ്ഥിതികൾ രസകരങ്ങളാണ്. ഒരു ശാസ്ത്രജ്ഞന്റെ പുത്രനിൽ സ്വാഭാവികമായിത്തന്നെ ഗവേഷണപാടവം ഉണ്ടായതിൽ അത്ഭുതം വിചാരിക്കാനില്ല. സർവ്വത്ര ശാസ്ത്രമയമായ ഒരന്തരീക്ഷം ആ വിപത്തിനു വളമായിത്തന്നെ പരിണമിച്ചു. ഉന്നത വിദ്യാഭ്യാസാർത്ഥം വിദേശത്തു പോകണമെന്നുള്ള രാമന്റെ ആഗ്രഹം സഫലീകൃതമായില്ല. ആ നിരാശയിൽ നിന്നും ഉടലെടുത്ത ഒരു ആത്മധൈര്യമായിരിക്കണം ഈ കണ്ടുപിടിത്തത്തിനും ഹേതു. പ്രകൃതിയിലെ ആസ്വാദ്യവസ്തുക്കളെ ശരിയായി ആസ്വദിക്കുന്നതിനോടൊപ്പം തന്നെ അതിന്റെ മൂലകാരണം ആരായുന്നതിനുള്ള ഒരു ജിജ്ഞാസയും രാമനിൽ അനുദിനം വളർന്നു വന്നു. അദ്ദേഹത്തിന്റെ ഗൃഹം കടൽക്കരയിലായിരുന്നു. കടൽജലത്തിൽ സൂര്യരശ്മികൾ തട്ടുമ്പോഴുണ്ടാകുന്ന വർണ്ണഭേദം രാമനെ അത്യധികം ആകർഷിച്ച ഒന്നായിരുന്നു. മാത്രമല്ല പല തവണ കപ്പൽയാത്രകൾ ചെയ്യുവാനുള്ള സൌകര്യവും ലഭിച്ചിരുന്നതിനാൽ ആ സമയമെല്ലാം ഈ ഒരു സംഗതിയിൽ തന്നെ ദത്തശ്രദ്ധനായിരിക്കാൻ സാധിച്ചു. ചില സഞ്ചാരപരിപാടികൾക്കിടയിൽ കാണപ്പെട്ട ചില നിറമുള്ള മഞ്ഞിൻ കഷണങ്ങളെ അദ്ദേഹം സസൂക്ഷ്മം പരിശോധിച്ചു. പൊട്ടിച്ചെടുത്തു നോക്കുമ്പോൾ അവയ്ക്കു നിറമില്ലെന്നും അദ്ദേഹം കണ്ടുപിടിച്ചു. അവിടെനിന്നും തിരിയെ വരുമ്പോൾ അദ്ദേഹത്തിന്റെ മനസ്സു ഈ ഒരു ചിന്തയാൽ ഇളകിക്കൊണ്ടിരിക്കയായിരുന്നു. അവസാനം ഇവയുടെ തത്വമായ രാമൻ ഇഫക്ട് എന്ന നോബൽ സമ്മാനാർഹമായ കണ്ടുപിടിത്തത്തോടുകൂടി അദ്ദേഹം ആശ്വാസചിത്തനായിത്തീർന്നു.

## അനുസ്മരണ

(കെ. എം. അബ്ദുൽകരീം)

നോക്കുക, നോക്കുക സോദരരെ,
ദർശനസൂക്ഷ്മമാം ദൃഷ്ടിയോടെ
കയ്യിൽ വടിയുമായ് വന്നു നില്പും
അർദ്ധനഗ്നാംഗനാം ബാപ്പുജിയെ
സൌന്ദര്യദർശനമായി മാത്രം
നോക്കുകിൽ ശൂന്യമാണപ്രദേശം
മുണ്ഡനം ചെയ്ത ശിരസ്സുമായി,
നീണ്ടു വിരിഞ്ഞ ചെവിയുമായി
ചെററുകുഴിഞ്ഞൊരു ദൃഷ്ടികളും
ചന്തത്തിൽ പൊങ്ങിയ നാസികയും
ചുക്കിച്ചുളിഞ്ഞ കവിളുകളും
സാധനമേറെറാരു പല്ലുകളും
എല്ലുകളുന്തുന്ന നെഞ്ചുമായി
നേർമ്മയിൽ നീളും കരങ്ങളുമായി

തൻകയ്യാൽ തീർത്തൊരു ഖാദിവസ്ത്രം
മുട്ടോളംമെത്തുംവരെക്കും ചുററി
ഇരുവള്ളിയുള്ളൊരു പാദപത്മം
മന്ദതരമായി നീക്കി നീക്കി,
പരിശുദ്ധമായൊരു മണ്ഡപത്തെ
സവിധത്തിലാക്കുന്ന ബാപ്പുജിയെ
താൻ തന്റെ നിത്യപ്രവൃത്തിയിങ്കൽ
ഗീതതന്നാശയം നിത്യമാക്കി.
മുഹമ്മദിൻ ചര്യയെയാദരിച്ച്
ക്രിസ്തുവിൻ വാക്യങ്ങളാചരിച്ച്,
സർവ്വമതങ്ങളുമേന്തിയേന്തി
സവിധത്തിലെത്തുന്ന ബാപ്പുജിയെ
ശാന്തിയും തൃപ്തിയും വിതറിയോരു
സത്യവും ധർമ്മവും പാടിയോരു

വിശാലദീപത്തിന്റെ മുൻപിലിതാ
പ്രത്യക്ഷമാകുന്നു കാക്കിവേഷം
ദുർബലമായോരു തൻ കരങ്ങൾ
ഊന്നുവടികൾ കുമാരിമാരിൽ
ഏന്തിയ വൃദ്ധന്റെ പാദപത്മം
സോപാനതരമായി നീങ്ങിടുമ്പോൾ
ദുഷ്ടഹൃദയമക്കാക്കിവേഷം
തൻകരമെന്തുന്നുയർത്തിടുന്നു.

* * * *

ശക്തമാം തോക്കിൽ നിറയൊഴിഞ്ഞു
ക്ലിഷ്ടമാം കായം മറിഞ്ഞു വീണു
ഭാരതം പിന്നെയും ശോകയായി
ഭാരതം പിന്നെയനാഥയായി
അംബേ! നിന്നോമനപ്പുത്രനിതാ
നിന്നിൽ നിന്നെന്നേക്കും പോയിടുന്നു
മക്കൾ തൻ ക്രൂരപ്രവൃത്തിയാലെ
ദില്ലിയിൽ വെന്തോരു മസ്ജിദിനെ
രക്ഷിക്കകാരണമല്ലിതല്ലോ
പോകുന്നിതേതൻ പ്രിയ ബാപ്പുജിയും
നോക്കുക മങ്ങി മറഞ്ഞ കണ്ണിൽ
മൈത്രി തൻ ഭാവമതല്ലേ കാൺമൂ
ദുഃഖിതരേറുന്നലോകമുണ്ടോ
സത്യവും ധർമ്മവും ആശിക്കുന്നു.
രക്തമിളുക്കുമീലോകമുണ്ടോ
അഹിംസയും ശാന്തിയും നോക്കിടുന്നു
എല്ലാം മറക്കുന്ന കാലമിതാ
തത്പുസ്മരണകൾ മാററിടുന്നു.

---

## *ഞങ്ങൾ പ്രതികാരം ചോദിക്കും

(പി. ജി. മാധവൻ, II U. C.)

ധിറുതിയിൽ കുറെ പുസ്തകങ്ങളും പെറുക്കിയെടുത്തുകൊണ്ട് അനിത അമ്മയുടെ അടുക്കൽ ചെന്നു തല കുനിച്ച് അമ്പു പായുന്നതുപോലെ സ്കൂളിലേക്ക് പാഞ്ഞുപോയി. അതെ, അവൾ ഒരു അമ്പുതന്നെയായിരുന്നു. വടിവൊത്തു മിനുത്ത നാസികയിലും, നീലലോചനങ്ങളിലും, കൊമ്പിക്കണ്ണെഴുതിയ നടത്തയിലും ആകർഷണത്തിന്റെ അലതല്ലൽ പ്രത്യക്ഷീഭവിച്ചിരുന്നു. നൃത്തം ചെയ്യുന്ന നടത്ത, തന്റേടം കലർന്നതും കുസലില്ലാത്തതുമായ സ്വഭാവം—അതെ, ആളുകൾ അതുകൊണ്ടുതന്നെ അവളെ ഓമനിച്ചിരുന്നു.

1941 ലാണ് ആ നിയമനം ഉണ്ടായത്; രാമബാബു—അവളുടെ അച്ഛൻ—സ്ഥലത്തെ സ്കൂളിലെ അദ്ധ്യാപകനായിത്തീർന്നു. വെറും 35 രൂപാ മാത്രം! അച്ഛൻ വരുത്തിവച്ച ഋണബാദ്ധ്യതയെ പരിഹരിക്കുന്നതിനായി തങ്ങൾക്കുള്ളതെല്ലാം വിററു ബാബുവും കുടുംബവും പട്ടണത്തിൽ വന്നിട്ടു പത്തു വർഷങ്ങളോളമായിക്കാണും. കുടുംബാവശ്യങ്ങളുമായി നട്ടംതിരിയുന്ന ബാബുവിനു അപ്പോൾ കിട്ടിയ ആ തുച്ഛമായ ശമ്പളം വലിയൊരനുഗ്രഹം തന്നെയായിരുന്നു.

യുദ്ധം! അതങ്ങനെ ക്രൂരമായി നടന്നുകൊണ്ടിരുന്നു. ഒരു വശത്തു കൊള്ളും കൊലയും, മറുവശത്തു അനിയന്ത്രിതമായ വിലക്കയററവും. ബാബുവിനു മുപ്പത്തഞ്ചു രൂപാകൊണ്ടു തന്റെ കുടുംബത്തെ പോററിപ്പുലർത്തേണം. ദിവസങ്ങൾ കഴിയുന്തോറും, യുദ്ധക്കൊതിയന്മാർ കശക്കിയെറിയുന്ന ക്രൂര മർദ്ദനങ്ങളിലേക്ക ലോകം നീങ്ങിക്കൊണ്ടിരുന്നു. ബാബുവിനു തന്റെ കുടുംബത്തിലെ പ്രശാന്തസുന്ദരമായ അന്തരീക്ഷത്തെ മുന്നോട്ടു നീട്ടിക്കൊണ്ടുപോകുവാൻ കഴിഞ്ഞില്ല.

പലപ്പോഴും, അനിതായ്ക്കു് പാലിൽ ചേർക്കുന്നതിനോ, പകൽ മുഴുവൻ അദ്ധ്യാപനവും കഴിഞ്ഞു മടങ്ങിയെത്തുന്ന ബാബുവിനു ഒരു കാപ്പിയിൽ ചേർക്കുന്നതിനോ ആ വീട്ടിൽ ഒരു തരി പഞ്ചസാരപോലുമില്ലായിരുന്നു. ആവശ്യത്തിനുള്ള ഭക്ഷണംപോലും കഴിക്കുന്നതിനു ഒരുത്തർക്കും സാധിക്കാതെ വന്നതിനാൽ ഭക്ഷണക്കാര്യം അലട്ടുന്ന ഒരു പ്രശ്നമല്ലാതായിത്തീർന്നു. ഇതിലും പരിതാപകരമായിരുന്നു വസ്ത്രക്കാര്യം; മനുഷ്യർക്ക ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യം.

*An independent translation of the story "We shall avenge" written by 'Kranthi' which got an honourable mention in world festival story and poem competition.



അനിത അപ്പോഴും സ്കൂളിൽ പോയിക്കൊണ്ടിരുന്നു. അവൾ നിമിഷങ്ങളെ പിന്നിട്ടു വളരുകയാണ്. പരിസരങ്ങളുടെ എതിർപ്പിനേയും തട്ടിമാററിക്കൊണ്ടു അവളുടെ മാറിടം പൂർണ്ണിമയിലേക്ക കുതിച്ചുതുള്ളി. സ്കൂൾകുട്ടിയാണ്, യൗവനത്തിലേക്ക കാലൂന്നുന്നു; അവൾക്കുമില്ലേ ആവശ്യങ്ങൾ? പുസ്തകവും വസ്ത്രവും ഇല്ലാതെ സാധിക്കുമോ? ഒരു ഭാരതസ്ത്രീക്ക ഒഴിച്ചുകൂടാൻ പാടില്ലാത്തതുണ്ടുപോലും ആ വീട്ടിൽ നല്ലതായിട്ടില്ല. ബാബുവിനു ഏതാണ്ടു ഒരുജോഡി നല്ല വസ്ത്രം ഉണ്ടായിരുന്നു. ഈ ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയിൽ മീററിംഗുകളിലും, സ്കൂളിലും പോകുന്നതിനു കുറെയെങ്കിലും നല്ല വസ്ത്രങ്ങൾ ഉണ്ടെങ്കിലല്ലേ അവനു അവിടെ സ്ഥാനമുള്ളു?

ഇതത്രയും രാമബാബുവിനു സഹിക്കാമായിരുന്നു. വളർന്നുവരുന്ന അനിതായെക്കാണുമ്പോൾ രാമബാബു അറിയാതെ ഞെട്ടാറുണ്ട്. എല്ലാ പിതാക്കളെപ്പോലെയും ബാബുവിനെ മകളുടെ ഭാവി അലട്ടിക്കൊണ്ടിരുന്നു. മകൾക്കു ഒരു നല്ല ഭർത്താവിനെ ലഭിക്കണമെന്നാഗ്രഹമുണ്ടെങ്കിലും, നല്ല വരനു വളരെ വിലക്കൂടുമെന്നു ബാബുവിനു അറിയാമായിരുന്നു. നീറിപ്പുകഞ്ഞ ചിന്തകളുമായി ദിനങ്ങൾ കഴിഞ്ഞുകൊണ്ടേയിരുന്നു.

അച്ഛന്റെ ശോഷിച്ച ബഡ്ജററിനെ തകിടം മറിക്കുന്ന ആവശ്യങ്ങളുമായാണ് അനിത ഓരോ ദിവസവും സ്കൂളിൽനിന്നും വന്നു ചേരുന്നത്. "അച്ഛാ, ഒരു പുസ്തകം. ഡ്രില്ലിനൊരു സ്യൂട്ട് വേണമെന്ന് അവർ പറഞ്ഞു. ഈ പുസ്തകത്തിന്റെ ഒരു പരിഷ്കരിച്ച പതിപ്പു വേണമെന്നവർ പറഞ്ഞു, ഇതിന്റെ ഒരു കോപ്പി, അതിന്റെ ഒരു കോപ്പി." ആ അച്ഛനങ്ങനെ മിഴിച്ചിരുന്നുപോകും. മകൾക്കുവേണ്ടി ചെലവഴിച്ചിരുന്ന ചെറിയ തുകകൾ അദ്ദേഹത്തിന്റെ വരുമാനത്തിന്റെ നല്ല ഒരു ഭാഗത്തെ അപഹരിച്ചെടുക്കാറുണ്ട്. കടംപോലും വാങ്ങിക്കേണ്ട വിധത്തിൽ അനിതയുടേയും കുടുംബത്തിന്റേയും ആവശ്യങ്ങൾ ആ ചെറുബഡ്ജററിൽ ഞെരുങ്ങാതിരുന്നിട്ടുണ്ട്. ഭാര്യ, കാന്തിയുടെ ശരീരത്തിലെ കീറവസ്ത്രങ്ങളിൽ കണ്ണു പതിയുമ്പോൾ ബാബു അറിയാതെ കണ്ണുകൾ അടഞ്ഞുപോകും. എങ്കിലും "അവൾ എത്ര ശാന്തതയും, ഭക്തിയും ഉള്ള ഒരു സ്ത്രീയാണ്" എന്നോർത്തു അദ്ദേഹം സമാധാനിക്കും.

ദിവസങ്ങൾ കഴിയുന്തോറും യുദ്ധത്തിന്റെ ഭീകരത അതിന്റെ മൂർദ്ധന്യതയിലേക്കു കുതിച്ചുകൊണ്ടിരുന്നു. ഹിററ്ലറുടെ സൈന്യം സോവിയററുനാടിന്റെ തങ്കപ്പെട്ട പ്രദേശങ്ങൾ കൊള്ളയടിക്കുന്നു. ജപ്പാൻ 'സാമുറായി'കൾ ചൈനയിലേക്കും ഏഷ്യയുടെ തെക്കുകിഴക്കെ ഭാഗങ്ങളിലേക്കും കുതിച്ചുകയറിക്കൊണ്ടിരുന്നു. അരിവില കണ്ടമാനമായി വർദ്ധിച്ചു. വസ്ത്രവില ആകാശത്തിലേക്കുയർന്നു. ഫാസിസ്ററുസേനയുടെ തള്ളിക്കയററത്തിൽ സാധനവില വാണംപോലെ ഉയരുകയല്ലാതെ കുറയാൻ പോകുന്നോ? ലക്ഷോപലക്ഷത്തിനു ആവശ്യത്തിനുള്ള സാധനങ്ങളുടെ വില അപ്രാപ്യതയിലേക്ക ഉയർന്നുകഴിഞ്ഞിരിക്കുന്നു. പക്ഷെ, മനുഷ്യപ്രയത്നത്തിനു ഇതുവരെയും വില ഉയർന്നിട്ടില്ല. ബാബുവിനു ഇപ്പോഴും ആ മുപ്പത്തഞ്ചു മാത്രമേ ഉള്ളൂ. അദ്ധ്യാപകന്മാരെല്ലാം ശമ്പളം വർദ്ധിപ്പിക്കണമെന്നു സ്കൂൾ അധികാരികളുടെ അടുക്കൽ ആവശ്യപ്പെട്ടു. അവർ നിരാശരായിത്തീരുകമാത്രമേ ഉണ്ടായുള്ളു. ഒന്നരാടപ്പട്ടിണിയുമായി അവർ അവരുടെ പണി തുടരേണ്ടതായിവന്നു. അവരുടെ അഭ്യർത്ഥനയും, അവരുടെ പണിമുടക്കുമെല്ലാം ആകാശത്തിൽ ലയിച്ചുചേർന്നു.

കുടുംബജീവിതം വഷളായിത്തീർന്നു. അനിതാ പലപ്പോഴും അച്ഛനോടു ഒരു ശിശുവിനെപ്പോലെ ചോദിക്കും "അച്ഛാ, എന്തിനാണിവിടെ യുദ്ധം നടത്തുന്നത്? എന്തുകൊണ്ടാണ് നമുക്ക പഞ്ചസാര കിട്ടാത്തത്? ദിവസേന വിലക്കയററം ഉണ്ടാകുന്നതു എന്തുകൊണ്ടാണ്? എന്തിനാണീയുദ്ധം, ആരാണീ യുദ്ധം നടത്തുന്നത്?" ഇതുപോലെ അവസാനമില്ലാത്ത നൂറുനൂറു ചോദ്യങ്ങൾ. ആരും അതിനുത്തരം പറഞ്ഞിരുന്നില്ല, കാരണം ആർക്കും അതിനുത്തരം ഉണ്ടായിരുന്നില്ല. ഈ കുട്ടിയെ യുദ്ധത്തെപ്പററി മനസ്സിലാക്കിയിട്ടെന്താണുകാര്യം? യുദ്ധത്തെപ്പററി അച്ഛൻ ആളുകളുമായി വാദപ്രതിവാദമുണ്ടാക്കുമ്പോൾ അവൾ ശ്രദ്ധിച്ചുനിൽക്കും. യുദ്ധം, ജനങ്ങൾക്ക ഒരു പൊതുവിഷയമായിത്തീർന്നു. യുദ്ധ നിലയേയും, മുന്നണിയേയും പററിയു

തിച്ചുകയറി. പ്രസംഗിച്ചുകൊണ്ടുനിന്ന കുട്ടിയെ തള്ളിമാറ്റിക്കൊണ്ട് സദസ്യരോടായി "സമാധാനത്തിനായി പ്രസംഗങ്ങൾ ഒന്നും ആവശ്യമില്ല. നമുക്കാശത്രുക്കളോടു പടപൊരുതാം. കഴിഞ്ഞ യുദ്ധഫലമായി എനിക്കെന്റെ അച്ഛനെ നഷ്ടപ്പെട്ടു. എന്റെ സ്കൂൾ എന്നേക്കുമായി അടയ്ക്കപ്പെട്ടു. എന്റെ അമ്മ ഇപ്പോഴും ഉടുതുണിയില്ലാതെ വീട്ടിൽ കരുതിയിരിക്കുന്നു...... യുദ്ധം തുടങ്ങി. കൊറിയായിൽ കൊളുത്തിയ അഗ്നി ലോകമാകെ പടർന്നുപിടിച്ചേക്കും. നമുക്കതു ത-ട-യ-ണം." അവൾ അട്ടഹസിച്ചു ഓരോ വാക്കിനോടൊപ്പവും ആ ഇമകൾ രൂക്ഷമായി, കേശം ചിന്നിച്ചിതറി വികാരാവേശത്താൽ തൊണ്ടയിടറി. കൈകൾ കൊണ്ടു കണ്ണു പൊത്തി. രണ്ടുതുള്ളി ചുടുനിണം ആ കണ്ണുകളിൽനിന്നും നിലംപതിച്ചു. യോഗവും ഏതാണ്ടവസാനിച്ചു.

അന്ന് ഒരു ഒഴിവുദിവസമാണ്. കോളേജുകളെല്ലാം അടച്ചിരുന്നു. വിദ്യാർത്ഥിനികൾ സമാധാനാഭ്യർത്ഥനയ്ക്കായി തടിച്ചുകൂടിയിരിക്കുന്നു. ജീവാവേശം കൊള്ളിക്കുന്ന സ്മൃതിമധുരമായ ഗാനാലാപത്തോടെ ആ ഘോഷയാത്ര പട്ടണമദ്ധ്യത്തിൽകൂടി മുന്നോട്ടു നീങ്ങി. "സ്റ്റോക്ക്ഹോം അപ്പീൽ" പിടിച്ചിരുന്ന കൈകൾ ആകാശത്തിലേക്ക് ഉയരുന്നുണ്ട്. അനിതയാണ് അവരെ നയിച്ചിരുന്നത്. ആളുകൾ ധാരാളമായി വന്ന അഭ്യർത്ഥനയിൽ ഒപ്പുകൾ കൊടുത്തുകൊണ്ടിരുന്നു. പെട്ടെന്ന് ആളുകളുടെ മദ്ധ്യത്തിൽനിന്നും തുരുതുരാ കല്ലുകൾ വിദ്യാർത്ഥിനികളിൽ വന്നു പതിച്ചു. എവിടെനിന്നോ ഒരു വെടിയുണ്ട ചീറ്റി പാഞ്ഞു. അനിത നിലംപതിച്ചു, ആ അപ്പീലും മുറുകെ പിടിച്ചുകൊണ്ട്. രക്തക്കുഴൽ പൊട്ടിയൊഴുകി. ചുടുനിണം ചീറ്റിപ്പാഞ്ഞു. ആ ഒഴുക്ക് കയ്യിൽ ഇരുന്ന അഭ്യർത്ഥനയിൽ ചെന്നു പതിച്ചു. അതേ, അവളുടെ പേരുകൂടി ആ അഭ്യർത്ഥനയിൽ അടയാളപ്പെടുത്തിക്കൊള്ളട്ടെ! ആൾക്കൂട്ടത്തിൽനിന്നും ഒരു മനുഷ്യൻ ഓടി മറഞ്ഞു. അയാൾ പോയ വഴിയിൽ കിടന്ന പൊതി നിവർത്തു നോക്കിയപ്പോൾ കടലാസ്സുകളിൽ പൊതിഞ്ഞ ഒരു റൈഫിൾ ഇരിക്കുന്നതായി കണ്ടു.

രക്തത്തിൽ മുങ്ങിയ അനിതയുടെ ശരീരമെടുത്തുകൊണ്ടവർ ശ്മശാനത്തിലേക്കു പോയി. ആ കൈകളിൽ അപ്പോഴും ആ അഭ്യർത്ഥനാപത്രം മുറുകെ പിടിച്ചിട്ടുണ്ട്. മൗനമായ ഘോഷയാത്ര. ആളുകൾ തിങ്ങിക്കൂടി. "യുദ്ധക്കൊതികളെ തുലയ്ക്കുക." ആകാശം പൊട്ടുമാറു ജനങ്ങൾ ആർത്തുവിളിച്ചു.

ശവശരീരവുമായി അവർ ശ്മശാനത്തിൽ എത്തിച്ചേർന്നു. അവസാനമായി, സമാധാനത്തിനിറങ്ങി രക്തത്തിൽ കുളിച്ചു വീരചരമം പ്രാപിച്ച ആ കോമള ശരീരത്തിനു തീകൊളുത്തി. ഒരു കൊച്ചു പെൺകുട്ടി നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു നിവർത്തിയ കടലാസിൽനിന്നും വായിച്ചു. "സമാധാനസംസ്ഥാപനത്തിനായിറങ്ങിയ അനിതയുടെ മരണത്തിനു ഞങ്ങൾ പ്രതികാരം ചോദിക്കും." ആയിരം ശബ്ദങ്ങൾ അതു ഏറ്റുപറഞ്ഞു. "ഞങ്ങൾ പ്രതികാരം ചോദിക്കും."

---

## വേദനകൾ ശബ്ദിക്കുന്നു

(പി. വി. വേലായുധൻ)

Class IV

(ഒന്ന്)

കത്തു ഞാനൊരു കുറി വായിച്ചു; ശോകോന്മാദ-
തപ്തമെൻ മിഴിയിണ നിറഞ്ഞു വികാരങ്ങൾ
അലറിക്കിതയ്ക്കുന്നു, തുള്ളുന്നു തലച്ചോറിൽ
ചുടലപ്പിശാചിനെപ്പോലെ ചിന്തകളെല്ലാം.
രക്തനാഡികളുടെയോട്ടുന്നു പ്രതീകാര-
ബുദ്ധിതൻ തീനാളങ്ങൾ വഹിക്കും ജീവാണുക്കൾ
കൈയിലാക്കടലാസ്സു കീറിതന്നിടറുന്നു......
കൺമുന്നിൽ തെളിയുന്നു രക്തചിത്രങ്ങൾ നീളെ!
അക്കത്തിന്നുടമസ്ഥനായിരം കാതം ദൂരെ-
കൽക്കട്ടാനഗരത്തിൽ കമ്പിനിക്കൂലിക്കാരൻ.
അമ്മ തൻ പണം തീർക്കാൻ നാലായി കൊല്ലം പോയി-
ട്ടമ്മകനെഴുതുന്നു മിത്രമാമെനിക്കായി.
വിറയും കടലാസ്സിൽ കൊള്ളുന്ന വികാരങ്ങൾ-
ക്കെരിയും മണൽക്കാട്ടിൻ നിറ,ലെന്തൊരു നിറത് !!
മിഴികൾ വിടരുന്നു, സ്വപ്നങ്ങൾ ജ്വലിക്കുന്നു
"പറയാനെനിക്കുണ്ടു സുഹൃത്തേ ! ചരിത്രങ്ങൾ.
അമ്മയ്ക്കു സുഖമാണെന്നറിയാം ഭവാനില്ലേ
നന്മകൾ വിരിക്കുന്ന പുത്രനായരികത്തിൽ.
പത്തുറപ്പികയിന്നു ഞാനയയ്ക്കുന്നു ; മാസം
പത്തുറപ്പിക നാട്ടിലെന്തുള്ളു ദാരിദ്ര്യത്തിൽ?
നോവുക,യാത്മാവിന്റെ നോവുക,യിവയെന്നി-
ലായിരം ശോകാത്മക ചിന്തകൾ കൊരുക്കുന്നു.
ഞാനവകുറിക്കുവാനിരിപ്പു ; വിഷാദത്തിൻ
നീലിമയലതല്ലും കൺകളോ നിറയുന്നു!

(രണ്ട്)

കല്ക്കരിക്കുന്നിൻ മുമ്പിൽ ശാസ്ത്രത്തിൻ പ്രേതംപോലെ
ചൂറ്റിടും യന്ത്രത്തിന്റെ ഭീകരാരവം കേൾക്കെ,
എന്തൊരുകിടിലമാണെപ്പൊഴും ഹൃദയത്തിൽ......;
ചിന്തയിലിടിമിന്നിയീ ഭാഗം കുറിച്ചപ്പോൾ!!
പേടിച്ചുപേടിച്ചാണെൻ ജീവിതം യന്ത്രത്തിന്റെ
വായിൽ വീണരയുന്നു വേലക്കാർദിനംതോറും.
അമ്മയെക്കുറിച്ചോർക്കയെഴുതാൻ വിറയ്ക്കുന്നു
നിങ്ങളുണ്ടല്ലോ ചാരത്തെങ്കിലും മകനല്ല ?
ഉൽക്കടവിഷാദങ്ങൾക്കുള്ളം മഥിച്ചിട്ട-
സ്ഥിപഞ്ജരമാണീ നഗരത്തൊഴിലാളി.
ഇവിടെ ജീവശ്ശക്തി [illegible];
ഇവിടെ യന്ത്രത്തിന്റെ ശാസനം ജയിക്കുന്നു.
പച്ചനെൽപ്പാടത്താൽ സാരിത്തുമ്പുകളുലച്ചെത്തു-
മക്കൊച്ചു ഗ്രാമീണശ്രീയോർപ്പൂ ഞാൻ നിമേഷത്തിൽ!
അവിടെജ്ജ്വലിക്കുന്നു ജീവിത സംസ്കാരങ്ങൾ;
അവിടെജ്ജ്വലിക്കുന്നു സൌന്ദര്യസാമ്രാജ്യങ്ങൾ!!

(മൂന്ന്)

ആഴ്ചയിലൊരുദിനം പകലില്ലാക്കും ജോലി;
കാഴ്ചയ്ക്കായ് നഗരത്തിലെത്തിടും ഞങ്ങൾകൂടി.
പലരും ചലച്ചിത്രശാലയിൽ തിരക്കിടും
മധുരസ്വപ്നങ്ങൾ തൻ പള്ളിത്തേർ നടത്തിടാൻ.
വീട്ടിൽ നിന്നെത്തും നീറും കത്തുകൾ ചെപ്പിൽ കാണും
പാട്ടുകേൾക്കുവാനായി 'റ്റിക്കറ്റ്' വാങ്ങിക്കുമ്പോൾ!
അകലെ നാദബ്രഹ്മമൊഴുകിക്കളിക്കുമ്പോൾ
പുറമേ തെരുവിന്റെ മൂലയിൽ ദീനാക്രന്ദം

എന്തൊരു നിയമം ! ഞാനോക്കാറുണ്ടുലകിന്റെ
സന്തപ്തചിത്രങ്ങളിൽ തീ പിടിച്ചെരിയുമ്പോൾ!

(നാല്)

അജ്ഞത, പഞ്ഞം, രോഗമിങ്ങനെ കൂലിക്കാരെ-
യൊക്കെയും ഗ്രസിക്കുന്ന നാരകദേവതകൾ
നഗരം മുഴുവനും വിഴുങ്ങിത്തിമർത്തപ്പോൾ
നടന്നു നേതാക്കൾ തൻ 'സൽക്കാരം' കഴിഞ്ഞാഴ്ച.
നട്ടെല്ലു പറിച്ചെന്നു കിടക്കും പവമായ്
പ്പട്ടണത്തിലെ തെണ്ടിച്ചെക്കന്മാരലഞ്ഞപ്പോൾ
ആ വിരുന്നിലെന്നോ? വയിൻ, കേക്കുകൾ ......; സമൃദ്ധി തൻ
റേഡിയോ ഗാനംപോലെ രംഗങ്ങൾ മാറിപ്പോയി.
മർത്ത്യനെച്ചെകുത്താനായ് ത്താഴ്ത്തുമീ ദുർഗ്ഗീയമാം
തത്വനീതികളെന്നു മാറുമെൻ നാട്ടിൽ നിന്നും.
ഞാനെന്തിനെഴുതുന്നു : ജീവിതം ദുഃഖാത്മക-
മാരിലും പരാജയ ചിന്തകളുളവാക്കും.
'ആത്മഹത്യയാണെന്തുഭദ്ര' മെന്നൊരു ചിന്ത-
യാക്രമിക്കാറുണ്ടെന്നെയിയ്യിടെ കൂടെക്കൂടെ!!!

(അഞ്ച്)

നാലു വർഷമായെന്നെക്കാത്തു കാത്തിരിക്കുന്ന
തായതുന്നാമ്മയുള്ളിൽ ഞാനുമൊരു 'ഉദ്യോഗസ്ഥൻ'
മകനിന്നൊരു കരിക്കൊള്ളിയായ് മാറി; മാതാ-
വറിയാതിരിക്കട്ടെ മേലുമെൻ പരമാർത്ഥം!!
കാണുവാനെനിക്കെന്നുമോഹ, മാ മലയാള
നാട്ടുമെൻ മാതാവിന്റെ രൂപവും, ഭവാനെയും
എങ്കിലുമിനിയുമെൻ ജീവിതമിവിടത്തെ
സങ്കടരംഗങ്ങളിൽ നീങ്ങണം കുറെക്കൂടി!!"
കൈയിലാക്കടലാസ്സു കീറിത്തന്നിടവേ
കൺമുന്നിൽ തെളിയുന്നു സുഹൃത്തിൻ രൂപം വ്യക്തം !
'ആത്മഹത്യയാണെന്തുഭദ്രം'...... മെൻ ഹൃദയത്തി
ലാക്കുറിപ്പൊരു വജ്രഖഡ്ഗമായ്ച്ചീറിപ്പാഞ്ഞു!!

## സഹോദരി

(സരോജിനി)

നേരം പാതിരാ കഴിഞ്ഞു. പുറത്തു കലശലായി മഴ പെയ്യുന്നുണ്ട്. കാറ്റടിച്ചുവന്ന ജലകണങ്ങൾ മുഖത്തും ദേഹത്തും വീണപ്പോഴാണ് വിജയൻ തന്റെ മയക്കത്തിൽനിന്നും ഉണർന്നത്. തുറന്നു കിടന്നിരുന്ന ജനാലയിൽക്കൂടി അയാൾ പുറത്തേക്കു നോക്കി. കൂരിരുട്ടും ഭയങ്കരമായ മഴയും രാത്രിയുടെ ഭീകരത വർദ്ധിപ്പിച്ചു. അയാൾ ജനാലകളെല്ലാം ഭദ്രമായി അടച്ചു കുറ്റിയിട്ടു. മുറിയിലെ മങ്ങിയ വെളിച്ചത്തിൽ അയാൾ തന്റെ ഭാര്യയെ സൂക്ഷിച്ചുനോക്കി. പുറത്തു നടക്കുന്ന യാതൊന്നും അറിയാതെ അവൾ സുഖമായുറങ്ങുകയാണ്.



ആ രോഗിണിയുടെ വിളർത്ത ചുണ്ടുകളിൽ ഒരു മന്ദഹാസം കളിയാടുന്നുണ്ട്.

വിജയൻ സ്വസ്ഥാനത്തുനിന്നും എഴുന്നേറ്റു. അനേകം ദിവസങ്ങളായി അയാൾ സുഖമായി ഒന്നുറങ്ങിയിട്ട്. ഒരു പായ് നിവർത്തി ആ കട്ടിലിനു സമീപമിട്ട് അയാൾ അതിൽ കിടന്നു. കലശലായ ക്ഷീണം ഉണ്ടായിരുന്നെങ്കിലും അനേകമനേകം ചിന്തകൾ അയാളുടെ അന്തരംഗത്തെ മഥിച്ചുകൊണ്ടിരുന്നതിനാൽ നിദ്രാദേവി ആ ദുഃഖിതനെ അനുഗ്രഹിച്ചില്ല. ആ കിടപ്പിൽ കിടന്നുകൊണ്ട് വിജയൻ ഭൂതകാലത്തെപ്പററി ചിന്തിക്കാൻ തുടങ്ങി. നിരവധി പ്രതീക്ഷകളോടെയാണ്—അകംനിറഞ്ഞ ആനന്ദത്തോടെയാണ് അയാൾ ദാമ്പത്യാരാമത്തിലേക്കു കാലൂന്നിയത്. പക്ഷേ ആ ഭാവനകളെല്ലാം അടിയോടെ തകർന്നു. ആ സ്വപ്നസുമങ്ങളെല്ലാം ഒന്നില്ലാതെ വാടിക്കരിഞ്ഞു. ഇന്നയാളുടെ ജീവിതം ഉണങ്ങിവരണ്ട ഒരു മണലാരണ്യമാണ്. കമല! വിജയന്റെ ജീവിതത്തിലെ ഏററവും വലിയ നേട്ടമായിരുന്നു കമലയെ വിവാഹം കഴിക്കുക എന്നുള്ളത്. തന്റെ ജീവനെക്കാൾ കൂടുതൽ അയാൾ തന്റെ പത്നിയെ സ്നേഹിച്ചു. കഴിഞ്ഞ രണ്ടു വർഷക്കാലം വിജയന്റെ ജീവിതത്തിലെ സുവർണ്ണഘട്ടമായിരുന്നു. പക്ഷേ ഈ നാലു മാസം വരുത്തിവച്ച ഭയങ്കര മാററങ്ങൾ! നാലു മാസത്തിനു മുമ്പ് അയാൾ കരുതിയിരുന്നു തന്നോളം ഭാഗ്യവാനായ ഒരുത്തൻ ഇല്ലെന്ന്. എന്നാൽ ഇന്നോ? അയാളോളം നിർഭാഗ്യവാനായ ഒരുത്തൻ ഇല്ല. ഒരു കാട്ടുപൂങ്കുയിലിനെപ്പോലെ ആനന്ദിച്ചു നടന്നിരുന്ന അവൾ ഇന്നു പരസഹായം കൂടാതെ എഴുന്നേൽക്കാൻ പോലും വയ്യ എന്ന നിലയിൽ എത്തിയ ഒരു രോഗിണിയായിത്തീർന്നിരിക്കുന്നു. എല്ലും തോലുമായിത്തീർന്ന ആ രൂപം അയാളുടെ ഹൃദയത്തെ കാർന്നു തിന്നു. അയാൾ ചിന്തിച്ചു: "കഷ്ടം, എത്ര ഡോക്ടർമാരെ വിളിച്ചു കാണിച്ചു, എത്രമാത്രം പണം ചെലവാക്കി, പക്ഷേ ഫലം മാത്രം ഇല്ലല്ലോ. ഈ പണം മുഴുവൻ ഞാൻ ചെലവാക്കിയതു ഒഴിഞ്ഞ കുപ്പികൾകൊണ്ടു അലമാരി നിറയ്ക്കുന്നതിനോ? എല്ലാത്തിനുമില്ലേ ഒരതിര്? എന്റെ സഹനശക്തി മുഴുവൻ നശിച്ചു. ഈ ഭയങ്കര പരീക്ഷണംതന്നെ ഇനിയും തുടർന്നുകൊണ്ടു പോകുകയാണെങ്കിൽ ഞാൻ വല്ലവഴിക്കും ഓടിപ്പോകും."

ചിന്തകൾക്കു തീ കൊളുത്തുന്ന അത്തരം വിചാരങ്ങളിൽനിന്നു തല്ക്കാലത്തേക്കെങ്കിലും ഒരു മോചനം കിട്ടാൻ വിജയൻ ആഗ്രഹിച്ചു.

പുലർകാലത്തെ കുളിർമ്മയേറിയ കാററ് അയാളെ തഴുകി ആശ്വസിപ്പിച്ചപ്പോഴാണ് വിജയൻ പതുക്കെ ഒന്നു മയങ്ങിയത്. പക്ഷേ വേലക്കാരിയുടെ ഇടവിടാതെയുള്ള വിളി അയാളെ ആ മയക്കത്തിൽനിന്നും ഉണർത്തി. കമല സുഖമായുറങ്ങുകയാണ്. വിജയൻ എഴുന്നേററ് വാതിൽ തുറന്നു. വേലക്കാരി അകത്തു കടന്ന് കാപ്പിയും പലഹാരങ്ങളും മേശപ്പുറത്തു വച്ചിട്ട് പുറത്തു കടന്നു.

അടുത്ത വീട്ടിലെ റേഡിയോവിൽനിന്നും പുറപ്പെട്ട ചില പൊട്ടലും ചീറലും കമലയെ അവളുടെ സുഖസുഷുപ്തിയിൽനിന്നും ഉണർത്തി. അലമാരിയിൽനിന്നും മരുന്നെടുത്തുകൊണ്ടിരുന്ന സ്വകാന്തനെ നിറഞ്ഞ കണ്ണുകളോടെ അവൾ വീക്ഷിച്ചു. മരുന്നുമായി കട്ടിലിനു സമീപം വന്ന വിജയനോടു അവൾ പറഞ്ഞു "പോയി കാപ്പി കുടിക്കണം. എന്നിട്ടേ ഞാൻ മരുന്നു കുടിക്കുന്നുള്ളൂ." വിജയൻ നിർബ്ബന്ധിച്ചു "മരുന്നു കുടിക്കൂ." അവൾ അനുസരിച്ചില്ല. ഒടുവിൽ ഗത്യന്തരമില്ലാതെ അയാൾ കാപ്പി

കുടിച്ചു കുടിച്ചില്ല എന്നു വരുത്തി വീണ്ടും വന്നു.

മരുന്നു വാങ്ങി കുടിച്ചശേഷം കമല അല്പസമയം അയാളുടെ മുഖത്തുനോക്കി മിണ്ടാതെ കിടന്നു. കുറച്ചു കഴിഞ്ഞു് അവൾ പറഞ്ഞു. "മണി എട്ടായി. പോയി കുളിച്ചു വരണം." "വേണ്ട കമലേ, ഇപ്പോൾ കുളിക്കേണ്ട. ഞാനിന്നു ആഫീസിൽ പോകുന്നില്ല." കമല മറുപടി പറഞ്ഞില്ല. കുറച്ചു കഴിഞ്ഞു് അവൾ ചോദിച്ചു: "എനിക്കുവേണ്ടി എന്തിനു ഇത്രമാത്രം കഷ്ടപ്പെടുന്നു? അവിടുന്ന് അവധിയെടുക്കേണ്ട. എനിക്കുവേണ്ടി ഒരുതരത്തിലും അങ്ങു വിഷമിക്കരുതു്."

"കമലേ, നിനക്കുവേണ്ടിയാണ് ഞാൻ അവധി എടുക്കുന്നതെന്നു ആരു പറഞ്ഞു? നീ എന്തിന് വേണ്ടാത്തതെല്ലാം അനുമാനിക്കുന്നു. ഞാൻ ആഫീസിൽ പോയാലും എന്റെ ജീവൻ ഇവിടെ നിന്റടുത്തായിരിക്കും. നിന്നെ വിട്ടുപിരിയാൻ—നിന്നെ ഏകാകിനിയാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

വിളറി വെളുത്തിരുന്ന ആ രോഗിണിയുടെ മുഖം ഒന്നുകൂടി വെളുത്തു. അവൾ ചോദിച്ചു "എന്നെ ഏകാകിനിയാക്കാതെ ഇരിക്കാനാണോ? കഷ്ടംതന്നെ. അതു തീരെ നടപ്പില്ലാത്ത കാര്യമാണ്. അടുത്തുതന്നെ ഞാൻ അവിടുത്തെപ്പിരിഞ്ഞു് ഏകാകിനിയായി പോകേണ്ടിവരും. ഈ ദുരിതപൂർണ്ണമായ ജീവിതം എത്ര ദിവസംകൂടി കാണുമെന്നു മാത്രം എനിക്കു നിശ്ചയമില്ല. മരണത്തിൽ എനിക്കു ഭയമില്ല. പക്ഷെ അവിടുത്തെ പിരിയുന്നതിൽ വ്യസനമുണ്ടുതാനും. എങ്കിലും അങ്ങയുടെ ബുദ്ധിമുട്ടു കാണുമ്പോൾ അതു് എത്രയും വേഗം നടക്കുന്നതാണു നല്ലതെന്ന് ഞാൻ ആഗ്രഹിക്കാറുണ്ടു്."

വിജയൻ തന്റെ ഭാര്യയുടെ മെലിഞ്ഞ കരപല്ലവം തലോടിക്കൊണ്ടു പറഞ്ഞു: "കമലേ, നീ നിരാശപ്പെടാതിരിക്കൂ. എന്റെ ജീവൻ ത്യജിച്ചും നിന്നെ ഞാൻ വീണ്ടെടുക്കും. അല്പ ദിവസങ്ങൾക്കുള്ളിൽ നിനക്കു സുഖമാകും. പക്ഷെ നീ അശുഭമായ വാക്കു ഉച്ചരിക്കാതിരിക്കൂ."

കമല അല്പനേരം ആലോചനാമഗ്നയായിക്കിടന്നു. അതു കഴിഞ്ഞു് അവൾ പറഞ്ഞു, "എന്നാൽ അവിടുന്നു 'കല'യ്ക്കു എഴുതി അയക്കണം. അവൾ വരട്ടെ. അവളുടെ വരവ് നമുക്കിരുവർക്കും ഒരുപോലെ ഗുണപ്രദമായിരിക്കും."

"കമലേ, നീ ആരെപ്പററിയാണ് പറയുന്നതു? നിന്റെ അനുജത്തി കലയെപ്പററിയോ? വേണ്ട കമലേ, അതു വേണ്ട. അവിവാഹിതയായ ഒരു യുവതിയെ അങ്ങനെ താമസിപ്പിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല."

"എന്തുകൊണ്ട് ഇഷ്ടപ്പെടുന്നില്ല? അവൾ എന്റെ അനുജത്തിയല്ലേ? അവളുടെ സഹോദരിയുടെ കൂടെ താമസിക്കുന്നതിൽ അവൾക്കെന്താണു കുറവ്? പോരെങ്കിൽ അവൾ ജ്യേഷ്ഠത്തിയമ്മയുടെ കൂടെയല്ലേ താമസിക്കുന്നതു്? പാവം എന്തുമാത്രം കഷ്ടപ്പെടുന്നുണ്ടു്? രണ്ടു വർഷത്തിനു മുൻപുവരെ ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ളതല്ലേ? അതുകൊണ്ടു് അവൾക്കെഴുതു. അല്ലെങ്കിൽ വേണ്ട കമ്പി അടിച്ചാൽ മതി."

വിജയൻ മറുപടി പറഞ്ഞില്ല. അയാളുടെ അലസത കണ്ടു് അവൾ വീണ്ടും പറഞ്ഞു: "എന്തിനു മടിക്കുന്നു? അവിടുത്തേക്കു കഴിയുകയില്ലെങ്കിൽ ഞാൻ ചെയ്യാം. എന്നെ ഒന്നു എഴുന്നേല്പിച്ചിരുത്തിയാൽ മതി."

തന്റെ ഭാര്യയുടെ മുഖത്തുനോക്കി എതിരുപറയുന്നതിനു ശക്തിയില്ലാതെ വി-



ജയൻ പുറത്തേക്കിറങ്ങി. മാത്രമല്ല അന്നുതന്നെ അയാൾ കമലയുടെ സഹോദരനു വിവരത്തിനു കമ്പി അടിക്കുകയും ചെയ്തു.

കലയും സഹോദരനും വന്നുചേർന്നു. തന്റെ സഹോദരിയുടെ അവശത കണ്ടു് ആ ബാലിക പൊട്ടിക്കരഞ്ഞു. സഹോദരനാകട്ടെ കമലയെപ്പററി യാതൊരു ആശയുമില്ലായിരുന്നു. അയാൾ ദുഃഖിതനായി വിജയനോടു് ഏതാനും രണ്ടു വാക്കു പറഞ്ഞു എന്നു വരുത്തി അന്നുതന്നെ തിരിച്ചു പോകുകയും ചെയ്തു.

കമലയെക്കാൾ നാലു വയസ്സിനു താഴെയാണു 'കല'. തന്റെ സഹോദരിയെപ്പോലെ അവളും ഒരു സുന്ദരി തന്നെയായിരുന്നു. താരുണ്യത്തിലേക്കു കാലൂന്നിയ അവൾ തന്റെ സഹോദരപത്നിയുടെ കീഴിൽക്കിടന്നു് അനുഭവിച്ച യാതനകൾക്കു് കയ്യും കണക്കുമില്ലായിരുന്നു. രണ്ടു വർഷം മുൻപുവരെ ആ വേദനകളെല്ലാം അവൾക്കു ആനന്ദമായിരുന്നു. എന്തെന്നാൽ സ്നേഹസ്വരൂപിണിയായ തന്റെ സഹോദരി കൂടെ അവളുടെ ദുഃഖത്തിൽ പങ്കുകൊണ്ടിരുന്നു. കമലയുടെ വിവാഹത്തോടുകൂടി ആ ബാലിക ആ ഗൃഹത്തിൽ ഏകാകിനിയായി. അവളെ സ്നേഹിക്കാനാരുമില്ല. അവളുടെ സുഖാസുഖങ്ങളന്വേഷിക്കാനാരുമില്ല. സഹോദരനാണെങ്കിൽ ഇങ്ങനെ ഒരു വ്യക്തി ആ ഗൃഹത്തിൽ ഉണ്ടായിരുന്നു എന്നു തന്നെ അറിഞ്ഞിരുന്നോ എന്നു സംശയമാണു്.

'കല'യുടെ ആഗമനത്തോടുകൂടി വിജയനു് അല്പം ആശ്വാസം കിട്ടി. എപ്പോൾ നോക്കിയാലും കലയെ അവളുടെ സഹോദരിയുടെ സമീപം കാണാം. കല വന്നതിൽ പിന്നെ കമലയുടെ മുഖത്തിനും അല്പം തെളിച്ചം കൂടിയിട്ടുണ്ടു്.

വിജയൻ ആകപ്പാടെ സന്തോഷിച്ചു. തന്റെ നല്ലകാലം തുടങ്ങാൻ പോകുകയാണ് എന്നു കരുതി അയാൾ ആശ്വസിച്ചു.

ഒരു ദിവസം വിജയൻ അടുത്തില്ലായിരുന്ന സമയം നോക്കി കമല പറഞ്ഞു. "കലേ, ഞാൻ ഈ രോഗത്തിൽ നിന്നും മുക്തയാകുമെന്നെനിക്കാശയില്ല. നിന്റെ ജ്യേഷ്ഠനാണെങ്കിൽ നിശ്ചയമായും എന്നെ വെറുത്തു കാണും. അദ്ദേഹം ചെലവഴിച്ച പണമെല്ലാം വെറുതെയായി. അദ്ദേഹത്തിന്റെ ബുദ്ധിമുട്ടും വെറുതെയായി. പിന്നെ വെറുത്താൽ തന്നെ എനിക്കതിശയമില്ല. എന്റെ അനുജത്തി, നീ ഒരാൾ വിചാരിച്ചാലെ എന്നിൽ നിന്നും അദ്ദേഹത്തിനു നഷ്ടപ്പെട്ട സകലതും അദ്ദേഹത്തിനു തിരിച്ചുകൊടുക്കുവാൻ സാധ്യമാകൂ. ഈ നാലുമാസക്കാലമായി അദ്ദേഹം അനുഭവിക്കുന്ന ദുരിതം എനിക്കറിയാം. അനുജത്തി, അദ്ദേഹം ആഗ്രഹിക്കുന്ന പലതും അദ്ദേഹത്തിനു നല്കുവാനുള്ള ചുമതല നിന്നിലാണ് ഞാൻ സമർപ്പിക്കുന്നതു്. നീ അതു വിശ്വസ്തതയോടെ ഏറെറടുത്തു നടത്തണം".

നിഷ്കളങ്കയായ ആ സാധു ബാലികയ്ക്കു ഒന്നും മനസ്സിലായില്ല. "ചേച്ചി എന്തൊക്കെയാണ് ഈ പറയുന്നതു്? ചേച്ചിയുടെ സകല കാര്യങ്ങളും ഞാൻ നോക്കിക്കൊള്ളാം. ചേട്ടനെയും ശുശ്രൂഷിച്ചുകൊള്ളാം. ചേച്ചി വ്യസനിക്കാതിരിക്കണം." "ഞാൻ പറഞ്ഞതുപോലെ അനുസരിക്കാമെന്നു നീ സത്യം ചെയ്യൂ" കമല ആജ്ഞാപിച്ചു. "ശരി, ചേച്ചിയുടെ ആഗ്രഹംപോലെ ഒക്കെ ചെയ്യാം." "മതി അനുജത്തി, മതി." അവൾ തന്റെ അനുജത്തിയെ തന്റെ ഹൃദയത്തോടണച്ചു.

കമലയുടെ ശരീരസ്ഥിതി അങ്ങനെ തന്നെ ഇരിക്കുകയാണു്. യാതൊരു

വ്യത്യാസവുമില്ല. തന്റെ നില അവൾക്കു നല്ലതുപോലെ ബോധ്യമുണ്ട്. താൻ ഇവിടം വിടുന്നതിനു മുൻപു തനിക്കു ചില കടമകൾ കൂടി ഉണ്ടെന്നു അവൾക്കു തോന്നി.

ഒരു ദിവസം അവൾക്കു വിജയനുമായി തനിച്ചു സംസാരിക്കുന്നതിനു സമയം കിട്ടി. കല എന്തോ ജോലിയിൽ വ്യാപൃതയായിരിക്കുകയാണ്. തന്റെ ഭർത്താവിന്റെ ഇരുകരങ്ങളും കൂട്ടിപ്പിടിച്ചുകൊണ്ട് അവൾ പറഞ്ഞു: "ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കണം. എനിക്കിനി ഈ ലോകത്തിലുള്ള കാലം വിരൽ കൊണ്ടെണ്ണാവുന്ന ഏതാനും ദിവസങ്ങൾ മാത്രമാണ്. എനിക്ക് അവിടത്തോട് അന്ത്യമായി ഒരപേക്ഷയുണ്ട്, സാധിച്ചു തരുമോ?"

ഇടയ്ക്കു തടഞ്ഞുകൊണ്ടു വിജയൻ ചോദിച്ചു, "എന്തിനു ഈ മുഖവുരയൊക്കെ? ഏതപേക്ഷയാണ് ഞാൻ സാധിച്ചു തരാത്തത്?"

"ശരി, എന്നാൽ പറയാം. അവിടുന്നു കലയെ വിവാഹം ചെയ്യണം. അതു ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ വേണം താനും. അവിടത്തെ വേണ്ടത്ര ജീവിത സുഖങ്ങളോടുകൂടി കണ്ടിട്ടു വേണം എനിക്കു പോകുവാൻ, പോരെങ്കിൽ കലയെ ഒരു അപരിചിതനുമായി ബന്ധിക്കുന്നതിലും എത്ര നല്ലതാണ് ഇത്. ഈ ബന്ധം രണ്ടു പേർക്കും ഒന്നുപോലെ ആനന്ദപ്രദമായിരിക്കുമെന്നെനിക്കു പൂർണ്ണ നിശ്ചയമുണ്ട്. അവിടുന്നു ഇതു സമ്മതിക്കുകയാണെങ്കിൽ എനിക്കു സമാധാനത്തോടെ മരിക്കാം."

വിജയൻ ഒന്നു ഞെട്ടി. പുനർവിവാഹത്തെപ്പററി അയാൾ സ്വപ്നം കണ്ടിട്ടുകൂടി ഇല്ലായിരുന്നു. തന്റെ ഭാര്യയിൽ നിന്നു ഇങ്ങനെ ഒരപേക്ഷ ഉണ്ടാകുമെന്നു അയാൾ തീരെ കരുതിയിരുന്നതല്ല. അല്പനേരത്തേക്കു എന്താണു മറുപടി പറയേണ്ടതെന്നറിയാതെ അയാൾ കുഴങ്ങി. ഒടുവിൽ നിശ്ചയധാർഢ്യത്തിൽ തലകുലുക്കിക്കൊണ്ടയാൾ പറഞ്ഞു "അതു മാത്രം സാധ്യമല്ല, വേറെ എന്തപേക്ഷ വേണമെങ്കിലും സാധിച്ചു തരാം."

കമലയ്ക്കും താൻ പ്രതീക്ഷിക്കാത്ത ഒരു മറുപടിയാണു ലഭിച്ചത്. "എന്താണ് അവൾ സുന്ദരിയല്ലേ?" കമല ചോദിച്ചു. "ആയിരിക്കാം" വിജയൻ മറുപടി പറഞ്ഞു. "പിന്നെ എന്തുകൊണ്ടു അങ്ങ് വിസമ്മതിക്കുന്നു?"

"കമല, സൌന്ദര്യമല്ല അതിനേക്കാൾ ഉപരിയായ വല്ലതും കൊണ്ട് അവൾ അനുഗ്രഹീതയാണെങ്കിൽ പോലും ഞാൻ അവളെ വിവാഹം കഴിക്കുന്നതല്ല. അവളെ എന്നല്ല ഇനിയും ആരെയും തന്നെ. ജീവിതത്തിൽ ഒരാൾക്കു ലഭിക്കാവുന്ന സകല സുഖങ്ങളും ഞാൻ അനുഭവിച്ചു കഴിഞ്ഞു. ഈ കഴിഞ്ഞ 4 മാസക്കാലവും വെറും ഒരു ദുസ്സ്വപ്നം മാത്രമായിരുന്നു. ഈശ്വരൻ അനുഗ്രഹിച്ചു നിനക്കു സുഖപ്പെടുകയാണെങ്കിൽ നമുക്കൊരുമിച്ചു ജീവിതാനന്ദം അനുഭവിക്കാം. മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ ഒരു ഏകാന്ത ജീവിതം തന്നെ തുടരുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ദുഃഖപൂർണ്ണമായ എന്റെ ജീവിതം ഇനി വേറൊരാൾക്കുകൂടി പകുത്തു കൊടുക്കണമെന്നു ഞാൻ ആശിക്കുന്നില്ല. അതുകൊണ്ട് ഇപ്പോൾ തന്നെ ആ അഭിപ്രായം ഉപേക്ഷിച്ചേക്കണം."

"ഇപ്പോൾ അവിടുന്നു ഇങ്ങനെ ഒക്കെപ്പറയും. പക്ഷെ ഈ അഭിപ്രായം ആജീവനാന്തം തുടർന്നുകൊണ്ടു പോകുവാൻ അവിടത്തേക്കു സാധ്യമല്ലെന്നെനിക്കറിയാം. തീർച്ചയായും ഒരു സഹധർമ്മിണിയെ കൂടാതെ ജീവിക്കാൻ അവിടത്തേക്കു സാധ്യമല്ല. കൂടിയാൽ ഒരു വർഷം അവിടുന്നു അന്തരിച്ചുപോയ ഒരുവളെ ച്ചൊല്ലി കഴിച്ചുകൂട്ടുമായിരിക്കും. അതു കഴിഞ്ഞാൽ അവിടുന്നു പുനർവിവാഹം ചെയ്യാതിരിക്കുകയില്ല. പിന്നെ അതു എന്തുകൊണ്ടു ഇപ്പോൾ പാടില്ല. ഞാൻ സന്തോഷത്തോടെ മരിക്കട്ടെ. എന്റെ അന്ത്യ അഭിലാഷം അങ്ങു നിറവേററിത്തരൂ."

വിജയൻ ആലോചനാമഗ്നനായിരുന്നു. തന്റെ ഭാര്യയെ അതിൽ കൂടുതൽ വേദനിപ്പിക്കുന്നതിന് അയാൾക്കു മനസ്സു വന്നില്ല. ഇപ്പോൾ തന്നെ അവൾ മുക്കാലും കരഞ്ഞു തുടങ്ങിയിരിക്കുന്നു. ഇനി കൂടുതൽ വല്ലതും പറഞ്ഞാൽ കാര്യം അപകടത്തിലാകും. അതുകൊണ്ട് അയാൾ പറഞ്ഞു "ആകട്ടെ ആലോചിച്ചു മറുപടി പറയാം." പാൽപാത്രവുമായി അകത്തേക്കു കടന്നു വന്ന കല അവരുടെ സംഭാഷണഗതി തടഞ്ഞു. "കലേ ഇങ്ങടുത്തു വരൂ, എനിക്ക് ഒരു കാര്യം പറയാനുണ്ട്." കല തന്റെ സഹോദരിയെ അനുസരിച്ചു. അവളുടെ കൈ പിടിച്ച് അവളെ തന്നോടു കൂടുതൽ അടുപ്പിച്ചുകൊണ്ട് കമല പറഞ്ഞു "കല, ഞാൻ നിങ്ങളെ ഒക്കെ ഉപേക്ഷിച്ചു പോകാറായി. എനിക്കതിൽ സങ്കടവുമില്ല. സങ്കടംകൊണ്ട് പറയുന്നതാണെന്നു നീ തെററിദ്ധരിക്കരുത്. ഞാൻ പോകുന്നതിന് മുൻപായി ഒരു കാര്യം നിന്നോടു പറയാനുണ്ട്. നീ നിന്റെ ജ്യേഷ്ഠനെ അല്ലാതെ വേറെ ആരെയും വിവാഹം കഴിക്കരുത്. ചെയ്യുമോ? ഇല്ലെന്നു പറയൂ. മടിക്കേണ്ട അനുജത്തി, ഞാൻ പറയുന്നതെല്ലാം അനുസരിക്കാമെന്നു നീ സത്യം ചെയ്തിട്ടില്ലേ? വേഗം തീർച്ച പറയൂ."

കല ധർമ്മസങ്കടത്തിലായി. ജ്യേഷ്ഠത്തിയുടെ ഈവിധ അസംബന്ധ പ്രലപനങ്ങൾ ജ്യേഷ്ഠൻ കൂടി കേൾക്കുന്നുണ്ട്. അവൾ തന്റെ ഭാവിവല്ലഭന്റെ മുഖത്തേക്കൊന്നു നോക്കി, അവിടെ യാതൊരു ഭാവഭേദവുമില്ല. അവൾക്കൊരുവിധം ധൈര്യം വന്നു. "എന്തിനു ചേച്ചി ഇപ്പോൾ എന്റെ കല്യാണക്കാര്യം ആലോചിക്കുന്നു? എല്ലാം ചേച്ചിക്കു ഭേദമായതിന് ശേഷം പറയാം."

"എന്റെ സാധുക്കുട്ടി, നീ ഒരു മണ്ടി തന്നെ. ഇനിയും എനിക്കു ഭേദമാകുമെന്നോ? ശരിയാണ്, ഭേദമാകും. ഇനി ഒരിക്കലും വരാത്തവിധം. പക്ഷെ ഒരു കാര്യം പറയാം. ഞാൻ ജീവിക്കുമെന്നാശയുണ്ടായിരുന്നെങ്കിൽ തീർച്ചയായും എന്റെ സ്ഥാനം നിനക്കൊഴിഞ്ഞു തരികയില്ലായിരുന്നു. നിന്റെ സഹായം അപേക്ഷിക്കുകയുമില്ലായിരുന്നു. പക്ഷെ എന്റെ കാര്യം എനിക്കു പൂർണ്ണബോധ്യമുള്ളതുകൊണ്ടാണ് ഞാൻ വീണ്ടും അപേക്ഷിക്കുന്നത്. സമ്മതിക്കൂ."

നിവൃത്തിയില്ലാതെ അവൾ പറഞ്ഞു, "ചേച്ചിയുടെ ഇഷ്ടം എന്റെയും ഇഷ്ടം."

അന്നത്തെ സംഭവത്തോടുകൂടി വിജയനും കലയുമായി ഒരു വലിയ അകൽച്ച ഉണ്ടായി. പണ്ടത്തെപ്പോലെ സ്വാതന്ത്ര്യമായി പെരുമാറുന്നതിനും സംസാരിക്കുന്നതിനും രണ്ടു പേരും മടിച്ചു.

ആഴ്ച ഒന്നുകഴിഞ്ഞു. കമലയുടെ സുഖക്കേട് അതിന്റെ മൂർദ്ധന്യദശയിലെത്തിയിരിക്കയാണ്. ജീവിതവും മരണവുമായുള്ള ഭയങ്കര പോരാട്ടം തന്നെ അവിടെ നടന്നു. ഡോക്ടർമാരെല്ലാം കയ്യൊഴിഞ്ഞു. വിജയനു തന്റെ സകല ജീവിതാശകളും അസ്തമിച്ചു. വിജയനെക്കാണുമ്പോഴെല്ലാം നിറഞ്ഞ കണ്ണുകളോടെ കമല പറയും "യഥാർത്ഥ

ത്തിൽ എൻെറ സുഖത്തിനും സന്തോഷത്തിനും ഒരണുവെങ്കിലും അവിടുന്നു കാംക്ഷിക്കുന്നുണ്ടെങ്കിൽ അവിടുന്നു എൻെറ ഈ അവസാനത്തെ അപേക്ഷ സാധിപ്പിച്ചുതരണം. കലയെ അവിടുന്നു വിവാഹം ചെയ്യുക. ആ ദാമ്പത്യബന്ധം കാണുന്നതിനായി മൂന്നാലു ദിവസം കൂടി ഞാൻ ജീവിക്കും."

വിജയൻ വീണ്ടും പറഞ്ഞു. "കമലേ, അവസാനമായി ഒന്നു കൂടിപ്പറയുന്നു. ഇപ്പോൾ നിൻെറ സന്തോഷത്തിനുവേണ്ടി ഞാൻ കലയെ വിവാഹം ചെയ്യാം. പക്ഷെ എനിക്കതു തീരാദുഃഖമായിത്തീരുമെന്നു് നീ ഓർക്കണം. അവളുടെ മുഖത്തിൽ ഞാൻ നിൻെറ ഛായയായിരിക്കും ദർശിക്കുന്നതു്. എനിക്കും അവൾക്കും ഒരുപോലെ അതു വ്യസനകാരണമായിരിക്കും. നിൻെറ അനുജത്തിയുടെ ഹൃദയം തകർക്കാനുള്ള വഴി നീയായി ആലോചിക്കാതിരിക്കൂ. പിന്നെ വിവാഹശേഷം നിനക്കു സുഖപ്പെട്ടാലോ? ആ കാര്യം വിട്ടുകളയൂ."

"കഷ്ടം! വിവാഹശേഷം എനിക്കു സുഖപ്പെട്ടാൽത്തന്നെ എന്തു്? ഞങ്ങൾ രണ്ടുപേരും കൂടി അങ്ങയെ ശുശ്രൂഷിക്കും. ഒരു വൃക്ഷത്തിൽ ഒരു ലതയ്ക്കു മാത്രമെ പടർന്നുകൂടൂ എന്നുണ്ടോ? ആ സ്ഥിതിക്കു് ആ ഭീതിക്കു കാരണം? പോരെങ്കിൽ ഈ രണ്ടു വർഷംകൊണ്ടും അവിടുന്നു എന്നെ ശരിക്കു മനസ്സിലാക്കിയിട്ടില്ലല്ലോ. ഞങ്ങൾ സഹോദരികളാണു്. യാതൊരു അഭിപ്രായഭിന്നതയും കൂടാതെ ജീവിക്കാൻ വേണ്ടിവന്നാൽ ഞങ്ങൾക്കു കഴിയും."

വിജയൻ മറുപടി പറഞ്ഞില്ല. തൻെറ അന്തസ്സംഘട്ടനങ്ങളിൽ ചിലതുമായി അയാൾ ആലോചിച്ചു. എല്ലാവരുടെ അഭിപ്രായവും കമലക്കനുകൂലമായിരുന്നു.

"വിജയൻ, ആജീവനാന്തം പുനർവിവാഹം കൂടാതെ ജീവിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല. ഒടുവിൽ നിങ്ങൾ വിവാഹം ചെയ്യുകയുംവേണ്ടിവരും. എന്നാൽ അതു ഇപ്പോൾത്തന്നെ ആകുന്നതല്ലേ നല്ലതു്? നിങ്ങളുടെ ഭാര്യയുടെ അന്ത്യാഭിലാഷം സാധിച്ചു എന്ന കൃതാർത്ഥതകൂടി ഉണ്ടാകുമല്ലോ."

വേറെ യാതൊരു നിവൃത്തിമാർഗ്ഗവുമില്ലാത്തതുകൊണ്ടു വിജയൻ വിവാഹത്തിനു സമ്മതിച്ചു. കമലയ്ക്കാണെങ്കിൽ തൻെറ ജന്മസാഫല്യം ലഭിച്ചതുപോലെ തോന്നി. അങ്ങനെ ഒരു ശുഭമുഹൂർത്തത്തിൽ ആർഭാടരഹിതമായി കമലയുടെ സാന്നിദ്ധ്യത്തിൽ വിവാഹം നടന്നു. ജനങ്ങൾ കമലയുടെ ഹൃദയവിശാലതയെ പുകഴ്ത്തി. കലയ്ക്കാണെങ്കിൽ വിജയനെപ്പോലെയുള്ള ഒരാളെ വരിക്കുക എന്നതു സ്വർഗ്ഗസാമ്രാജ്യം കൈവന്നതിനു തുല്യമായിരുന്നു.

* * * *

കലയുടെ വിവാഹം കഴിഞ്ഞു് ആഴ്ച രണ്ടു കഴിഞ്ഞു. കമലയുടെ ശരീരസ്ഥിതി നാൾക്കുനാൾ ഭേദപ്പെട്ടു തുടങ്ങി. അവൾ അല്പാല്പമായി എഴുന്നേറ്റു നടക്കാൻ തുടങ്ങി.

സമയം അർദ്ധരാത്രി കഴിഞ്ഞു കാണും. കമല സുഖമായുറങ്ങുകയാണു്. കല സഹോദരിയുടെ ശുശ്രൂഷയെല്ലാം കഴിഞ്ഞു് ഉറങ്ങാൻ കിടന്നതേയുള്ളു. വിജയൻ പുറത്തെ തളത്തിൽ കിടക്കുകയാണു്. ചന്ദ്രൻ പാൽമഴ ചൊരിഞ്ഞുകൊണ്ടു് ആകാശത്തിൽ വിളങ്ങുന്നു. സുഗന്ധവാഹിയായ മന്ദമാരുതൻ വിജയൻെറ ഫാലസ്ഥലം തലോടി. എത്ര ശ്രമിച്ചിട്ടും അയാൾക്കുറക്കം വന്നില്ല. താൻ എന്തിനു് വിവാഹം ചെയ്തു? തൻെറ ഹൃദയദൗർബല്യത്തെ അയാൾ ശപിച്ചു. തന്നത്താൻ ശപിച്ചു



കൊണ്ടു് അയാൾ തിരിഞ്ഞും മറിഞ്ഞും കിടന്നു.

മണി രണ്ടടിച്ചു. വിജയൻ പല ദിവസം രാത്രികളിലും കേട്ടിട്ടുള്ളതാണതു്. പക്ഷെ ഇന്നയാൾക്കു അതു് ഒരു വിശേഷമായി തോന്നി. അയാളുടെ ചിന്ത ഭൂതകാലത്തിലേക്കു പാഞ്ഞു. കമല നവവധുവായി ആദ്യമായി ആ ഗൃഹത്തിൽ കാലൂന്നിയ ദിവസം അയാൾ കണ്ടു. അന്നു കല കൂടി അവളുടെ സഹോദരിയെ അനുഗമിച്ചിരുന്നു. രണ്ടു സഹോദരികളും ഒന്നിച്ചു് അതേ മുറിയിൽ തന്നെയാണു് കിടന്നിരുന്നതു്. കമല കട്ടിലിലും കല ഇതുപോലെ തറയിലും. കൂടെയുള്ളവരെല്ലാം വേറെ ഓരോ മുറിയിൽ കിടന്നു സുഖനിദ്ര ചെയ്യുകയാണു്. വിജയൻ അക്ഷമനായി പുറത്തു നില്ക്കുകയാണു്. മണി രണ്ടടിച്ചു. അയാൾ പതുക്കെ ആ മുറിയിലേക്കു ചെന്നു. അപ്പോഴും ഉറങ്ങാതെ കിടന്നിരുന്ന കമലയെ തൻെറ ഹൃദയത്തോടു ചേർത്തുകൊണ്ടു് അയാൾ പുറത്തേക്കിറങ്ങി.

ഇന്നും മണി രണ്ടടിച്ചതോടുകൂടി ആ വിചാരം അയാളുടെ അന്തരംഗത്തെ മഥിച്ചു. ഇന്നത്തെ നവവധു കലയാണു്. വിജയൻ എഴുന്നേറ്റു. ചാരിയിരുന്ന വാതിലിനിടയിൽക്കൂടി അയാൾ അകത്തേക്കു നോക്കി. ഒരു മങ്ങിയ ദീപം അകത്തു കത്തുന്നുണ്ടു്. കമല സുഖമായി ഉറങ്ങുകയാണു്. അയാൾ ശബ്ദമുണ്ടാക്കാതെ അകത്തു കടന്നു "കലേ, കലേ" വിജയൻ പതുക്കെ മന്ത്രിച്ചു.

കല പിടച്ചെഴുന്നേറ്റു "എന്തു വേണം?"

"ചേച്ചിക്കുട്ടി ഉറക്കമാണോ?"

"അതെ വിളിക്കണോ?" കല ചോദിച്ചു.

"വേണ്ട, വേണ്ട, അവളെ ഉപദ്രവിക്കേണ്ട." അയാൾ കലയുടെ കൈക്കു കടന്നു പിടിച്ചു അവളെ പുറത്തേക്കു നയിച്ചു.

"എവിടേക്കു പോകുന്നു?" ആ ബാലിക ചോദിച്ചു.

"ശബ്ദമുണ്ടാക്കാതിരിക്കൂ" വിജയൻ തൻെറ കൈപ്പടം ഉയർത്തി അവളുടെ വായ് പൊത്തി.

* * * *

കമല ഉറക്കത്തിൽ നിന്നും ഉണർന്നു. "വെള്ളം കുടിക്കണം കലേ" എന്നു അവൾ പറഞ്ഞു. യാതൊരു ഉത്തരവുമില്ല. അവൾ പായിലേക്കു നോക്കി. അവിടം ശൂന്യം. കമലയുടെ ഉള്ളൊന്നാന്തി. അവൾ പതുക്കെ എഴുന്നേറ്റു. വിളക്കെടുത്തുകൊണ്ടു് അവൾ വിജയൻ കിടക്കാറുള്ള സ്ഥലത്തു ചെന്നു. അവിടെയും ആരുമില്ല. അടുത്ത മുറിയിലെ വാതിൽപ്പഴുതിലൂടെ വന്ന വെളിച്ചം അവളുടെ ശ്രദ്ധയെ ആകർഷിച്ചു. കമല ഒന്നു ഞെട്ടി. അവൾ തൻെറ ദാമ്പത്യജീവിതത്തിലെ ആദ്യത്തെ രാത്രി കഴിച്ച മുറി. മറക്കാനാവാത്ത ആ സംഭവം അവളെ വേദനിപ്പിച്ചു. ഇന്നവൾ സന്തോഷത്തോടുകൂടി തൻെറ സ്ഥാനം തൻെറ അനുജത്തിക്കു സ്വയം ഒഴിഞ്ഞുകൊടുത്തിരിക്കുകയാണു്. പൊട്ടിപ്പുറപ്പെട്ട ദാരുണമായ ഒരു വിമ്മം പിടിച്ചടക്കി അവൾ കട്ടിലിൽ ചെന്നു വീണു. അവളുടെ ഇരുകണ്ണുകളും നിറഞ്ഞൊഴുകി. പെട്ടെന്നു അടുത്ത മുറിയിലിരിക്കുന്നവരുടെ കാര്യം അവൾ ഓർത്തു. അവർ ഒരു പക്ഷെ ഇങ്ങോട്ടു വന്നാൽ? ഈ കണ്ണുനീരിൻെറ അർത്ഥം എന്താണെന്നു അവരോടു പറയും? അസൂയയോ? തൻെറ അനുജത്തിയോടോ? ഛേ, ഒരിക്കലുമില്ല. അവൾ ചേലാഞ്ചലത്താൽ ഒഴുകി വന്ന കണ്ണുനീർ തുടച്ചു. അതു

ത്ത മുറിയിൽ നിന്നും ഒരു പൊട്ടിച്ചിരി. കമല കണ്ണുകൾ രണ്ടും പൊത്തിപ്പിടിച്ചു.

അങ്ങകലെ എവിടെയോ മണി നാലടിക്കുന്ന ശബ്ദം അവൾ കേട്ടു. പെട്ടെന്നു് അടുത്ത മുറിയുടെ വാതിൽ തുറക്കുന്ന ശബ്ദവും. കമല തല തിരിച്ചൊന്നു നോക്കി. കല മെല്ലെ മുറിയിൽ നിന്നിറങ്ങി. പുറകെ വിജയനും. കമല കണ്ണുകൾ ഇറുക്കി അടച്ചു കിടന്നു. കല തൻെറ ജ്യേഷ്ഠത്തിയുടെ സമീപമെത്തി. മുറിയിലെ മങ്ങിയ വെളിച്ചത്തിൽ തൻെറ ജ്യേഷ്ഠത്തി വാസ്തവത്തിൽ ഉറങ്ങുകയായിരുന്നോ അല്ലയോ എന്നവൾക്കു മനസ്സിലായില്ല. കല തൻെറ സ്ഥാനത്തു കിടന്നു. അല്പനിമിഷത്തിനുള്ളിൽ അവൾ ഗാഢനിദ്രയിലാണ്ടു. കമല പതുക്കെ കട്ടിലിൽ നിന്നും താഴത്തിറങ്ങി കലയുടെ സമീപമെത്തി. ഉറങ്ങുന്ന അനുജത്തിയെ കൌതുകത്തോടെ അവൾ നോക്കി. ആ മുഖത്തു് ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു ഭാവഭേദം തെളിഞ്ഞു കാണുന്നു. വിളക്കെടുത്തുകൊണ്ടു് അവൾ വിജയൻെറ സമീപമെത്തി. ഉറങ്ങുന്ന സ്വകാന്തനെ അവൾ സൂക്ഷിച്ചു നോക്കി. അനേക നാളുകളായി കാണാൻ കൊതിച്ചുകൊണ്ടിരുന്ന ആ മനോഹര രൂപം അന്നു അവൾക്കു ദൃശ്യമായി. പെട്ടെന്നു് കമലയുടെ മുഖത്തും അവാച്യമായ ഒരു ആനന്ദാനുഭൂതി കളിയാടി. വാടിയ അവളുടെ നയനങ്ങൾ വിടർന്നു മിന്നി.

കമല മെല്ലെ അടുത്ത മുറിയിലേക്കു കടന്നു. അല്പം മുൻപുവരെ നവദമ്പതികളുടെ ഉല്ലാസമായ പൊട്ടിച്ചിരികളാൽ മുഖരിതമായിരുന്ന ആ സ്ഥലം ഇപ്പോൾ ശൂന്യമായിരിക്കുന്നു. അവിടത്തെ ശ്മശാന നിശ്ശബ്ദത അവളെ വിഷ്പുമട്ടിച്ചു. മുറിയിൽ അങ്ങിങ്ങായി ചിതറിക്കിടന്നിരുന്ന വാടിയ മുല്ലപ്പൂക്കൾ പെറുക്കി എടുത്തു് അവൾ തൻെറ ഹൃദയത്തോടു് ചേർത്തു. ഭൂതകാലസ്മരണകൾ ഓരോന്നായി ആ ക്ഷീണിതയുടെ അന്തരംഗത്തിൽ കൂടി പാഞ്ഞു. അവളുടെ നയനങ്ങളിൽ നിന്നും രണ്ടു വെൺമുത്തു് അടന്നു് നിലത്തു വീണു് ചിന്നിച്ചിതറി. 'കലെ, എൻെറ ഓമന അനുജത്തി, എനിക്കു മാപ്പു തരൂ, നിന്നോടു് എനിക്കു അസൂയ ശേഷം അസൂയയില്ല. നേരെ മറിച്ചു നിൻെറ സൌഭാഗ്യത്തിൽ അതിയായ സന്തോഷമേയുള്ളു. പിന്നെ ഈ കണ്ണുനീരിനുള്ള കാരണം എന്താണെന്നു് നീ ചോദിക്കുമായിരിക്കും. അല്ലെ? പക്ഷെ അനുജത്തി, എൻെറ ഭർത്താവു വേറൊരുത്തിയുടേതാകുന്നതു് സന്തോഷത്തോടുകൂടി കാണാമെന്നു ഞാൻ വ്യാമോഹിച്ചു, അനുജത്തി. പക്ഷെ അതു സാധ്യമല്ല എന്നെനിക്കിന്നു മനസ്സിലായി. ഞാനും ഒരു സ്ത്രീയല്ലെ? ഏതെങ്കിലും സ്ത്രീക്കതു സാധിക്കുമോ? ആക്കൂട്ടത്തിൽ ഞാനും ഒരുവൾ. എൻെറ ഓമന അനുജത്തി, ഈ ചേച്ചിയുടെ തെറ്റിനു മാപ്പു തരൂ. ദുരിതപൂർണ്ണമായ ഈ ജീവിതം കൂടുതൽ നീട്ടേണ്ടിവരുകയില്ലെന്നാണു് ഞാൻ ആശിച്ചിരുന്നതു്. പക്ഷെ വിധി മറ്റൊരു തരത്തിലായിപ്പോയി. ഇനി ഞാൻ ജീവിച്ചിരിക്കുന്നതു നിങ്ങൾക്കിരുവർക്കും സുഖമായിരിക്കയില്ല. പോരെങ്കിൽ ഒരു പരിശുദ്ധ ഹൃദയത്തോടെ നിന്നെ എനിക്കു വീക്ഷിക്കാൻ സാധിക്കയില്ല എന്നെനിക്കു ബോധ്യമായി. അനുജത്തി മാപ്പു്....'

കമല കയ്യിലിരുന്ന വിളക്കിൻെറ അടപ്പൂരി മണ്ണെണ്ണ മുഴുവനും ശരീരത്തിൽ ഒഴിച്ചു. മണ്ണെണ്ണ അവളുടെ സാരിയെ നനച്ചുകൊണ്ടു കീഴോട്ടൊഴുകി. അവൾ ആ സാരിയുടെ അററം കത്തുന്ന ദീപത്തോടടുപ്പിച്ചു. അപ്പോഴാണു് ആ



മഹത്വ പാപമാണെന്നവൾ ഓർത്തു്. മരണഭീതിയോടെ അവൾ നിലവിളിച്ചു. ആ കരച്ചിലിൻെറ ശബ്ദം അന്തരീക്ഷത്തിൽ മാറെറാലികൊണ്ടു. പക്ഷെ ക്ഷീണിതയായ ആ രോഗിണിയിൽനിന്നു പുറപ്പെട്ട ആ നേരിയ ശബ്ദം പ്രഭാതത്തെ കുളിർമ്മയിൽ മുങ്ങി സുഷുപ്തിയിൽ ലയിച്ചിരുന്നവരുടെ നിദ്രാഭംഗം ചെയ്യാൻ തികച്ചും പര്യാപ്തമായിരുന്നില്ല.

---

## കൊച്ചുപൂവ്

(വി. ചാണ്ടിപ്പിള്ള കസ്സാക്കാസ്, മീനടം)

(ക്ലാസ്സ് I)

മോഹനരാവിൽ പുതുമയിങ്കൽ
പുഷ്പമായുള്ളൊരു കൊച്ചുപൂവേ,
സൌന്ദര്യരാജ്ഞിയായ് വാണിടുന്ന
നീതന്നെ ധന്യരിൽ ധന്യയായോൾ

ഘോരാട്ടഹാസങ്ങളാലെ മർത്യൻ
പാരിനെ പുൽകാനൊരുമ്പെടുമ്പോൾ,
സ്വാത്മനിശ്വാസക്കൊടുംപുകയിൽ
ശാന്തിയും സ്നേഹവും മൂടിടുമ്പോൾ,

നിസ്വാർത്ഥവിജ്ഞാനദീപമാം നിൻ
സാമീപ്യം നിർവൃതിയേകിടുന്നു.

പൂക്കളെ താലോലിച്ചെത്തിടുന്ന
മാരുതൻ മുന്നിൽ നിന്നു അമാട്ടും.
ലോകത്തിനേകുന്നു ഇുമണം നീ
ലോകസഞ്ചാരിയാം തെന്നൽ മാഴ്ഗം.

ചിന്താശതങ്ങളാൽവെന്തിടുമെൻ
ചിത്തവുമായി ഞാനെത്തിടുമ്പോൾ,
പച്ചിലത്തൊത്തിലൂടെന്നെ നോക്കി
ഇന്ദഹാസം പൊഴിച്ചിടും നീ.

ലോകം തന്നാനന്ദപുഞ്ജമേ നീ
ഞങ്ങളെ വിട്ടിനി പോയിടൊല്ലാ.

വിശപ്പത്തേക്കാൾമയിർ കൊള്ളിച്ചിടും,
പൂന്തിങ്കളിൻ കാന്തി ചാർത്തി വാഴും
നിന്നെക്കണ്ടെത്രയോ ജീവജാലം
പൂണ്ടിടുന്നാനന്ദനിർവൃതിയെ.
ഷഡ്പദമോരോന്നു മാറി മാറി
എത്തുന്നു നീയൊത്തു സല്ലപിപ്പാൻ—
ആരാമവാസിയാം കൊച്ചുപൂവേ
നീതന്നെ ധന്യരിൽ ധന്യയായോൾ
എന്നുമീ വാടിയിൽ ശോഭ ചാർത്തി
മന്നിൻെറ ക്ലേശമകററുക നീ.

---

## പ്രപഞ്ചം

(K. T. VARGHESE, Class IV, MATHEMATICS)

നാം അധിവസിക്കുന്ന ഭൂമിയുടെയും അതിൻെറ ചുററുപാടുകളുടെയും ചരിത്രം ആരെയും അമ്പരപ്പിക്കുന്ന ഒരു വിഷയം തന്നെയാണു്. എന്നാൽ അടുത്തകാലത്തു ഈ വിഷയത്തിലുണ്ടായിട്ടുള്ള ശാസ്ത്രപുരോഗതിയും വിസ്മയനീയം തന്നെ. അന

ന്തമായ ആകാശത്തിൽ വിദൂരങ്ങളായി സ്ഥിതിചെയ്യുന്ന അസംഖ്യങ്ങളായ ഗോളങ്ങളെ നിരീക്ഷിക്കുവാൻ തക്ക ശക്തിയുള്ള ദൂരദർശിനികൾ (Telescope) കണ്ടുപിടിച്ചു. അതോടുകൂടി പല പുതിയ തത്വങ്ങളും ആവിർഭവിച്ചു. ഗണിതശാസ്ത്രം വികസിച്ചു. നക്ഷത്രങ്ങളുടെയും ഗോളങ്ങളുടെയും ഫോട്ടോയെടുക്കാൻ ആരംഭിച്ചു. സൂര്യൻ ഒരു നക്ഷത്രമാണെന്നു സിദ്ധാന്തിച്ചു.

ഭൂമിയിൽനിന്നു സൂര്യനിലേക്കുള്ള ദൂരം 930 ലക്ഷം മൈലാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സൂര്യൻ ഭൂമിക്കു ചുറ്റും സഞ്ചരിച്ചുകൊണ്ടിരിക്കുന്നതായിട്ടാണു നമുക്കു തോന്നുന്നതു്. ഈ പ്രതീതി ആദ്യകാലത്തു എല്ലാ മനുഷ്യരിലും ഉണ്ടായിരുന്നു. സൂര്യൻ ഉദിക്കുന്നതായും അസ്തമിക്കുന്നതായും നാം ഇപ്പോഴും പറയാറുണ്ടു്. എന്നാൽ സൂര്യനല്ല ഭൂമിയാണു അതിവേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നതെന്നുള്ളതു ഇന്നു ആർക്കും പുതുമയല്ല. ഭൂമിക്കു രണ്ടു രീതിയിലുള്ള ചലനങ്ങളുണ്ടു്. ഒന്നാമത്തെ ചലനം സ്വയമുള്ള ഒരു കറക്കമാണു്. ഈ ഭ്രമണം നിമിത്തമാണു നമുക്കു രാവും പകലും അനുഭവപ്പെടുന്നതു്. മേൽപറഞ്ഞ കറക്കത്തോടുകൂടി തന്നെ അതു സൂര്യനു ചുറ്റും അതിവേഗത്തിൽ ഓടിക്കൊണ്ടിരിക്കുകയാണു്. ഇതാണു ഭൂമിയുടെ രണ്ടാമത്തെ ചലനം. ഇങ്ങനെ ഭൂമിക്കു സൂര്യനെ ഒരു പ്രാവശ്യം പ്രദക്ഷിണം വയ്ക്കുന്നതിനു മുന്നൂറ്റിഅറുപത്തിയഞ്ചേകാൽ ദിവസം വേണം. ഈ യാത്രയുടെ ഗതിവേഗം മിനിട്ടിൽ ഒരായിരം മൈലാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. തന്നെയുമല്ല സൂര്യനു ചുറ്റുമുള്ള പ്രദക്ഷിണവഴിയും ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. ഇപ്രകാരം ഭൂമി മാത്രമല്ല സൂര്യനെ വട്ടംവയ്ക്കുന്നതു്. മറ്റു അനേകം ഗോളങ്ങളുമുണ്ടു്. ഈ ഗോളസമൂഹത്തെയാണു സൗരയൂഥമെന്നു പറയുന്നതു്. ഇമ്മാതിരിയുള്ള അനവധി സൗരയൂഥങ്ങളുടെ സമ്മേളനമാണു പ്രപഞ്ചം അല്ലെങ്കിൽ ബ്രഹ്മാണ്ഡം.

ഭൂമി ഉൾപ്പെടുന്ന സൗരയൂഥത്തിൽ ഒൻപതു അംഗങ്ങളുണ്ടു്. എല്ലാം സൂര്യനു ചുറ്റും കൂടിയാണു സഞ്ചരിക്കുന്നതു്. ഇവകൾ ഗ്രഹങ്ങൾ (Planets) എന്നു പറയുന്നു. ഏതാനും ഗ്രഹങ്ങളുടെ നിലനില്പിനെപ്പറ്റി നേരത്തെ തന്നെ മനുഷ്യൻ മനസ്സിലാക്കിയിരുന്നു. എന്നാൽ ദൂരദർശിനിയുടെ ആവിർഭാവത്തോടുകൂടി കൂടുതൽ ഗ്രഹങ്ങൾ കാണാൻ സാധിച്ചു. 1930-ൽ മാത്രമാണു അവസാനത്തെ ഗ്രഹമായ പ്ളൂട്ടോവിനെ കണ്ടുപിടിച്ചതു്. സൂര്യന്റെ ഏറ്റം അടുത്തു കിടക്കുന്ന ഗ്രഹങ്ങൾ മാർക്യുസും, വീനസ്സുമാണു്. അടുത്തുള്ളതു ഭൂമിയാണു്. ഭൂമി കഴിഞ്ഞാൽ ക്രമപ്രകാരം മാർസ്, ജൂപ്പിറ്റർ, സാറ്റേൺ, യുറേനസ്, നെപ്ട്യൂൺ, പ്ളൂട്ടോ എന്നിവയാണു്. ഈ ഗ്രഹങ്ങളെല്ലാം ഭൂമിയുടേതുപോലുള്ള ദ്രവ്യങ്ങൾകൊണ്ടു ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണു്. ഈ ഗ്രഹങ്ങൾക്കെല്ലാം ഭൂമിയുടേതുപോലുള്ള ഒരു വായുമണ്ഡലവുമുണ്ടു്.

ഇതുകൂടാതെ ചില ഉപഗ്രഹങ്ങളും ഈ സൗരയൂഥത്തിൽ ഉൾപ്പെടുന്നു. അതാണു ചന്ദ്രൻ. ഗ്രഹങ്ങൾ സൂര്യനെ ചുറ്റുമ്പോൾ ഉപഗ്രഹങ്ങൾ ഗ്രഹങ്ങളെ ചുറ്റുന്നു. ഭൂമിയുടെ ഉപഗ്രഹമാണു ചന്ദ്രൻ. ഭൂമിയിൽനിന്നു നോക്കിയാൽ സൂര്യനോളം വലിപ്പം തോന്നിക്കുന്ന ചന്ദ്രന്റെ വ്യാസം 2000 മൈൽ മാത്രമാണു്. ചന്ദ്രനു ഭൂമിയിൽനിന്നുമുള്ള അകലം



240,000 മൈലാണു്. ഈ ദൂരക്കുറവുകൊണ്ടാണു ചന്ദ്രനു സൂര്യനോളം വലിപ്പം തോന്നിക്കുന്നതു്. ചന്ദ്രനു സ്വയം പ്രകാശിക്കാനുള്ള ശക്തിയില്ലെന്നുള്ളതു എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണു്. സൂര്യപ്രകാശം കൊണ്ടാണു് അതു തിളങ്ങുന്നതു്. ഇങ്ങനെയുള്ള അനവധി ചന്ദ്രന്മാർ ഉള്ള ഗ്രഹങ്ങളുമുണ്ടു. ജൂപ്പിറ്ററിനു പതിനൊന്നും, സാറ്റേണു ഒൻപതും ഉപഗ്രഹങ്ങളുണ്ടത്രെ.

930 ലക്ഷം മൈൽ ദൂരെയുള്ള സൂര്യന്റെ ചൂടു എത്ര ഭയങ്കരം! ഇത്രയും ചൂടു നമുക്കു അനുഭവപ്പെടുമ്പോൾ സൂര്യന്റെ തൊട്ടടുത്തുള്ള ചൂടിന്റെ കാര്യം പറയുവാനുണ്ടോ? തിളയ്ക്കുന്ന വെള്ളത്തിന്റെ ചൂടു് 212 ഡിഗ്രിയാണെങ്കിൽ സൂര്യന്റെ ചുറ്റുമുള്ള ചൂടു ഏതാണ്ടു 10,000 ഡിഗ്രിയാണു്. അപ്പോൾ സൂര്യന്റെ ഒത്തനടുവിൽ എന്തു ചൂടുണ്ടാവും? ഇത്ര ഭയങ്കരമായ ചൂടിൽ ഘനപദാർത്ഥമോ ദ്രവപദാർത്ഥമോ ആ അവസ്ഥയിൽ സ്ഥിതിചെയ്യുകയില്ലെന്നുള്ളതു നമുക്കു അറിയാവുന്ന കാര്യമാണു്. അപ്പോൾ സൂര്യൻ എന്താണു്? അമിതമായി ചൂടുപിടിച്ച നീരാവി. സൂര്യൻ വെറും ബാഷ്പം മാത്രം! ഇങ്ങനെയുള്ള സൂര്യന്റെ വലിപ്പമാണു അതിലും വിസ്മയാവഹം. സൂര്യൻ പൊള്ളയാണെന്നു വിചാരിക്കുക. അങ്ങനെയാണെങ്കിൽ സൂര്യനുള്ളിൽ പത്തു ലക്ഷം ഭൂമികളെ വയ്ക്കുവാനുള്ള സ്ഥലമുണ്ടു്. ഇത്ര വലിപ്പമുള്ള സൂര്യൻ ചെറുതായി നമുക്കു അനുഭവപ്പെടുവാനുള്ള കാരണം അതിനു ഭൂമിയിൽനിന്നുള്ള വിദൂരതയാണു്. ഈ സന്ദർഭത്തിൽ ഒന്നുകൂടി ഓർക്കുവാനുണ്ടു്. നമുക്കു ഏറ്റം അടുത്ത ഒരു നക്ഷത്രമാണു സൂര്യൻ. അപ്പോൾ മറ്റുള്ള നക്ഷത്രങ്ങൾ എന്തു അകലെയാണു്? നക്ഷത്രങ്ങൾ ചെറുതായി തോന്നുവാനുള്ള കാരണം മറ്റൊന്നുമല്ല, ഈ വിദൂരതയാണു്.

ആകാശത്തിൽ കാണുന്ന ഓരോ പ്രകാശബിന്ദുവും ഓരോ നക്ഷത്രം അഥവാ ഓരോ സൂര്യനാണു്. ഓരോ സൂര്യനും, ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഉണ്ടെന്നു കണ്ടുവല്ലോ. ഇങ്ങനെയുള്ള നക്ഷത്രങ്ങളുടെ എണ്ണം സീമാതീതമാണു്. ഇവയുടെ എല്ലാം ഒരു സമാഹാരമാണു പ്രപഞ്ചം. പ്രപഞ്ചത്തിന്റെ വലിപ്പം! പ്രപഞ്ചത്തോടു താരതമ്യപ്പെടുത്തുമ്പോൾ ഭൂമിയും സൂര്യനുമെല്ലാം നിസ്സാരമാണു്. സൂര്യന്റെ 270 ലക്ഷം ഇരട്ടിയുള്ള നക്ഷത്രങ്ങൾ ഉള്ളതായി പറയപ്പെടുന്നു. നക്ഷത്രങ്ങളിലേക്കുള്ള ദൂരം കണക്കാക്കുന്നതു പ്രകാശവർഷങ്ങളായിട്ടാണു് (Light years). പ്രകാശരശ്മി ഒരു സെക്കണ്ടിൽ 1,86,000 മൈൽ സഞ്ചരിക്കുന്നു. ഇങ്ങനെയുള്ള പ്രകാശരശ്മി ഒരു കൊല്ലത്തിൽ പോകുന്ന ദൂരമാണു് ഒരു പ്രകാശവർഷം. സൂര്യനൊഴിച്ചാൽ പിന്നീടു ഏറ്റം അടുത്ത നക്ഷത്രത്തിലേക്കു നാലേകാൽ പ്രകാശവർഷം ദൂരമുണ്ടു്. ധ്രുവനക്ഷത്രം ഏതാണ്ടു നാല്പതു പ്രകാശവർഷം ദൂരെയാണു്. ഇനിയും പ്രകാശരശ്മികൾ ഭൂമിയിൽ എത്തിയിട്ടില്ലാത്ത നക്ഷത്രങ്ങൾ ഉണ്ടെന്നു പറയപ്പെടുന്നു. ശാസ്ത്രനിരീക്ഷകന്മാരുടെ ദൃഷ്ടിയിൽ പെടാതെ ഇനിയും സംഗതികൾ മറഞ്ഞു കിടക്കുന്നെന്നുള്ളതാണു് ആശ്ചര്യം.

ഉണ്ടായിരിക്കണമെന്നതു് ഒരു നിർബ്ബന്ധമാണെന്നു തോന്നും. പ്രേമകഥയല്ലെങ്കിൽ പ്രേക്ഷകർ കുറയുമെന്നാണു ഭയം. എന്നാൽ ഇതിഹാസരഹിതമായ ഒരു ചിത്രമാണെന്ന് ഈയിടെ പുറത്തിറങ്ങിയ "അണ്ണി" (തമിഴ്) തെളിയിച്ചിരിക്കുന്നു. ഇനിയെങ്കിലും നിർമ്മാതാക്കൾ കണ്ണുതുറക്കുമോ? ഉത്ഭവം ഇല്ലാത്തവണ്ണം തമ്മിലുള്ള സമരം രൂക്ഷത പ്രാപിച്ചുവരുന്ന ഈ യുഗത്തിൽ കമ്പോളചലനങ്ങളെ ചിത്രീകരിക്കുന്ന "കാകാർ" (തെലുങ്ക്) പോലുള്ള അനേകം ചിത്രങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പണ്ടത്തെ രാജാവിന്റെയും രാജ്ഞിയുടെയും, ദേവന്റെയും ദേവിയുടെയും കഥകൾ സിനിമയിൽനിന്നു ഇനിയും ഉടച്ചുമാററാത്തതു് വിസ്മയനീയമായിരിക്കുന്നു. ആ പഴയ പല്ലവികൾ ഇനിയും പാടണമോ? സമുദായത്തിലും സാഹിത്യത്തിലും അനുനിമിഷമായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾക്കനുസരണമായ മാററങ്ങൾ സിനിമയിലും ഉണ്ടാകേണ്ടതാവശ്യമാണ്.

സിനിമയിൽ സ്ഥാനത്തും അസ്ഥാനത്തും സംഗീതവും നൃത്തവും തിരുകിച്ചേർക്കുന്നതിലുള്ള ഭാരതീയ ചിത്രനിർമ്മാതാക്കളുടെ അനൗചിത്യബോധം ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. ഒരു വാക്പയററോ പാട്ടോ ഇന്നു സിനിമയിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതായിരിക്കയാണ്. ചുരുക്കിപ്പറഞ്ഞാൽ ഒരു പ്രണയകഥയും ഒരു ഡസൻ ഗാനങ്ങളും, അര ഡസൻ നൃത്തങ്ങളും, ഒരു വാക്പയററും, അല്പം 'സെക്സ് അപ്പീലും,' ഇടയ്ക്കിടയ്ക്കു കുറെ വൃത്തികെട്ട കോമിക്കുകളുമുണ്ടെങ്കിൽ ഇന്നത്തെ ഒരു സാധാരണ സിനിമയായി. ഈ ഒരേ ഒരു വൃത്തത്തിൽ കിടന്നു ചുററുകയാണിന്നത്തെ സിനിമാകളധികവും. ഈ പഴഞ്ചൻസമ്പ്രദായത്തിൽനിന്ന് ഭാരതീയ ചലച്ചിത്രപ്രസ്ഥാനത്തിന് വല്ല രക്ഷയുമുണ്ടാകുന്നതിനിയെന്നാണ്?

നാം സാധാരണ സിനിമാ കാണുമ്പോഴൊക്കെ "ന്യൂസ്റീൽ" കാണാറുണ്ടല്ലോ. എന്നാൽ എന്താണു നാമിവിടെ കാണുന്നതു? മന്ത്രിമാരുടെ പര്യടനങ്ങളും അവരുടെ ചെയ്തികളുമല്ലാതെ നാട്ടിന്റെ നന്മയ്ക്കുവേണ്ടിയുള്ളതെന്തെങ്കിലും ന്യൂസ്റീലുകളിൽ കാണാൻ കിട്ടാറുണ്ടോ? രാജ്യത്തെയും ജനങ്ങളെയും അഭിമുഖീകരിക്കുന്ന അനേകം പ്രശ്നങ്ങളുണ്ടിവിടെ. ഇതിൽ പലതും ജനങ്ങൾക്കു അറിവു നല്കുന്നതുകൊണ്ടും, പ്രചരണംകൊണ്ടും കുറെയെങ്കിലും പരിഹരിക്കാവുന്നതാണ്. എന്നാൽ ഭൂരിപക്ഷം ജനതയും അക്ഷരജ്ഞാനമില്ലാത്തവരാകകൊണ്ടു ഗവണ്മെൻറിന്റെ പത്രപ്രസ്താവനകളോ, പരസ്യങ്ങളോ അവർക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. അതുപോലെ തന്നെ ബ്രോഡ്കാസ്റ്റിംഗ് വകുപ്പിന്റെ ശ്രമങ്ങളും, അധികം പേരും റേഡിയോ കണ്ടിട്ടുപോലുമില്ലാത്ത പാവങ്ങളാകകൊണ്ടു അധികമൊന്നും വിജയിക്കുന്നില്ല. അതിനാൽ ന്യൂസ്റീലുകൾ മന്ത്രിമാരുടെ പ്രകടനോപാധിയാകാതെ നാട്ടിന്റേതായ പ്രശ്നങ്ങളുടെ പരിഹാരാർത്ഥം ഉപയോഗിക്കപ്പെടാൻ അവയെല്ലാം പരിശുദ്ധീകരിക്കേണ്ടതാണ്. നമ്മുടെ ഇന്നത്തെ പ്രശ്നങ്ങളിൽ വെച്ചു വലിയ പ്രശ്നമായ ഭക്ഷണപ്രശ്നത്തിന്റെ പരിഹാരാർത്ഥം പലതും ജനങ്ങളെ പഠിപ്പിക്കുവാനുണ്ട്. കുറഞ്ഞ സമയവും, കുറഞ്ഞ ശ്രമവും കൊണ്ടു ഉല്പാദനം പരമാവധി എങ്ങനെ വർദ്ധിപ്പിക്കാമെന്നു ജനങ്ങളെ സിനിമാകൾ വഴി ഫലപ്രദമായവിധം പഠിപ്പിക്കാവുന്നതാണ്. ജനകീയഭരണം നിലവിലിരിക്കുന്ന ഈ നാട്ടിൽ തെരഞ്ഞെടുപ്പിനെപ്പററിയും, ജനകീയ മര്യാദകളെപ്പററിയും, നഗരശുചീകരണം, ഗ്രാമീണപുനരുദ്ധാരണം, രോഗനിവാരണം, വയോജനവിദ്യാഭ്യാസം, കുടിൽവ്യവസായം, കൃഷി തുടങ്ങിയ വിഷയങ്ങളെപ്പററിയുമുള്ള അറിവുകൾ ജനങ്ങൾക്കു നല്കുവാൻ സിനിമാ പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്രകാരമുള്ള അറിവിന്റെ പ്രചരണത്തിനായി ടൂറിംഗ് സിനിമാകേന്ദ്രങ്ങൾ നാട്ടിന്റെ നാനാഭാഗങ്ങളും സ്ഥാപിക്കുന്നതു അഭിലഷണീയമായിരിക്കും.

സിനിമയുടെ കാര്യത്തിൽ ഗവണ്മെൻറു കൂടുതൽ ഇടപെടേണ്ട കാലം അതിക്രമിച്ചിരിക്കയാണ്. ഗവണ്മെൻറിന്റെ വക ഒരു മാതൃകാഫിലിം ഇൻസ്റ്റിററ്യൂട്ട് തന്നെ സ്ഥാപിക്കേണ്ടതാണെന്ന അഭിപ്രായം പലരും പുറപ്പെടുവിച്ചിട്ടുണ്ട്. സിനിമാവ്യവസായത്തിൽ ഒരു പുതിയ മാനദണ്ഡം പുലർത്തുവാൻ ഈ ഇൻസ്റ്റിററ്യൂട്ടിനു കഴിയുന്നതാണ്. മററു പല വ്യവസായങ്ങളിലെന്നപോലെ ചിത്രനിർമ്മാണവ്യവസായാഭിവൃദ്ധിക്കുവേണ്ടി സാങ്കേതിക വിദ്യാലയങ്ങളും, ഗവേഷണകേന്ദ്രങ്ങളും സ്ഥാപിക്കുകയും, വിദേശീയരായ



സാങ്കേതിക വിദഗ്ദ്ധന്മാരെയും കലാകാരന്മാരെയും കൊണ്ടുവന്നു ഇൻഡ്യാക്കാർക്കു പരിശീലനങ്ങൾ നല്കുകയും ചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണ്.

സിനിമാനിർമ്മാതാക്കളുടെ എണ്ണം കുറയ്ക്കുവാൻ ഗവണ്മെൻറു വിചാരിച്ചാൽ സാധിക്കുന്നതാണ്. അനേകം കമ്പനികളിൽനിന്നു അനേകം ചീത്ത പടങ്ങൾ ഇറങ്ങുന്നതിൽ ഭേദം മൂന്നോ നാലോ കമ്പനിയിൽനിന്നു ഒന്നോ രണ്ടോ നല്ല പടം ഇറങ്ങുകയാണ്. സിനിമാവ്യവസായത്തിൽ ഒന്നാമതായി നില്ക്കുന്ന അമേരിക്കയിൽ രണ്ടും, ബ്രിട്ടനിൽ ഒന്നും മാത്രമാണ് ഫിലിംനിർമ്മാണം നടത്തുന്ന കമ്പനികൾ.

ഇൻഡ്യ ഇപ്പോൾ അസംസ്കൃത ഫിലിം വരുത്തുന്നതു അമേരിക്കയിൽനിന്നാണ്. പല കാരണങ്ങൾകൊണ്ടും ഈ വിഷയത്തിൽ ഇൻഡ്യ സ്വന്തം കാലിൽ നില്ക്കാൻ ശ്രമിക്കേണ്ടതാണ്. ഒന്നാമതായി ഈ അമേരിക്കൻ സപ്ലൈ നിന്നുപോകുകയാണെങ്കിൽ ഇൻഡ്യൻ ചിത്രവ്യവസായം അടിയോടെ പരുങ്ങലിലാകുന്നതാണ്. അതിനാൽ അസംസ്കൃത ഫിലിമും സിനിമാസംബന്ധമായ മററു യന്ത്രസാമഗ്രികളും ഇൻഡ്യയിൽത്തന്നെ നിർമ്മിക്കുവാൻ അടുത്ത ഭാവിയിൽ തന്നെ സാധിക്കുന്നതായിരിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

## ആ ഭയങ്കര സ്ഥലം

(By N. R. Nair, I. U. C.)

ഭടജനങ്ങൾ തൻ ജീവിതത്തുമലർ
വിടരലായ്‌ധിപൻ മൃത്യുവിൻ മുന്നിലായ്
ത്രുടിതചിത്തരായർപ്പണം ചെയ്തിട്ടും
ചുടുനിണാബ്ധിതൻ തീരമാണസ്ഥലം!
മരണദേവത തന്റെ കണ്ഠത്തിൽ
വരണമാല്യമർപ്പിപ്പതിന്നായിട്ടു
പെരിയ ശൌര്യത്താൽ യോദ്ധാക്കൾ
പാഞ്ഞിട്ടും
ഖരപദധ്വനിയേററതാണസ്ഥലം!
തരുണന്മാരുടെ കയ്യൂക്കു കാണിപ്പാൻ
ത്വരിതമായി പ്രയത്നം നടത്തിട്ടും
നരകതുല്യഭയാനകമായിട്ടും
മരണരാക്ഷസ ഗേഹമാണസ്ഥലം!
തരുണിമാർ, തനയന്മാർ, പിതാവുമ-
ക്കരുണയുള്ള മാതാവും സഹോദരർ
പരമബന്ധുക്കൾ മററുള്ളവരെയും
സ്മരണകോടിയിൽ കണ്ടുകണ്ടങ്ങിനെ
പരമവേദനയാർന്നു തൻ ജീവിതം
ഒരുവെടിയാൽ... കഴിപ്പതാണസ്ഥലം!
ഇടിനിനദത്തെക്കാളും കഠിനമാം
കൊടിയനാദത്താൽ പാരിടമാകവേ
കിടുകിട വിറപ്പിച്ചിട്ടും ഭൂതങ്ങൾ
നടനം ചെയ്തിടും രംഗമാണസ്ഥലം!

കരുണയെന്നുള്ളതല്പവും കാട്ടാതെ
നരവരന്മാരാം സ്വന്തം സഹജരെ
കരകൃപാണത്താൽ ഖണ്ഡനം
ചെയ്യുവാൻ
വരിവരിയായ് നിരപ്പതാണസ്ഥലം!
കൊടിയ സാമ്രാജ്യ ഭൂമോഹ കാരണാൽ
കൊടിയ ശോണിതപ്പുഴ
സൃഷ്ടിക്കുവാൻ
കൊടിയ ദുർമ്മദരൊത്തടുത്തിടുന്ന
മുടിയന്മാരുടെ കേന്ദ്രമാണസ്ഥലം!
കരചരണങ്ങളററു ദൂരത്തുപോയ്
പൊരിയും മാനുഷരൂപങ്ങൾ കേഴുന്ന
പരിതാപാബ്ധിതൻ തീരമായ് തീർന്നൊരു
ധരണിമണ്ഡലകോണമാണസ്ഥലം!
അവശഗാത്രരായാത്മാവു പോകാതെ
പിടയും മാനുഷരൂപങ്ങളെ ക്ഷണാൽ
നരി, കഴുകൻ മുതലായ ജന്തുക്കൾ
ഒരു മടിയും മനതാരിലോർക്കാതെ
പെരിയ മോദത്താൽ കീറിപ്പിളർക്കുവാൻ
തെരുതെരെന്നു വരുന്നതാണസ്ഥലം!
ഹൃദയരക്തം കുടിച്ചു പുളയ്ക്കുന്ന
ഹൃദയശൂന്യരാം ജീവികൾ തൻ കളി



5

ഹൃദയമനൈശ്വര്യമേറുന്നവർപോലും
കദനമോടെ കഥിപ്പതാണെന്നസ്ഥലം!
ഇതുവിധം പല രൂപത്തിലുംചൊന്നാൽ
പരിതാപത്തിൽ കുളിച്ചുനിന്നിട്ടുന്ന
ചരിതം സൃഷ്ടിപ്പാനൊട്ടും മടിയ്ക്കാത്ത
പെരിയമാരക ദേശമാണെന്നസ്ഥലം!

---

# ഇക്ബാൽ

(PAREED A. K., JUNIOR B. A.)

ആർഷസംസ്കാരത്തിന്റെ മഹനീയതയുടെയും സത്യത്തിന്റെ മാഹാത്മ്യത്തിന്റെയും മന്ദ്രധ്വനി പൊഴിച്ചിരുന്ന പൂങ്കുയിൽ വിശ്വമഹാകവിയായ "ടാഗോ"റാണെങ്കിൽ, മനുഷ്യജീവിതത്തിന്റെ മേന്മകളെയും അദ്ധ്യാത്മികതയെയും ആരാധ്യതയെയുംപറ്റി സ്വർഗ്ഗീയ ഗാനമാലപിച്ചിരുന്ന അപരകോകിലമായിരുന്നു പരേതനായ ഡോക്ടർ സർ മുഹമ്മദ് ഇക്ബാൽ.

ഹൃദയം കുളുർപ്പിക്കുന്ന ആ സ്വർഗ്ഗീയ സംഗീതം കാതുകളിൽ അമൃതധാര ഒഴുക്കിക്കൊണ്ടിരുന്നപ്പോൾ അന്നാരും ആ ഗായക കോകിലം ആരാണെന്നു അന്വേഷിച്ചില്ല. എന്നാൽ ആ സംഗീതം പെട്ടെന്നു നിലച്ചപ്പോഴാണ് ആളുകൾ ഓർത്തത്, ആ ഗായകനാരായിരുന്നു എന്ന്. അവർ നാലുപാടും എത്തിനോക്കി; അങ്ങുമിങ്ങുമന്വേഷിച്ചു. പക്ഷേ ആ പൊൻകിളി പറന്നുപോയി കഴിഞ്ഞിരുന്നു. മഹാത്മാക്കളുടെ മഹത്വം കാണാൻ മിഴിയില്ലാത്ത മനുഷ്യരുടെ മുഖത്തു നോക്കിക്കൊണ്ട് ആ കാലത്തോടായി നിരാശനാകാതെ അതു പാടി—"ഇന്നത്തെ ചെവി എനിക്കാവശ്യമില്ല. ഞാൻ നാളത്തെ കവിയുടെ ശബ്ദമാണ്" (I have no need of the ear of today, I am the voice of the poet of tomorrow) എന്ന്.

മഹാത്മാക്കളുടെ മഹത്വത്തെ ജീവിച്ചിരിക്കുമ്പോൾ അധികമാരും തിരിച്ചറിയാറില്ല; അവരെ ആദരിക്കാറില്ല; ആരാധിക്കാറുമില്ല. പകരം അങ്ങനെയുള്ളവരെ ആട്ടിയോടിക്കാം, കല്ലെറിയാം, കഷ്ടപ്പെടുത്താം. കഴുകിൽ കേറ്റാമല്ലോ ഇന്നവരെ ലോകം ചെയ്തിട്ടുള്ളത്? അങ്ങനെ അവരെ കൊന്നുകഴിയുമ്പോഴാണ്—അവരെ കൊന്ന ചോരപുരണ്ട കൈ കഴുകിക്കൊണ്ടാണ്, കരയുന്നതും, കണ്ണീരൊലിപ്പിക്കുന്നതും, കണ്ണു തുടയ്ക്കുന്നതും. 'ലോകമൊരു വിഡ്ഢിക്കൂട്ടമാണെന്ന്' ഷില്ലർ പറഞ്ഞതും ഇതൊക്കെക്കൊണ്ടുതന്നെയാണ്.

1873 ഫെബ്രുവരി 22-ാം തീയതി നിരവധി കലാകാരന്മാരെ ഭാരതത്തിനു സംഭാവന ചെയ്തിട്ടുള്ള പഞ്ചാബിലെ 'സിയാൽകോട്ടി'ലാണ് ഇക്ബാൽ ഭൂജാതനായത്. പ്രാഥമിക വിദ്യാഭ്യാസാനന്തരം സ്വദേശത്തെ സ്കോച്ചുമിഷ്യൻ കാളേജിൽ ചേർന്നു. ലാഹോറിലെ ഗവൺമെന്റ് കാളേജിൽനിന്നും ബി. എ., എം. എ. എന്നീ ബിരുദങ്ങൾ കീർത്തിയോടുകൂടിത്തന്നെ സമ്പാദിച്ചു. ഈ കാലഘട്ടത്തിൽ മഹാചിന്തകനും, തത്വജ്ഞാനിയുമായ 'തോമസ് ആർനോൾഡി'ന്റെയും അറബി പണ്ഡിതനായ 'സെയിദ് മിർ ഹസ്സ'ന്റെയും സമ്പർക്കവും സാമീപ്യവും കൂടുതൽ അറിയുവാനും അധികമധികം ആരായാനും പ്രചോദനം നല്കി. അലിഗറിലും ലാഹോറിലും പ്രൊഫസരായി കുറേനാൾ ജോലിനോക്കിയെങ്കിലും വിജ്ഞാന സമ്പാദനത്തിനുള്ള വ്യഗ്രത ഉദ്യോഗത്തിന്റെ ഇടുങ്ങിയ സരണിയിൽനിന്നും വിശ്വത്തിന്റെ വിശാല വക്ഷസ്സിലേക്കു കാലു വയ്ക്കാൻ—വിദേശ പര്യടനം നടത്താൻ അദ്ദേഹത്തിന്റെ ആത്മാവിനെ പ്രേരിപ്പിച്ചു. അങ്ങനെ അദ്ദേഹം കേംബ്രിഡ്ജ് കാളേജിൽ ചേർന്നുകൊണ്ട് തത്വശാസ്ത്ര വിഷയകമായി ഗവേഷണങ്ങൾ നടത്തി. പേർഷ്യൻ തത്വശാസ്ത്രം സംബന്ധിച്ച് അദ്ദേഹം രചിച്ച "പാരസികമിസ്റ്റിസിസം" ജർമ്മനിയിലെ മ്യൂണിച്ച് സർവ്വകലാശാലക്കാർ പരിശോധിച്ചു ആ പണ്ഡിതശ്രേഷ്ഠന് പി. എച്ച്. ഡി., ഡോക്ടർ എന്നീ ബിരുദങ്ങൾ നല്കി. ലണ്ടൻ സർവ്വകലാശാലയിൽ പ്രൊഫസറായി കുറേക്കാലം ഉദ്യോഗത്തിലിരുന്നശേഷം ബാരിസ്റ്റർബിരുദവും സമ്പാദിച്ചു ഇന്ത്യയിലേക്കു മടങ്ങി. അഭിഭാഷക ലോകത്തിൽ ഉന്നതനായ ഒരു നിയമജ്ഞനായി ഖ്യാതി നേടാനല്ല, പ്രത്യുത സാഹിത്യാരാമത്തിൽ പാടിപ്പറക്കാനാണ് അദ്ദേഹം വെമ്പൽ കൊണ്ടത്.

ദാന്തി (ഇററലി) ഗഥേ (ജർമ്മനി) ലാമർട്ടൈൻ (ഫ്രാൻസ്) ഇബ്ൻ അറബി (സ്പെയിൻ) ജലാലുദ്ദീൻ കവി (പേർഷ്യാ) ടാഗോർ എന്നീ വിശ്വമഹാകവികളുടെ ഗണനയിൽ നിവർന്നിരിക്കുന്ന വ്യക്തിയാണ് ഇക്ബാൽ. തന്റെ ആശയങ്ങളെ മധുരമായി പ്രകാശിപ്പിക്കാൻ, അധികമായും അദ്ദേഹം അവലംബിച്ചതു 'പാരസിക' ഭാഷയെയായിരുന്നു. പാരസിക ഭാഷയെ അപേക്ഷിച്ച് ശുഷ്കവും സങ്കുചിതവുമായ 'ഹിന്ദുസ്ഥാനി'യുടെ പരിമിതികളിലിട്ടുതന്നെ വേദനിപ്പിക്കുവാൻ-ഞെരിക്കുവാൻ-അദ്ദേഹം വന്നില്ല. ഇതേപ്പറ്റി ഇക്ബാൽ തന്നെ പാടിയിട്ടുണ്ട്. 'ഭാരതീയ ഭാഷ ഹൃദ്യംതന്നെ. എന്നാൽ പാരസിക ഭാഷയാണ് ഹൃദ്യതരം. എന്റെ ചിന്തകളുടെ മനോന്നത്യംകൊണ്ട് ആ ഭാഷ മാത്രമേ അവയ്ക്കു അനുരൂപമായിരിക്കൂ."

ലാഹോറിലെ വിദ്വൽസ്സദസ്സിൽ അദ്ദേഹം പാരായണംചെയ്ത "അനാഥബാലന്റെ രോദനം" വാസ്തവത്തിൽ അധഃപതനത്തിന്റെ ആഘാതമേററവശരായി, നിസ്സഹായതയിൽ നീന്തിക്കുഴയുന്ന ജനങ്ങളുടെ നിരാശ്രയതയിൽ, ഹൃദയം നീറിയ അദ്ദേഹത്തിന്റെ രോദനമായിരുന്നു........ ....

മനുഷ്യനാണ് സൌന്ദര്യമെന്നു ഇക്ബാൽ കണ്ടു. കാരണം അവൻ പ്രകൃതിയിലെ ഒരു പ്രത്യേകതയാണ്. പ്രകൃതിയുടെതന്നെ അധിപതിയാണവൻ. പ്രകൃതിയുടെ നിശ്ചലമായ വനവീഥിയിലൂടെ അനുനിമിഷം നീങ്ങിക്കൊണ്ടിരിക്കുന്ന ഭാരവണ്ടിയല്ല മനുഷ്യൻ. അവൻ പ്രകൃതിയുടെ ഒരു ഘടകമെന്നപോലെ പ്രകൃതിയെ മാററിയെഴുതാൻകൂടി കെല്പുള്ള സജീവമായ ഘടകമാണ്. മനുഷ്യനെ വ്യാഖ്യാനിക്കാൻ വന്ന കവികളുടെ കൂട്ടത്തിൽ ഇക്ബാൽ ഒററപ്പെട്ടു നിൽക്കുന്നു. കാരണം ഇക്ബാൽ കണ്ട ലോകം ജീവനുള്ള, ചൈതന്യമുള്ള മനുഷ്യന്റെ ലോകമാണ്. ആകയാൽ ഇക്ബാൽ ഒരുറക്കറയല്ല, ഇക്ബാൽ ഒരു വഴിയമ്പലമല്ല, ഒരു വിശറിയല്ല, ഒരു വീണയല്ല. തേനഞ്ചുന്ന ലഘുകാവ്യവും അരികിൽ കുറെ പലഹാരവും പാനഭാജനം നിറയെ മധുവും പുറകിലിരുന്നു പാടിത്തരാനൊരു പെൺകിടാവുമുണ്ടെങ്കിൽ കാനനം പോലും സ്വർഗ്ഗലോകം എന്നു പറയാൻ ഇക്ബാൽ തുനിഞ്ഞില്ല.—'ഇന്നി'ന്റെ മദ്യലഹരിയിൽ "നാളെ"യെ കഴിച്ചുകൂട്ടാൻ ഇക്ബാൽ പറഞ്ഞില്ല. ലോകം കിട്ടിയതിന്റെ സംതൃപ്തിക്കിടയിൽ കടം കിട്ടാനുള്ളതിന്റെ ഓർമ്മയെ കൊന്നുകളയാൻ അദ്ദേഹം ആവശ്യപ്പെട്ടില്ല. അപ്പുള്ള

തയിൽനിന്നും പരിപൂർണ്ണതയെ പൊക്കിയെടുക്കാൻ, മനുഷ്യനെക്കൊണ്ടു ഒരു അതിമാനുഷനെ സൃഷ്ടിക്കാൻ ഇക്ബാൽ മുറവിളികൂട്ടി.

ദേശാഭിമാനത്തിന്റെ ആവേശം അദ്ദേഹത്തിന്റെ തൂലികയിൽ വെട്ടിത്തിളങ്ങി. ഇക്ബാലിന്റെ ദേശാഭിമാനം കുളമല്ല, കിണറല്ല, ഇടനാഴിയല്ല. അതു ചക്രവാളങ്ങൾക്കപ്പുറംവരെ നീണ്ടു ചെല്ലുന്നു. അതിർത്തിരേഖകളെ അതിലംഘിച്ചുകൊണ്ടു അതു കടന്നുപോകുന്നു. എല്ലാ ലോകത്തിലെയും പാവങ്ങളോടായി ഇക്ബാൽ വിളിച്ചുപറഞ്ഞു. "പാവങ്ങളേ, ഉണരുക." സാമ്രാജ്യത്വത്തെയും മുതലാളിത്വത്തെയും എല്ലാത്തരം രാഷ്ട്രീയ ചൂഷണങ്ങളെയും അദ്ദേഹം ശക്തിയായി എതിർത്തു.

ആധുനിക യുഗത്തിന്റെ കാലടികളിൽനിന്നും ഉതിർന്നുവീണ സമകാലിക പ്രശ്നങ്ങളുടെ സമാരാധ്യനായ മഹാകവെ, മരണത്തിന്റെ മങ്ങിയ നിഴൽ നിന്നെ മറച്ചുകളഞ്ഞു. അതെ 1938 ഏപ്രിൽ 21-ാം തീയതി ഇക്ബാൽ ഇഹലോകവാസം വെടിഞ്ഞു. കവിയുടെ കവിയും ചിന്തകന്മാരുടെ ചിന്തകനും അടിമത്വത്തിന്റെ നേരെ ആക്രമണം നടത്തി അവശതകളോടും അസമത്വങ്ങളോടും സധീരം അടരാടിയ ആ 'രാക്കുയിൽ', ആ പൊൻതാരം, പൊലിഞ്ഞപ്പോൾ പണ്ഡിററ് നെഹ്റു പറഞ്ഞു "ഇക്ബാലിന്റെ നിര്യാണത്തിൽ ഭാരതത്തിൽ ജാജ്വല്യമാനമായ ഒരു താരമാണ് നഷ്ടപ്പെട്ടതെ"ന്ന്............

..........................................................

പക്ഷെ ! നാളെയുടെ നാളെയായി, ചിന്തയുടെ ചിന്തയായി, നിന്റെ ആഹ്വാനം ഞങ്ങൾക്കായി, ലോകത്തിനായി പ്രതിധ്വനിക്കും.

---

(ചെറുകഥ)

# സ്ത്രീ

([illegible], ജൂനിയർ ബി. എ.)

നാലുമണി കഴിഞ്ഞാൽ ഓരോരുത്തരായി ആ പാർക്കിലുള്ള കാററാടിമരത്തിന്റെ ചുവട്ടിലായി ഇരിപ്പുറപ്പിക്കും. ഞങ്ങളുടെ സ്നേഹിതന്മാരിൽ വളരെയധികം "ലാത്തിയടി"ക്കുന്നതു ചെറുപ്പക്കാരനായ ആ പോലീസ് ഇൻസ്പെക്ടരായിരുന്നു. വക്കീൽ കുഞ്ഞമേനോൻ, ഇൻസ്പെക്ടർ വേണു, ഇൻഷ്വറൻസ് ഇൻസ്പെക്ടർ തോമസ്, ഞാൻ—തീർന്നു ഞങ്ങളുടെ "ചടായി" സംഘത്തിലെ അംഗസംഖ്യ. ഞങ്ങൾ നാലുപേരുംകൂടി സമ്മേളിച്ചാൽ ആ പട്ടണത്തിലെ ഒരൊററ വ്യക്തിയെയെങ്കിലും വിടാതെ പിടികൂടും. കഷണ്ടി ബാധിച്ചു തുടങ്ങിയ വക്കീലിന്റെ തലയിൽ സൂര്യരശ്മി നൃത്തമാടുമ്പോൾ തമാശക്കാരനായ വേണു തന്റെ പ്രതിബിംബം അതിൽ നിഴലിക്കുന്നുണ്ടോ എന്നു സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുകയാണ്.

"'സ്ത്രീ' കണ്ടോ?" കഷണ്ടിക്കാരൻ വക്കീൽ വേണുവിന്റെ ഹാസ്യത്തിൽനിന്നും ഒഴിയാതെന്നവണ്ണം ചോദിച്ചു. "ഞാൻ പല സ്ത്രീകളെയും കണ്ടിട്ടുണ്ട്" വേണു മറുപടി പറഞ്ഞു. "അതല്ല തിക്കുറിശ്ശിയുടെ 'സ്ത്രീ' കണ്ടോ" എന്നു വക്കീൽ വിശദമായി ചോദിച്ചു.

"'സ്ത്രീ' കണ്ടു കഴിഞ്ഞതിനുശേഷം എനിക്കു എന്റെ ഭാര്യയിൽ കുറെക്കൂടി വിശ്വാസം ജനിച്ചിട്ടുണ്ട്." തോമസാണു അതു പറഞ്ഞതു്. "കാരണം, കഴിവില്ലാത്ത പുരുഷൻ സ്ത്രീയെ ഭരിക്കുവാനർഹനല്ല. സ്ത്രീ വേശ്യയാകുന്നതു പുരുഷന്റെ കഴിവുകേടിൽ നിന്നാണ്." വേണുവിന്റെ അഭിപ്രായമിതാണ്. "സ്ത്രീയെ വിശ്വസിക്കരുത്. 'സ്ത്രീ'യിൽ ആ കലാകാരൻ പറയുന്നതുപോലെ സ്ത്രീ ഉത്തരം കിട്ടാത്ത ഒരു ചോദ്യചിഹ്നമാണ്." അവിവാഹിതനായ വേണു തന്റെ 'തേൾവാലൻ' മീശ തടവിക്കൊണ്ടു അഭിപ്രായപ്പെട്ടു. "കാരണം?" വേണുവിൽനിന്നും ഒരനുഭവകഥ പുറത്തേക്കു കുതിക്കാൻവേണ്ടി വക്കീൽ ചോദിക്കയാണ്.

"കാരണമോ?"

"അതെ," വക്കീൽ വീണ്ടും ഉറപ്പിച്ചു പറഞ്ഞു.

ഏതൊരു സംഗതി പറഞ്ഞാലും അതു തന്റെ ജീവിതവുമായി ബന്ധപ്പെട്ടതാണെന്നുള്ള നിലയ്ക്കു വേണു സമർത്ഥിക്കും. വേണു ഒരു അനുഭവവിശാരദനായിരുന്നു. വേണുവിന്റെ അനുഭവകഥകളിൽ നാം ലീനരായി എന്നുള്ള ഭാവം പ്രകടിപ്പിച്ചില്ലെങ്കിൽ ആ മുഖം രോഷസങ്കലിതമാക്കി അയാൾ നിശ്ശബ്ദനായി ഇരുന്നുകളയും. അങ്ങനെ വേണു കഥകളുടെ ഒരു ഭണ്ഡാകാരമായിരുന്നു.

"നിങ്ങളൊരു കഥാകൃത്താകേണ്ടതായിരുന്നു." വേണുവിന്റെ അനുഭവകഥകളെ സ്മരിച്ചു അതെന്റെ അഭിപ്രായമായിരുന്നു.

"വേണു ഒരു വക്കീലായിരുന്നെങ്കിൽ നല്ല നിലയിലെത്തുമായിരുന്നു." വേണുവിന്റെ വാഗ്വിലാസത്തെ അഭിനന്ദിച്ച വക്കീലിന്റെ അഭിപ്രായമായിരുന്നു അതു്.

"എന്റെ ചേട്ടന്മാരേ, പോലീസുദ്യോഗത്തിന്റെ അന്തസ്സു അതിനു തന്നെയുള്ള," വേണു തന്റെ ഉദ്യോഗത്തിലഭിമാനിച്ചതിന്നു മറുപടി പറയും.

"എന്താ കാരണം പറയാതെ മിണ്ടാതിരുന്നുകളഞ്ഞതു്?" വക്കീൽ വീണ്ടും വേണുവിന്റെ അനുഭവകഥകൾ കേൾക്കാൻ ഉത്സാഹം പ്രകടിപ്പിച്ചു. വേണു ഒരു സിഗരററു കത്തിച്ചു തന്റെ സ്മരണകളെ ആഗതമാക്കാനെന്നവണ്ണം പുക പുറത്തേക്കു വിട്ടുകൊണ്ടു പറഞ്ഞു തുടങ്ങി.

"കാരണമോ?—അതു ഞാൻ പറയാം" വേണു അത്രയും പറഞ്ഞു നിറുത്തി.

"അതൊരു യഥാർത്ഥ അനുഭവം തന്നെയായിരിക്കും. വേഗം പറയൂ." വക്കീൽ വേണുവിനെ പരിഹസിക്കാനാണ് പുറപ്പാട്.

"പരിഹസിക്കാനാണു ഭാവമെങ്കിൽ ഞാൻ പറയുന്നില്ല." വേണു വല്ലാത്തൊരസ്വസ്ഥതയോടെ വക്കീലിന്റെ നേരെ തിരിഞ്ഞു.

"അപ്പോൾ വക്കീൽസാർ കുഴപ്പമുണ്ടാക്കാതെ! വേണു പറഞ്ഞു കഴിയട്ടെ. എന്നിട്ടഭിപ്രായം പാസ്സാക്കിയാൽ മതി"—തോമസ്സാണു പറഞ്ഞതു്. അങ്ങനെ ഞങ്ങളെല്ലാവരും വേണുവിന്റെ അനുഭവകഥ കേൾക്കാൻ ശ്രദ്ധയോടെ കാത്തിരുന്നു.

"ഞാൻ ആ പട്ടണത്തിൽ ഇൻസ്പെക്ടരായി ചാർജ്ജെടുത്ത ഉടനെയാണീസംഭവമുണ്ടായതു്." ആകാശത്തിൽ പായോടിക്കൊണ്ടിരുന്ന പുകച്ചുരുളുകളെ നോക്കിക്കൊണ്ടയാൾ തുടർന്നു. "ജനബാഹുല്യമുള്ളതും സ്റ്റേററിന്റെ തലസ്ഥാനവുമായിരുന്ന ആ സുന്ദരമായ പട്ടണം. ഫാക്ടറി തൊഴിലാളികളുടെ സ്ട്രൈക്ക് എപ്പോഴും മുദ്രാവാക്യങ്ങൾകൊണ്ടു മുഴങ്ങുന്ന റോഡുകൾ അങ്ങനെ ഒരു ബഹളമയം. യഥാർത്ഥത്തിൽ ഞാനവിടെ ഇൻസ്പെക്ടരായി ചാർജ്ജെടുക്കുന്നതിനു മുമ്പു ഒരു കല്യാണാവശ്യത്തിനു മാത്രമെ ആ പട്ടണത്തിൽ പോയിരുന്നുള്ളൂ. എനിക്കു തികച്ചും അപരിചിതമായിരുന്നു ആ പട്ടണം. സ്റ്റേഷൻ ജോലി തന്നെ ആവശ്യത്തിനും ബാക്കിയും. പുറത്തിറങ്ങാൻ സൗകര്യം കൂടിയില്ലാതെ കഷ്ടപ്പെടുമ്പോൾ......."

"നിങ്ങളുടെ കഷ്ടപ്പാടൊന്നും വർണ്ണിക്കേണ്ട, ഉള്ള കാര്യമങ്ങു പറയൂ." അക്ഷമനായി തോമസ്സു പറഞ്ഞു.

"അല്ല, വേണു തുടരട്ടെ" ഞാൻ വേണുവിനെ പ്രോത്സാഹിപ്പിച്ചു.

"എനിക്കിഷ്ടംപോലെ ഞാൻ പറയും. കേൾക്കാൻ മനസ്സുള്ളവർ കേട്ടാൽ മതി." ശുണ്ഠിയും ശുദ്ധനുമായ പോലീസുദ്യോഗസ്ഥനു കലികയറി. തന്റെ കഥയുടെ ചരടു പിടിച്ചു വലിച്ചതിനു അയാൾ കുപിതനായി.

"ആരും മിണ്ടരുതു്" ഞാൻ തെല്ലൊരധികാരസ്വരത്തിൽ പറഞ്ഞു. അവർ നിശ്ശബ്ദരായി.

"അന്നു അതിരാവിലെ......."

"എന്നു്?"

"ഒന്നു മിണ്ടാതിരിക്കെടോ"—വക്കീൽ വീണ്ടും വിഷമമുണ്ടാക്കാനാണു ഭാവം. എന്റെ "എടോ" വിളിയിൽ വക്കീലടങ്ങി.

"അന്നൊരു തിങ്കളാഴ്ചയായിരുന്നു" വേണു പറഞ്ഞു തുടങ്ങി. "രാവിലെ കാപ്പികുടിയും കഴിഞ്ഞു സ്റ്റേഷനിൽ എഴുതിക്കൊണ്ടിരിക്കയാണ്. നൂറുതരം കേസുകൾ വാലും തലയുമില്ലാതെ കിടക്കുന്നു. ഞാൻ ധൃതിയിൽ എഴുതിക്കൊണ്ടിരുന്നു.

"സർ". ഞാൻ തലയുയർത്തി. ഒരു പോലീസുകാരൻ സെല്യൂട്ട് ചെയ്തുകൊണ്ടു നില്ക്കുന്നു.

"എന്താ?"

"രണ്ടുപേർ"

"കൊണ്ടുവാ." സ്ട്രൈക്കുകാരനായിരിക്കുമെന്നാശ്വസിച്ചു ഞാനല്പം ഘനഭാവത്തിൽ പറഞ്ഞു. രണ്ടുപേർ മുറിയിലേക്കു കടന്നുവന്നു. പുറകെ പോലീസുകാരനും. ഒരു സ്ത്രീയും പുരുഷനുമായിരുന്നു ആ രണ്ടുപേർ. യുവതിയായിരുന്നു ആ സ്ത്രീ. നീല സില്ക്കുസാരി ധരിച്ചിരിക്കുന്നു. കഴുത്തു നിറയെ ആഭരണങ്ങളും. കൈകളിൽ ഭംഗിയേറിയ വളകൾ. ആകർഷകത്വമുള്ള യുവതി. യൂറോപ്യൻ രീതിയിൽ വസ്ത്രധാരണം ചെയ്ത സുന്ദരനായ ഒരു യുവാവ്. കമ്യൂണിസ്റ്റുകാരെ പ്രതീക്ഷിച്ചിരുന്ന ഞാൻ ക്ഷുഭിതനായി. അവർ ഭാര്യയും ഭർത്താവുമായിരിക്കും.

'എന്താ സംഗതി?' ഞാൻ ചോദിച്ചു.

'സർ' ഹൃദയഹാരിയായിരുന്നു ആ ശബ്ദം. ഞാൻ ആ സ്ത്രീയുടെ മുഖത്തേക്കു നോക്കി. അപ്പോഴാണു ആ കണ്ണുകളിൽ അശ്രുനിറഞ്ഞു നില്ക്കുന്നതു ഞാൻ കണ്ടതു്.

'എന്താ പറയൂ' ആ ചെറുപ്പക്കാരനപ്പോഴും അക്ഷമനായി നില്ക്കുകയാണ്.

'സർ.' വിങ്ങിപ്പൊട്ടുന്ന അവളുടെ ശബ്ദത്തിനു തന്നെ ഒരു പ്രത്യേകതയുണ്ട്. ഹൃദയത്തിന്റെ മൂലതന്ത്രികളിൽ ചെന്നു മുട്ടുന്ന ശബ്ദം. ആ കണ്ണുകളിൽനിന്നു കണ്ണുനീർ തുളുമ്പി വീഴുകയാണ്.

'കരയാതെ പറയൂ.' എനിക്കനുകമ്പ തോന്നി. 'ഞാനൊരന്യ നാട്ടുകാരിയാണ്. സാരിത്തുമ്പുകൊണ്ടു കണ്ണീർ തുടച്ചു കൊണ്ടവൾ പറഞ്ഞുതുടങ്ങി.

'ഇദ്ദേഹവും എന്റെ നാട്ടുകാരനാണ്'

'അപ്പോൾ ഭർത്താവല്ല. അല്ലേ?' ഞാനറിയാതെ ചോദിച്ചുപോയി.

'അല്ല, എങ്കിലും.......' ലജ്ജകൊണ്ടായിരിക്കാം അവൾ തല താഴ്ത്തിയതു്.

'സർ' ആ ചെറുപ്പക്കാരൻ എന്തോ പറയാൻ ഭാവിച്ചു. 'വരട്ടെ, ഇവർ പറഞ്ഞു കഴിയട്ടെ' ഞാൻ ആജ്ഞാപിച്ചു. അയാൾ വിളർത്ത മുഖഭാവത്തോടെ ഞങ്ങളെ രണ്ടുപേരെയും മാറിമാറി നോക്കി. ഇഷ്ടിക വിരിച്ച ആ തറയിൽ വലത്തു പാദത്തിന്റെ പെരുവിരൽ കൊണ്ടവൾ അവ്യക്തമായെന്തൊക്കെയോ എഴുതിക്കൊണ്ടിരുന്നു. 'ഇദ്ദേഹം—ഇദ്ദേഹമെന്റെ അയൽപക്കക്കാരനാണ്. ബാല്യം മുതൽക്കു ഞങ്ങൾ സ്നേഹിച്ചു വളർന്നു. അതൊരു യഥാർത്ഥപ്രേമമായിരുന്നെന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. ഞങ്ങൾ രണ്ടുപേരുടെയും മതങ്ങൾക്കന്തരമുണ്ടായിരുന്നു. എന്റെ പേർ ജാനകി. ഇദ്ദേഹത്തിന്റേതു തോമസ്'. ആ ചെറുപ്പക്കാരൻ അത്ഭുതഭാവം പ്രകടിപ്പിക്കുകയാണ്. 'സർ, അങ്ങനെ ഞങ്ങൾ ഹൃദയം കൈമാറി.' അവൾ വീണ്ടും ആ ഹൃദയസ്പൃക്കായ സ്വരത്തിൽ പറഞ്ഞുതുടങ്ങി. 'ഞങ്ങളുടെ പ്രേമത്തിന്റെ മുമ്പിൽ സമുദായനിയമം ഉഗ്രഫണമുയർത്തി. ഞങ്ങളുടെ വീട്ടുകാർ ഞങ്ങളെ ഭീഷണിപ്പെടുത്തി. കഴിഞ്ഞയാഴ്ച ഇദ്ദേഹം എന്റെ വീട്ടിൽ ആരുമറിയാതെ വന്നു എന്നെ വിളിച്ചുണർത്തി. അർദ്ധരാത്രി സമയം. 'നമ്മുടെ പ്രേമം എന്നും നിലനില്ക്കണമെന്നുണ്ടെങ്കിൽ എന്റെ കൂടെ വരൂ. നമുക്കു ജീവിക്കാം.' അതായിരുന്നു അദ്ദേഹമെന്നോടു പറഞ്ഞതു്. 'ഞാനെന്റെ കൈവശമുണ്ടായിരുന്നതെല്ലാമെടുത്തു ഇദ്ദേഹമൊന്നിച്ചു വീടു വിട്ടിറങ്ങി. അങ്ങനെ ഞങ്ങൾ ഇവിടെ വന്നിട്ടൊരാഴ്ചയായി. ഇന്നലെ ഇദ്ദേഹത്തിന്റെ ജ്യേഷ്ഠൻ വന്നു ഞങ്ങളെ ഒരുപാടു ശകാരിച്ചു. അതിനുശേഷം ഇദ്ദേഹമെന്നെ ഉപദേശിക്കുകയാണു തന്നെ വിട്ടുപോകാൻ. ഞാനദ്ദേഹത്തെ പിന്തുടരുകയാണ്. റെയിൽവേ സ്റ്റേഷനിൽ വച്ചു ഇദ്ദേഹം എവിടേക്കോ വണ്ടി കയറാൻ ഭാവിച്ചു. എന്നാൽ ഞാനിദ്ദേഹത്തെ



വിട്ടില്ല. അദ്ദേഹമെന്നെ അധിക്ഷേപിച്ചു. അങ്ങനെ ബഹളമായി. 'ഇദ്ദേഹം—പോലീസുകാരനെ ചൂണ്ടിക്കൊണ്ടു—ഞങ്ങളെ ഇങ്ങോട്ടു കൊണ്ടുവന്നു.' അവൾ പറഞ്ഞു നിറുത്തി.

ആ മുഖത്തുനിന്നും കണ്ണീർ അടർന്നു വീണുകൊണ്ടിരുന്നു.

'നിങ്ങളെന്തു പറയുന്നു?' അതുവരെയും നിശ്ശബ്ദനായി മുഖത്തു അസഹ്യത നിഴലിച്ചിരുന്ന ആ ചെറുപ്പക്കാരനോടു ഞാൻ ചോദിച്ചു.

'സർ, ഇവൾ പറഞ്ഞതെല്ലാം കള്ളമാണ്. ഞാൻ ക്രിസ്ത്യനല്ല മുസൽമാനാണ്. ഈ അഡ്രസ്സിൽ ഫോണിൽ ചോദിച്ചാലെന്നെപ്പറ്റി അറിയാം.' അയാളൊരച്ചടിച്ച കാർഡെനിക്കു നീട്ടി. ഒരു ധനാഢ്യന്റെ മേൽവിലാസം. 'നിങ്ങൾ ഇദ്ദേഹത്തിന്റെ ആരാ?'

'മകൻ.' അയാൾ പറഞ്ഞു. ധനപ്രമത്തതയിൽ മുഴുകിയിരിക്കുന്ന ഈ ചെറുപ്പക്കാരൻ ആ സാധുയുവതിയെ വഞ്ചിച്ചതായിരിക്കാം. ഞാൻ വിചാരിച്ചു.

'അല്ല നീ ഇവിടെയുമെത്തിയോ?' പുറത്തെക്കെവിടെയോ പോയിരുന്ന ഹെഡ്കോൺസ്റ്റബിൾ ശങ്കരമേനോൻ വന്നു കയറിയുടനെ ആ യുവതിയോടു ചോദിക്കയാണ്. അവളുടെ മുഖത്തു ഭയത്തിന്റെ ലാഞ്ഛന കളിയാടി.

'ശങ്കരമേനോനറിയുമോ ഈ സ്ത്രീയെ?'

'നല്ല കാര്യമായി. ഇവളല്ലേ ആ ലൈയിനിലെ നടനായകം? ചെറുപ്പക്കാരെ വലയിട്ടുന്നതിൽ ബിരുദ നേടിയവൾ.' ഞാനൊന്നു തളർന്നുപോയി. അപ്പോഴുമവൾ നിഷ്കളങ്കയെപ്പോലെ മാദകമായ മന്ദഹാസവും പൊഴിച്ചുകൊണ്ടു നില്ക്കുന്നു. കുറച്ചു സമയത്തിനുള്ളിൽ ഞാൻ ഫോണിൽ സംസാരിച്ചു. ആ യുവാവു പറഞ്ഞതെല്ലാം വാസ്തവമായിരുന്നു. ഞാനയാളെ പറഞ്ഞയച്ചു." വേണു പറഞ്ഞു നിറുത്തി.

'അവളെന്തിനു കള്ളം പറഞ്ഞു?' വക്കീൽ ചോദിക്കയാണ്.

'മിസ്റ്റർ! എന്തിനെന്നോ, അന്യനാട്ടുകാരായ മാന്യന്മാരെ അവൾ ജനമദ്ധ്യത്തിൽവച്ചു കൈയ്ക്കു കയറി പിടിക്കുന്നു. എന്നിട്ടിതുപോലെ ഓരോ കള്ളങ്ങൾ പറയുന്നു. അപരിചിതരായ അവർ അപമാനത്തെ ഭയന്നു അവൾ പറയുന്നതു കൊടുക്കുവാൻ നിർബന്ധിതരാകുന്നു. ഇവളിങ്ങനെ ഭയപ്പെടുത്തി പലരിൽനിന്നും പണം പിടുങ്ങിയിട്ടുണ്ട്.

'അവളുടെ ആഭരണങ്ങളോ?' അതുവരെ നിശ്ശബ്ദനായിരുന്ന തോമസ് ചോദിച്ചു.

"വെറും ഗിൽട്ടു പണിത്തരങ്ങൾ. ഇതുകൊണ്ടെല്ലാമാണു മിസ്റ്റർ! സ്ത്രീ ഉത്തരം കിട്ടാത്ത ചോദ്യചിഹ്നമാണെന്നു ഞാൻ 'സ്ത്രീ'യിലെ അഭിപ്രായത്തെ പിന്താങ്ങുന്നതു്. നാം സത്യമാണവൾ പറയുന്നതെന്നു വിശ്വസിച്ചാൽ യഥാർത്ഥത്തിലതു കള്ളമായിരിക്കും. മനസ്സിലായോ?" വേണു പറഞ്ഞു തീർന്നു.

'ഈ പറഞ്ഞതു ഒരു യഥാർത്ഥ്യം തന്നെയാണോ? ഞാൻ സംശയിച്ചു.

'ഉലക്ക! മനസ്സുണ്ടെങ്കിൽ വിശ്വസിക്കെടോ.'



Mr. P C. George

## UNIVERSITY PLAYERS



Front row :- M V Joseph Joseph Sam (Member of the State Olympic Basket-ball Team), and P. T. Thomas,

Back row : K. A Eapen, C Oommen (University Vallevball Captain), and George Jacob



